KPB Nidhi Ltd.
Approved by Govt. of India-ESTD 1989
KPB Mandir,Sangeetha Sabha Road,Aluva-683101. Phone:0484-2922000,2922060
CIN:U65991KL1989PLC005448 headoffice@kpbnidhi.com,www.kpbnidhi.com

**TRANSCRIPT OF THE 33RD ANNUAL GENERAL MEETING OF M/S KPB NIDHI LIMITED HELD AT 11.00 A.M ON WEDNESDAY, 28TH SEPTEMBER 2022 THROUGH VIDEO CONFERENCE**

**ചെയർമാൻ:**

അങ്ങനെ എല്ലാവരുടെയും സാന്നിധ്യത്തിൽ നമ്മുടെ മുപ്പത്തിമൂന്നാമതു വാർഷിക പൊതുയോഗം നമുക്ക് ആരംഭിക്കാം. ആദ്യമായിട്ട് ദീപ പ്രൊജ്വലനം. വിളക്ക് കത്തിച്ചു നമുക്ക് നമ്മുടെ കാര്യക്രമം ആരംഭിക്കാം.

എല്ലാവർക്കും സ്വാഗതം. ഔപചാരികമായി വിളക്ക് കൊളുത്തി മേനോൻ സാറും നമ്മുടെ മുൻ ഡയറക്ടർമാരും ചെയർമാനും എം.ഡി യും ഒക്കെ ആയി പ്രവർത്തിച്ചിട്ടുള്ള നമ്മുടെ മുതിർന്ന ജ്യേഷ്ഠ സഹോദരന്മാരു വിളക്കു കൊളുത്തി മുപ്പത്തിമൂന്നാമതു വാർഷിക പൊതു യോഗം സമംഗളം ആരംഭിച്ചിരിക്കുകയാണ്.

ഈശ്വര പ്രാർത്ഥനയോടു കൂടി നമ്മുടെ ചടങ്ങുകളിലേക്കു നമ്മൾ കടക്കുന്നു.

ഈശ്വര പ്രാർത്ഥന...

എല്ലാവരും സ്വസ്ഥാനത്തു ഇരുന്നാൽ മതി.

ഈ വാർഷിക പൊതു യോഗം നമുക്കെല്ലാവർക്കും അറിയാവുന്നതു പോലെ ഓൺലൈൻ സംവിധാനത്തിൽ കൂടിയാണ് നിർവഹിക്കപ്പെടുന്നത്. യോഗത്തിന്റെ സുഗമമായ നടത്തിപ്പിന്, പ്രത്യേകിച്ച് ഓൺലൈൻ ആയിട്ടുള്ള ഇത്തരം യോഗങ്ങളുടെ സംവിധാനങ്ങളെ കുറിച്ച് നമ്മുടെ ആളുകൾക്കൊക്കെ അറിയാം. പരിമിതമായ സമയത്തിനുള്ളിൽ നമുക്കീ കാര്യങ്ങളൊക്കെ ഭംഗിയായി, നമ്മൾ എടുക്കേണ്ട തീരുമാനങ്ങളും എല്ലാം ഭംഗിയായി അവസാനിപ്പിക്കുന്നതിന് വേണ്ടി എല്ലാവരും നിർദ്ദേശങ്ങളൊക്കെ കൃത്യമായി പാലിക്കണമെന്ന് തുടക്കത്തിലേ അഭ്യർത്ഥിക്കുകയാണ്.

ഈ വാർഷിക പൊതു യോഗം മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സിന്റെ നിയമങ്ങൾ പാലിച്ചു കൊണ്ട് വീഡിയോ കോൺഫെറെൻസിങ് വഴിയാണ് നടത്തപ്പെടുന്നത്. നിർദിഷ്ട ക്വാറം തികഞ്ഞിട്ടുള്ളതിനാൽ യോഗം ആരംഭിക്കുന്നു. Ballot paper എല്ലാവർക്കും കിട്ടിയിട്ടുണ്ടെന്ന വിശ്വാസത്തിൽ ഇ-വോട്ടിംഗ് ഇപ്പോൾ ആരംഭിക്കുകയാണ്.

നമ്മുടെ യോഗ നടപടികളിലേക്ക് ഔപചാരികമായി നമ്മൾ കടക്കുകയാണ്. ഔപചാരികമായ കാര്യക്രമങ്ങളിലേക്കു കടക്കുന്നതിനു മുമ്പ് കഴിഞ്ഞ ഒരു വർഷ കാലഘട്ടത്തിനുള്ളിൽ വളരെ പ്രമുഖരായിട്ടുള്ള പല ആളുകളും നമ്മെ വിട്ടു പിരിഞ്ഞിട്ടുണ്ട്. ജീവിതത്തിന്റെ പല മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ള ആ ആളുകളെ മുഴുവൻ സ്മരിക്കേണ്ടത്, ഈ സന്ദർഭത്തിൽ നമ്മുടെ എല്ലാവരുടെയും

കർത്തവ്യമാണെന്നു നാം വിശ്വസിക്കുന്നു. വളരെ നിർഭാഗ്യകരമായിട്ടുള്ള സാഹചര്യത്തിലാണ് ഭാരതത്തിൻറെ ചീഫ് ഓഫ് ഡിഫെൻസ് സ്റ്റാഫ് ആയിരുന്ന ശ്രീ ബിപിൻ റാവത് ജി, പദ്മ വിഭൂഷൺ, Higly Decorated ആർമി ഓഫീസർ, P.V.S.M, V.S.M, അങ്ങനെ ആർമിയിൽ എന്തൊക്കെ Decoration ഉണ്ടോ, അതൊക്കെ അദ്ദേഹത്തിന് കിട്ടിയിട്ടുള്ളതാണ്. വളരെ ധീരനായ നമ്മളുടെ ചീഫ് ഓഫ് ഡിഫെൻസ് സ്റ്റാഫ് കഴിഞ്ഞ വർഷം ഡിസംബറിൽ നമ്മളെ വിട്ടു പിരിഞ്ഞു. സകുടുംബം, ഔദ്യോഗിക കർമത്തിന് വേണ്ടീട്ട് കോയമ്പത്തൂരിലേക്ക് വരുന്ന വഴിയാണ്, പ്ലെയിൻ ദുർഘടനയിൽ, ഹെലികോപ്റ്റർ ദുർഘടനയിൽ, ആണ് അദ്ദേഹം നമ്മളെ എല്ലാം ദുഃഖത്തിലാഴ്ത്തി വിട്ടു പിരിഞ്ഞത്. അദ്ദേഹവും അദ്ദേഹത്തിന്റെ സഹധർമ്മിണിയും അതിൽ മരിച്ചു. അവരെ നാം ഈ സമയത്തു സ്മരിക്കുന്നു. ഭാരതത്തിൻറെ വാനമ്പാടി എന്ന രീതിയിൽ ലോക പ്രശസ്തയായ, ഏതാണ്ട് പത്തു വയസ്സ് മുതൽ സിനിമ പിന്നണി ഗാന രംഗത്ത് പ്രവർത്തിക്കുകയും, ഏതാണ്ട് എഴുപതു വർഷത്തിലേറെ കാലം സിനിമ പിന്നണി ഗാന രംഗത്ത്, തന്റേതായ ശബ്ദം കൊണ്ട് മുഴുവൻ ലോകത്തെയും സ്തബ്ധയാക്കിയിട്ടുള്ള അതുല്യ ഗാന പ്രതിഭ, എന്തൊക്കെ വാക്കാണ് പറയേണ്ടതെന്ന് നമുക്ക് സംശയം തോന്നും അവരെ കുറിച്ച്, ശ്രീമതി ലത മങ്കേഷ്കർ ജി ഇന്നിപ്പോ നമ്മുടെ കൂടെ ഇല്ല. ഭാരതത്തിൻറെ വ്യവസായ ഭൂപടത്തിൽ തന്റേതായ സ്ഥാനം നേടിയിട്ടുള്ള ശ്രീ രാഹുൽ ബജാജ്, ബജാജ് ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ ചെയർമാൻ ആയിരുന്നു, അദ്ദേഹവും ഇന്ന് നമ്മുടെ കൂടെ ഇല്ല. കഴിഞ്ഞ വർഷം, സാഹിത്യ രംഗത്തെ പ്രമുഖന്മാരായിരുന്ന, ഏതാണ്ട് ഒരു വർഷത്തിനുള്ളിൽ, പലരും നമ്മെ വിട്ടു പിരിഞ്ഞത്, എങ്കിൽ, ഈ വർഷം നോക്കുമ്പോൾ, സിനിമ രംഗത്തെ പ്രമുഖരായിട്ടുള്ള പല ആളുകളും ആണ് നമ്മളെ വിട്ടു പിരിഞ്ഞിട്ടുള്ളത്, ലത മങ്കേഷ്കർജിയുടെ പേര് ഞാൻ പറഞ്ഞു, അത് പോലെ തന്നെ നമുക്കേറെ സുപരിചിതമായിട്ടുള്ള മറ്റൊരു പേരാണ് ബപ്പി ലാഹിരി. സിനിമ കമ്പോസർ, മ്യൂസിക് ഡയറക്ടർ എന്നൊക്കെ രീതിയിൽ അദ്ദേഹം വളരെ പ്രശസ്തനായിട്ടുള്ള ആളാണ്. അദ്ദേഹവും നമ്മളെ ഇന്ന് വിട്ടു പിരിഞ്ഞിരിക്കുന്നു. ബോളിവുഡ് കമ്പോസർ ആയിരുന്നു അദ്ദേഹം. തങ്ങളുടെ അതുല്യമായ അഭിനയ പാടവം കൊണ്ട് മലയാളികളെ മുഴുവൻ കോരിത്തരിപ്പിച്ചിട്ടുള്ള രണ്ടു വ്യക്തിത്വങ്ങളാണ്, ഒന്ന് കെ.പി.എ.സി.ലളിതയും, രണ്ടു ശ്രീ നെടുമുടി വേണുവും. ഈ രണ്ടു പേരും ചെറിയ കാലയളവിന്റിടയിൽ നമ്മെ വിട്ടു പിരിഞ്ഞു. നമ്മൾ ഓരോരുത്തരുടെയും ഹൃദയത്തിൽ അവർ ചിത്രീകരിച്ചിട്ടുള്ള ഓരോ കഥാപാത്രവും ഇന്നും നിറഞ്ഞു നിൽക്കുന്നു. അങ്ങനെയുള്ള അവർ കഴിഞ്ഞ വർഷം നമ്മെ വിട്ടു പിരിഞ്ഞു. കേരളത്തിന്റെ മന്ത്രിയും പിന്നീട് ഗവർണർ ആയും രാഷ്ട്രീയ രംഗത്ത് കേരളത്തിൽ വളരെ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചിട്ടുള്ള ശ്രീ കെ.ശങ്കരനാരായണൻ, നമ്മുടെ കാക്കനാട് എം.ൽ.എ ആയിരുന്ന ശ്രീ പി.ടി.തോമസ്, കഴിഞ്ഞ ദിവസം നമ്മെ വിട്ടു പിരിഞ്ഞ കേരളത്തിന്റെ മുൻ മന്ത്രി ശ്രീ ആര്യാടൻ മുഹമ്മദ്, ഇത് പോലെ ദേശീയ രംഗത്തുള്ള, വിശ്വതലത്തിൽ തന്നെ അതിപ്രശസ്തരായിട്ടുള്ള ബ്രിട്ടീഷ് റാണി, എലിസബത്ത് രണ്ടാമൻ, അത് പോലെ വളരെ നിർഭാഗ്യകരമായ സ്ഥിതിയിൽ ഭാരതത്തിന്റെ അടുത്ത സുഹൃത്തായിരുന്ന, ഭാരതത്തിന്റെ വികസനത്തിനും തന്റേതായ പങ്കു വഹിച്ചു കൊണ്ടിരുന്ന ജപ്പാന്റെ പ്രധാന മന്ത്രി ഷിൻസോ ആബെ, ഇവരൊക്കെ ഈ ചെറിയ കാലഘട്ടത്തിൽ നമ്മെ പിരിഞ്ഞു. വ്യവസായ രംഗത്ത് വളരെ പ്രശസ്തനായിരുന്ന ടാറ്റായുടെ മുൻ ചെയർമാൻ ശ്രീ സൈറസ് മിസ്ട്രി, അദ്ദേഹവും നമ്മെ വിട്ടു പിരിഞ്ഞു. കെ.പി.ബി.യെ സംബന്ധിച്ചിടത്തോളം, നമുക്ക് നമ്മുടെ മുൻ ജനറൽ മാനേജർ, നമ്മുടെ മേനോൻ സാറിന്റെ സഹോദരൻ, കെ.പി.ബി.യുടെ വളരെ വിഷമിച്ച ഒരു കാലഘട്ടത്തിൽ, അതിന്റെ സാരഥ്യം ഏറ്റെടുത്തു മുന്നോട്ട് കൊണ്ട് വന്ന, അതിനു വേണ്ടി നല്ല മാതൃകാപരമായി പ്രവർത്തിച്ച ശ്രീ പറയത്തു രാജൻ മേനോൻ, ഇവരൊക്കെ കഴിഞ്ഞ ഒരു കാലഘട്ടത്തിനുള്ളിൽ നമ്മെ വിട്ടു പിരിഞ്ഞു. ഒരു പക്ഷെ ഇന്ന് പേര് പറയാത്തവരും പേര് പരാമർശിക്കേണ്ടവരും ആയിട്ടുള്ള വേറെ ആളുകളും ഉണ്ടാവും. നമ്മളുടെ ശ്രദ്ധയിൽ പെടാതെ നമ്മുടെ ചില ഷെയർ ഹോൾഡർമാരും നമ്മെ വിട്ടു

പിരിഞ്ഞിട്ടുണ്ടാവും. കൊറോണ പോലത്തെ മഹാ മാരിയിലും ഒക്കെ നമ്മെ വിട്ടു പിരിഞ്ഞ കുറെ ആൾക്കാരുണ്ട് ഇതിന്റെ ഇടയിൽ. അങ്ങനെയുള്ള എല്ലാ ആൾക്കാരെയും ഈ അവസരത്തിൽ സ്മരിക്കുകയും അവരുടെ ആത്മാവിന്റെ മോക്ഷ ഗതിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഒരു നിമിഷം എല്ലാവരും മൗനമായി അവർക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ട് അവരുടെ സ്മരണകൾക്ക് മുന്നിൽ അഞ്ജലികൾ അർപ്പിച്ചു കൊണ്ട് നമുക്ക് നമ്മുടെ തുടർ നടപടികളിലേക്ക് കടക്കാം. ഇ-വോട്ടിംഗ് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അത് കൊണ്ട് നമ്മളുടെ ഷെയർ ഹോൾഡേഴ്സ് ആയിട്ടുള്ള എല്ലാ ആൾക്കാർക്കും, അവരുടെ വോട്ടിംഗ് അധികാരം അവർക്കു ഉപയോഗിക്കാവുന്നതാണ്. എത്രയും വേഗം ഉപയോഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

യോഗത്തിനു ഔപചാരികമായ സ്വാഗതം ആശംസിക്കുന്നതിനായി നമ്മുടെ മാനേജിങ് ഡയറക്ടർ, ശ്രീ മുരളി സാറിനെ ക്ഷണിക്കുന്നു.

**മാനേജിങ് ഡയറക്ടർ:**

എല്ലാവർക്കും നമസ്കാരം.

പ്രിയ ഓഹരി ഉടമകളെ, കെ.പി.ബി.അംഗങ്ങളെ..

മുപ്പത്തി മൂന്നാമത് വാർഷിക പൊതു യോഗത്തിലേക്ക് എല്ലാവർക്കും പ്രത്യേകം സ്വാഗതം ആശംസിക്കുന്നു. കഴിഞ്ഞ വർഷം, കഴിഞ്ഞ സാമ്പത്തിക വർഷം, കെ.പി.ബി.നിധിയെ സംബന്ധിച്ചിടത്തോളം വളരെയധികം നേട്ടങ്ങളുടെ വർഷമാണ്. എന്താണ് നേട്ടങ്ങൾ, അതിന്റെ വിശദാംശങ്ങൾ പറയാൻ ഞാൻ ഇപ്പോൾ ശ്രമിക്കുന്നില്ല. പക്ഷെ ഈ നേട്ടങ്ങളുടെ എല്ലാം കാരണം ഭഗവദ് അനുഗ്രഹവും മേനോൻ സാറിന്റെ, നമ്മുടെ പ്രിയപ്പെട്ട മേനോൻ സാറിന്റെ പിന്തുണയും മാർഗ നിർദേശവും നമ്മുടെ ചെയർമാൻ ആൻഡ് ബോർഡ് ഓഫ് ഡയറക്ടർസിന്റെ expert അഡ്വൈസും നിങ്ങൾ ഓരോരുത്തരുടെ, എല്ലാ ഷെയർ ഹോൾഡേഴ്സിന്റെയും മികച്ച പിന്തുണയും നമ്മുടെ എല്ലാ സ്റ്റാഫ് അംഗങ്ങളുടെയും, ഏതാണ്ട് നാനൂറോളം വരുന്ന എല്ലാ സ്റ്റാഫ് അംഗങ്ങളുടെയും അകമഴിഞ്ഞ പ്രവർത്തനവും മികവുറ്റ പ്രവർത്തനവും ഇതാണ് നമ്മുടെ ഈ വിജയത്തിന് കാരണം. ഈ വിജയത്തിൽ പങ്കു ചേർന്ന എല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തി കൊണ്ട് ഞാൻ എന്റെ കർത്തവ്യത്തിലേക്ക് കടക്കട്ടെ. ആദ്യമായി, മേനോൻ സാർ വിളക്ക് കൊളുത്തി, എങ്കിലും, അദ്ദേഹത്തിന്റെ ആരോഗ്യ സ്ഥിതി കണക്കിലെടുത്തു അദ്ദേഹം വീട്ടിലേക്ക് പോയി. എങ്കിലും അദ്ദേഹത്തിനാണ് നാം ആദ്യമായി സ്വാഗതം പറയുന്നത്.

കെ.പി.ബി.നിധിയുടെ മുപ്പത്തി മൂന്ന് വർഷത്തെ പൂർണ സംരക്ഷണം, പൂർണ ഉത്തരവാദിത്വം, and what not, ഇന്നും മാർഗ ദർശിയായി ഓരോ സ്റ്റെപ്പിലും, നമ്മളെ ഉപദേശിച്ചു കൊണ്ടിരിക്കുന്ന മേനോൻ സാറിനെ ഈ വേദിയിലേക്ക്, അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ആബ്സെൻസിൽ, സ്വാഗതം ചെയ്തു കൊള്ളുകയാണ്.

അടുത്തതായി സ്വാഗതം ചെയ്യുന്നത് നമ്മുടെ മോഹൻജി യെ ആണ്. നമ്മുടെ ചെയർമാൻ, A.R.മോഹൻജി. മോഹൻജിയെ സംബന്ധിച്ചിടത്തോളം, ചെയർമാൻ എന്നതിലുപരി, മാനേജ്മെന്റ് ആവശ്യപ്പെടുന്ന ഏതു കാര്യത്തിനും, മുന്നിൽ നിന്ന് നയിക്കാൻ, കെ.പി.ബി.നിധിയുടെ, ഏതൊരു ഇഷ്യൂസിലും, മാനേജ്മെന്റ് ആവശ്യപ്പെട്ടാൽ, അത് ഞാൻ അടിവര ഇട്ടു പറയുന്നു, മാനേജ്മെന്റ് ആവശ്യപ്പെട്ടാൽ, മുന്നിൽ നിന്ന് നയിക്കാൻ, നമ്മൾ, എന്നും നമ്മോടൊപ്പമുള്ള മോഹൻജിക്കു ,കൂടുതൽ വിശേഷണങ്ങളുടെ ആവശ്യം ഇല്ല, എല്ലാവരും അദ്ദേഹത്തിന്റെ മീറ്റിംഗുകളും എല്ലാ

കാര്യങ്ങളും കേട്ടിട്ടുള്ളതാണ്, അത് കൊണ്ട്, അദ്ദേഹത്തിനെ ഔപചാരികതയുടെ പേരിൽ മാത്രം നമ്മുടെ ഈ മീറ്റിംഗിലേക്ക് സ്വാഗതം ചെയ്യുന്നു.

അടുത്തതായിട്ട് ജയപ്രകാശ് വലിയത്താൻ സാർ ആണ്. കമ്പനിയുടെ സീനിയർ ഡയറക്ടർ എന്ന പദവി അദ്ദേഹത്തിന് കൊടുക്കാം. ഒൻപതു വർഷമായി കമ്പനിയുടെ കൂടെ ഉണ്ട്. കമ്പനിയുടെ ഉയർച്ചയിലും താഴ്ചയിലും എല്ലാ സമയത്തും കമ്പനിയുടെ കൂടെ നിന്ന്, expert advice തരുന്ന അദ്ദേഹത്തിന് ഹൃദയത്തിന്റെ ഭാഷയിൽ സ്വാഗതം അർപ്പിക്കുകയാണ്. ജയപ്രകാശ് വലിയത്താൻ സാർ, അദ്ദേഹത്തിന്റെ സേവനം, ഇൻഡിപെൻഡന്റ് ഡയറക്ടർ ആയി നമ്മുടെ ഓഡിറ്റ് കമ്മിറ്റിയിൽ വളരെ നാളുകൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സേവനം സ്തുത്യർഹമാണ്. അദ്ദേഹത്തിന്റെ സേവനം വളരെ creative ആയിരുന്നു. ആ ഇൻഡിപെൻഡന്റ് ഡയറക്ടർ സ്ഥാനം ഈ ജനറൽ ബോഡി മീറ്റിംഗോട് കൂടി തീരുകയാണ് അതിനുള്ള ഒരു പ്രത്യേകം നന്ദി കൂടി അദ്ദേഹത്തിന് അർപ്പിച്ചു കൊണ്ട് അദ്ദേഹത്തിനെ സ്വാഗതം ചെയ്യുന്നു.

അടുത്തതായി വിശ്വരൂപൻ സാർ ആണ്. വിശ്വരൂപൻ സാറിനെ കമ്പനി തുടങ്ങിയ കാലം തൊട്ടേ എല്ലാർക്കും അറിയുന്നുണ്ടാവും. പ്രത്യേകം ഇൻട്രൊഡക്ഷന്റെ ആവശ്യം ഇല്ല. എങ്കിലും കമ്പനിയുടെ ലാഭനഷ്ടം, ചെലവ്, ഈ കാര്യങ്ങളിലെല്ലാം ബോർഡിൻറെ ശബ്ദമാണ്. അദ്ദേഹത്തിന്റെ വിദേശ എക്സ്പോഷറും നാട്ടിലുള്ള ബിസിനസ് എക്സ്പോഷറും തീർച്ചയായും നമ്മുടെ കമ്പനിക്ക് വളരെയധികം ഗുണം ചെയ്തിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനങ്ങളില്, മാനേജ്മന്റ് ടീമിന് അദ്ദേഹത്തിന്റെ advices വളരെയധികം ഗുണം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിനും ഈ അവസരത്തിൽ പ്രത്യേകം സ്വാഗതം, കമ്പനിയുടെ പേരിൽ അർപ്പിച്ചു കൊള്ളുന്നു. വിശ്വരൂപൻ സാർ, സ്വാഗതം.

അടുത്തതായി നമ്മുടെ രാജേഷ് സാർ ആണ്. രാജേഷ് സാർ, സീനിയറായിട്ടുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് ആയി പ്രാക്ടീസ് ചെയ്യുന്നു. പല കോർപ്പറേറ്റ് അക്കൗണ്ട്സ്, പല ബാങ്ക് അക്കൗണ്ട്സ്, പല എൻ.ബി.ഫ്.സി. അക്കൗണ്ട്സ്, പല നിധി കമ്പനി അക്കൗണ്ട്സ് എല്ലാം ഓഡിറ്റ് ചെയ്തു വളരെ വർഷത്തെ സേവനം, കെ.പി.ബി.നിധിക്കു വളരെ ഫ്രീ ആയിട്ട് ലഭ്യമാണ്. നമ്മുടെ ഏതൊരു ഇഷ്യൂ വരുവാണെങ്കിലും, എപ്പോൾ വേണമെങ്കിലും അദ്ദേഹത്തെ contact ചെയ്യാം. കൃത്യമായിട്ടുള്ള ഉപദേശം കിട്ടാറുണ്ട്. രാജേഷ് സാറിന് പ്രത്യേകം സ്വാഗതം ആശംസിക്കുന്നു. നന്ദി.

അടുത്തതായി മോഹനചന്ദ്രൻ സാർ ആണ്. മോഹനചന്ദ്രൻ സാർ, ഒരു സീനിയർ ബാങ്കർ ആണ്. ഒരു സാമൂഹിക പ്രവർത്തകനാണ്. നമ്മുടെ കമ്പനിയുടെ സതേൺ ബ്രാഞ്ചെസിൽ എന്ത് ഇഷ്യു ഉണ്ടെങ്കിലും നമ്മളാദ്യം ഇഷ്യൂ തീർക്കാൻ വിളിക്കുന്നത് മോഹനചന്ദ്രൻ സാറിനെയാണ്. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ സേവനം, ആത്മാർത്ഥമായ സേവനം എന്ന് തന്നെ പറയട്ടെ, പലപ്പോഴും മാനേജ്മെന്റിന്, പ്രവർത്തങ്ങളിൽ എന്തെങ്കിലും ഇഷ്യു വരുന്ന സമയത്തു, വളരെയധികം, ഉപകാരപ്രദമായിട്ടുണ്ട്. ഈ അവസരത്തിൽ ഞങ്ങളത് പ്രത്യേകം സ്മരിക്കുന്നു. അദ്ദേഹത്തിന്, പ്രത്യേകം സ്വാഗതം ആശംസിക്കുന്നു.

പിന്നെ ഹരീഷ് സാർ. ഹരീഷ് സാർ, സീനിയർ അഡ്വക്കേറ്റ് ആണ്. കണ്ണൂരിൽ ബലറാംസാറിന്റെ കൂടെ പ്രാക്ടീസ് ചെയ്യുന്നു. ഹൈകോടതിയിലും മറ്റു കോടതികളിലും ഉള്ള അദ്ദേഹത്തിന്റെ പരിജ്ഞാനം, നിയമ പരിജ്ഞാനം ഇതെല്ലാം നമ്മുടെ കമ്പനിക്ക് ഫ്രീ ആയിട്ടാണ് കിട്ടുന്നത്. എല്ലാ ബോർഡ് മീറ്റിംഗിലും അദ്ദേഹം വരാറുണ്ട്. അദ്ദേഹത്തിൽ നിന്ന് നമ്മൾ എന്തെങ്കിലും ഒരു അഡ്വൈസ് എടുക്കാറുണ്ട്. കമ്പനിക്ക് വളരെയധികം സേവനങ്ങളും ഉപദേശങ്ങളും അദ്ദേഹത്തിൽ നിന്ന്, legal ഫീൽഡിൽ, നമുക്ക് ലഭിക്കാറുണ്ട്. അദ്ദേഹത്തെ ആത്മാർത്ഥമായി സ്വാഗതം ചെയ്തു കൊള്ളുന്നു.

.

ഇനിയുള്ളത് നമ്മുടെ പുതിയ ഡയറക്ടർസ് ആണ്. നമ്മുടെ ഡയറക്ടർ ബോർഡില്, ഏറ്റവും അധികം സന്തോഷിക്കാൻ ഉള്ള ഒരു വക നൽകുന്നത്, എല്ലാവരും, ninety percent ആൾക്കാരും, പ്രൊഫെഷണൽസ് ആണ്. അതും സീനിയർ ലെവൽ പ്രൊഫെഷണൽസ്.

നമ്മുടെ പുതിയ, മോഹൻദാസ് സാർ, മോഹൻദാസ് സാറിനെ കുറിച്ച് പറയാനാണെങ്കിൽ, 40 പ്ലസ് ഇയേഴ്‌സ് ചാർട്ടേർഡ് അക്കൗണ്ടന്റ് ആയിട്ട് സേവനം അനുഷ്ഠിക്കുന്ന മോഹൻദാസ് സാർ, നമ്മുടെ ബോർഡിൽ വന്നത് തന്നെ, magnanimous, അദ്ദേഹത്തിന്റെ കൃപ, അദ്ദേഹത്തിന്റെ ഒരു സേവനം, എന്ന് മാത്രേ ഞങ്ങൾക്ക് പറയാനുള്ളു. കാരണം, പലപ്പോഴും, പ്രാക്റ്റീസും നിയമവും, ഇത് രണ്ടും എങ്ങനെ കൊണ്ട് നടക്കണം, നിയമവും പ്രാക്റ്റീസും, പ്രാക്ടിക്കൽ ആയിട്ടും നിയമപരമായിട്ടും, ഇത് രണ്ടും എങ്ങനെ സമന്വയിപ്പിച്ചു കൊണ്ട് നടക്കണം, കമ്പനി എങ്ങനെ മുന്നോട്ടു കൊണ്ട് പോകണം, ഇക്കാര്യങ്ങളിൽ ഇത്രയും, ഫോർട്ടി പ്ലസ് years എക്സ്പീരിയൻസ് ഉള്ള ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ സേവനം, നിങ്ങൾക്ക് ആലോചിച്ചാൽ അറിയാം, നമുക്ക് ഫ്രീ ആയിട്ട് ലഭിക്കുകയാണ്. അദ്ദേഹത്തെ ഡയറക്ടർ ബോർഡിലേക്കും ഈ മീറ്റിംഗിലേക്കും, വളരെയധികം സ്നേഹത്തോടെ, ആദരവോടെ, സ്വാഗതം ചെയ്തു കൊള്ളുന്നു.

അടുത്തത് പുതിയ ഡയറക്ടർ സ്വാമിനാഥൻ സാർ ആണ്. അദ്ദേഹത്തിന്റെ വിദേശത്തെയും സ്വദേശത്തെയും എക്സ്പീരിയൻസ്, തീർച്ചയായും നമ്മുടെ കമ്പനിക്ക് ഒരു മുതൽ കൂട്ടാകുമെന്നു തന്നെ ആണ് നമ്മുടെ എല്ലാവരുടെയും വിശ്വാസം, അദ്ദേഹത്തെയും സർവാത്മനാ, സ്നേഹത്തോടെ സ്വാഗതം ചെയ്തു കൊള്ളുന്നു.

നമ്മുടെ കമ്പനിയുടെ ചരിത്രത്തിൽ ആദ്യമായി, എനിക്കുറപ്പില്ല, ഒരു woman ഡയറക്ടർ, that too a Professional, നമ്മുടെ രാജിമോൾ. രാജിമോളെ പറ്റി പറഞ്ഞാൽ ചാർട്ടേർഡ് അക്കൗണ്ടന്റ് ആയി പ്രാക്ടീസ് ചെയ്യുന്നു. Experienced Chartered Accountant ആണ്. സോഷ്യൽ ആയിട്ടും വളരെയധികം പ്രവർത്തനങ്ങളിൽ ഇൻവോൾവ്ഡ് ആണ്. Woman ഡയറക്ടർ ആയി നമ്മുടെ ഇവിടെ വരാമെന്നു, ചെയർമാൻ സാർ സംസാരിച്ചതിനനുസരിച്ചു സമ്മതിക്കുകയും, അങ്ങനെ നമ്മുടെ ബോർഡിൽ ആദ്യമായി ഒരു woman ഡയറക്ടർ, that too a Professional, വന്നതിൽ വളരെയധികം സന്തോഷം ഉണ്ട്. അവരുടെ സേവനവും നമ്മുടെ ഓഡിറ്റ് കമ്മിറ്റി മീറ്റിംഗിൽ വളരെയധികം ഉപകാരപ്രദമാവുമെന്നു തന്നെയാണ് എന്റെ വിശ്വാസം. രാജി മോൾക്ക് പ്രത്യേകം സ്വാഗതം.

ഇനി സ്വാഗതം ചെയ്യാനുള്ളത് നമ്മുടെ അഡ്വൈസറി ബോർഡ് അംഗങ്ങൾ ആണ്. ശർമ്മ സാറിനെ പ്രത്യേകം പറയേണ്ട ആവശ്യം ഇല്ല. ഈ കമ്പനിയുടെ ബാലാരിഷ്ടത മുതൽ യൗവ്വനയുക്തമാക്കുന്ന ആ സ്റ്റേജിൽ വരെ എത്തിച്ച ശർമ്മ സാർ ഉണ്ട് ഇവിടെ. ശർമ്മ സാറിനെ ആരെയും പ്രത്യേകം പരിചയപ്പെടുത്തേണ്ട ആവശ്യം ഇല്ല. കമ്പനിയുടെ മീറ്റിംഗ് മുപ്പതോ മുപ്പത്തി മൂന്നോ കൊല്ലം ഉണ്ടെങ്കിൽ രണ്ടായിരത്തി ആറു മുതൽ ആണെന്ന് തോന്നുന്നു, അദ്ദേഹം ഉണ്ട്. അത് കൊണ്ട് കഴിഞ്ഞ പതിനാറു കൊല്ലം ആയിട്ടു അദ്ദേഹത്തെ അറിയുന്ന ഒരാള്, എല്ലാവർക്കുമറിയുന്നതാണ്, ഞാൻ പ്രത്യേകം പരിചയപ്പെടുത്തേണ്ട ആവശ്യം ഇല്ല. പക്ഷെ അദ്ദേഹത്തിന്റെ സേവനം, അത് തീർച്ചയായിട്ടും, ഇന്ന് ഈ കമ്പനി, അദ്ദേഹം വരുന്ന സമയത്തു, ഏതാണ്ട്, രണ്ടോ മൂന്നോ കോടി ക്യാപിറ്റൽ ഉണ്ടോന്നു അറിയില്ല, അത് ഇപ്പോൾ നാൽപതു കോടിയിൽ എത്തി നിൽക്കുകയാണ്. അപ്പൊ ആ ഒരു ഗ്രോത്തിൽ, അദ്ദേഹം രണ്ടു കോടി ഉള്ള ഒരു കമ്പനി, അല്ലെങ്കിൽ ഒരു കോടിയോ ഒന്നര കോടിയോ, അത്ര ചെറിയ ക്യാപിറ്റൽ ഉള്ള സമയത്താണ് അദ്ദേഹം നമ്മുടെ കമ്പനിയിൽ വന്നതും, ധാരാളം ബ്രാഞ്ചെസ്, ബ്രാഞ്ച് expansion എന്ന പോയിന്റ് തന്നെ തുടങ്ങി വച്ചതു ശർമ്മ സാർ ആണ്. ശർമ്മ സാറിനെ പ്രത്യേകം നമ്മുടെ കമ്പനിയുടെ പേരിലും, നമ്മളുടെ എല്ലാവരുടെയും പേരിലും സ്വാഗതം ആശംസിക്കുന്നു.

അടുത്തതായി ജഗദീശൻ സാർ ആണ്, നമ്മുടെ അഡ്വൈസറി ബോർഡിലുണ്ട്. സാറിനെ കുറിച്ച് എല്ലാവർക്കുമറിയാം. ഫെഡറൽ ബാങ്കിന്റെ ചീഫ് ജനറൽ മാനേജർ

ആയിരുന്നു. ഒരു ത്രില്ലിയൺ ബിസിനസ്, ഒന്നോ രണ്ടോ ത്രില്ലിയൺ ബിസിനസ് ഉള്ള ബാങ്കിന്റെ സി.ജി.എം ആയിട്ടുള്ള exposure നമ്മുടെ ഈ ചെറിയ കമ്പനിക്ക് കിട്ടുന്നത്, നിങ്ങൾ ആലോചിച്ചാൽ അറിയാം, കമ്പനിക്ക് എത്ര മാത്രം ഗുണം ചെയ്യുമെന്ന്. സാർ വരുന്ന സമയത്തു നമ്മുടെ ക്യാപിറ്റൽ ഏതാണ്ട് ആറോ ഏഴോ കോടി ഉണ്ടായിരുന്നു. 200 കോടിയിൽ താഴെ ബിസിനസ്, സെൻട്രലൈസ്ഡ് സൊല്യൂഷൻസ് ഒന്നും ഉണ്ടായിരുന്നില്ല. അന്ന് സാർ എം.ഡി ആയിട്ടിരിക്കുന്നു. ആ പീരിയഡിൽ ആണ് ഗ്രോത്ത് നടന്നതും നമ്മൾ സെൻട്രലൈസ്ഡ് സൊല്യൂഷൻസ് നമ്മുടെ കമ്പനിയിൽ ഇമ്പ്ലിമെൻറ് ചെയ്തതും. അതിനു ശേഷം, ഇന്നേ വരെ, സാധാരണ എം.ഡി.സ്ഥാനം കഴിഞ്ഞാൽ ആരും അത്ര ഇൻവോൾവ് ചെയ്യു, ഓരോ കാര്യങ്ങൾക്കും sincere ആയി ഇൻവോൾവ് ചെയ്യു ഓരോ പ്രശ്നത്തിലും അവരുടെ അഡ്വൈസ് തരില്ല, ഇത് invitee ആയിട്ട് നമ്മുടെ ബോർഡിന്റെ അഡ്വൈസറി ബോർഡിൽ വരുന്നത് കൊണ്ട്, ഓരോ ചില്ലറ കാര്യത്തിലും ഇന്നലെ വരെ കഴിഞ്ഞ കാര്യങ്ങൾക്കു ഇന്നത്തെ ബോർഡ് മീറ്റിംഗിലാണെങ്കിൽ ഇന്നത്തെ കാര്യം വളരെ കൃത്യമായ ഉപദേശങ്ങൾ വളരെ effective ആയിട്ടുള്ള ഉപദേശങ്ങൾ, കമ്പനിക്ക് ഗുണകരമായ ഉപദേശങ്ങൾ, അദ്ദേഹത്തിന്റെ ബാങ്കിങ് എക്സ്പീരിയൻസ്, ടെക്നോളജി ആയാലും , എൻ.ബി.എഫ്.സി.യിലൊക്കെ അദ്ദേഹം ഡയറക്ടർ ആണ്. ഈ എക്സ്പീരിയൻസ് എല്ലാം ഷെയർ ചെയ്തു നമ്മുടെ ഗ്രോത്തിൽ, നമ്മൾ തീർച്ചയായിട്ടും സേവനം എന്ന് പറഞ്ഞാൽ ഒരു ഫീസ് പോലും വാങ്ങാത്ത ആൾ ആണ്, ഒരു സിറ്റിംഗ് ഫീസ് പോലും, കയ്യീന്ന് കാശെടുത്തിട്ടാണ് മീറ്റിംഗിൽ വരുന്നത്. അദ്ദേഹത്തെ പ്രത്യേകം പ്രത്യേകം നമ്മുടെ കമ്പനിയുടെ പേരിലും ഡയറക്ടർ ബോർഡ് അംഗങ്ങളുടെ പേരിലും എന്റെ പേരിലും വളരെയധികം, കൃതജ്ഞതയോടെ സ്വാഗതം ചെയ്യുന്നു.

ഇനി സ്വാഗതം ചെയ്യാനുള്ളത് കമ്പനിയുടെ പഴയ ഡയറക്ടർസ്, പഴയ ചെയർമാൻ രാജേന്ദ്രൻ സാർ, പത്മനാഭൻ സാർ, സി.കെ.നായർ സാർ, സി.ഡി.നായർ സാർ, എന്നിവരെയാണ്. ഇവരെല്ലാരുമാണ് ഈ കമ്പനിയുടെ കല്ല് വച്ചത്. ഓരോ സ്റ്റെപ്പും, ഓരോ കല്ലും വച്ചത്. അത് കൊണ്ടാണ്, സാർ, ചെയർമാന് സാർ പ്രത്യേകം പറഞ്ഞു അവരെയെല്ലാം നമുക്കിന്നു ആദരിക്കണം, എല്ലാവരെയും വിളിച്ചു പറയണം. ഇനിയും പേര് പറയാത്ത പലരും ഓൺലൈൻ ആയിട്ട് ഇരിക്കുന്നുണ്ട്. എല്ലാവരെയും കഴിഞ്ഞ ദിവസം ഞാൻ വിളിച്ചിരുന്നു. പക്ഷെ പലർക്കും ആരോഗ്യകരമായ കാരണങ്ങൾ കൊണ്ടോ, പല കാരണങ്ങൾ കൊണ്ടോ അവർ പറഞ്ഞു, ഞങ്ങൾ ഓൺലൈൻ ആയിട്ട് അറ്റൻഡ് ചെയ്യാം എന്ന് പറഞ്ഞു. അത് കൊണ്ട് കൂടുതൽ പേരുകൾ എനിക്കോർമ്മയില്ല. എല്ലാവരെയും ഞാൻ വിളിച്ചിരുന്നു. പക്ഷെ അവരെയെല്ലാം ഈ അവസരത്തിൽ സ്മരിക്കുകയാണ്. കാരണം, ഇന്നിത്രയും വലിയ ഒരു കമ്പനിയായി മാറുന്നത്, നമ്മൾ നാൽപതു കോടി ക്യാപിറ്റലും ആയിരത്തി ഇരുനൂറു കോടി ബാലൻസ് ഷീറ്റ് സൈസും ഉള്ള ഒരു കമ്പനി ആയി മാറുന്നതില്, ഇവരുടെ ഓരോരുത്തരുടെയും ഓരോ റുപ്പിക, നമ്മൾ ഇന്ന് നോക്കുമ്പോൾ വിചാരിക്കും അന്ന് അമ്പതു കോടി ബിസിനസ് അല്ലെ ഉള്ളു എന്ന്, പക്ഷെ അന്നത്തെ അമ്പതു കോടി, ആ കാലത്തെ അമ്പതു കോടി എന്ന് പറഞ്ഞാൽ പതിനായിരം രൂപയും അഞ്ഞൂറ് രൂപയും നൂറു രൂപയും ഡെപ്പോസിറ്റ് വാങ്ങിയിട്ടാണ് നമ്മൾ ഉണ്ടാക്കിയത്. നമ്മുടെ കമ്പനിയുടെ റെപ്യൂട്ടേഷൻ എന്ന് പറയുന്നത് ഈ പഴയ ആളുകൾ എല്ലാവരുമാണ്. ഞാൻ ടി.സ്.രാമകൃഷ്ണൻ സാറിനെ വിളിച്ചിരുന്നു. നമ്മുടെ ധനലക്ഷ്മി ബാങ്കിന്റെ മാനേജിങ് ഡയറക്ടർ ആയിരുന്നു. അദ്ദേഹം ഇന്നലെ വരെ വരാമെന്ന് പറഞ്ഞിരുന്നതാണ്. പക്ഷെ ഇന്ന് രാവിലെ അദ്ദേഹത്തിന് എന്തോ കാലിനു വേദനയുള്ളതു കൊണ്ട് വരുന്നില്ല എന്ന് പറഞ്ഞു. അപ്പൊ ഒരു ബാങ്കിന്റെ മാനേജിങ് ഡയറക്ടർ, നമ്മുടെ കമ്പനിയുടെ അത് മേനോൻ സാറിന്റെ ഇൻവിറ്റേഷനിൽ ആണ് എല്ലാരും ഇവിടെ വന്നിട്ടുള്ളത്. പിന്നെ ആമേട വാസുദേവൻ സാർ. അങ്ങനെ പലരും ഓൺലൈൻ ആയിട്ട് ജോയിൻ ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്.

അവരെ എല്ലാവരെയും, അവർ ചെയ്ത സേവനത്തെയും, കമ്പനിക്ക് അവർ ചെയ്ത സേവനത്തെയും, ഞാൻ പ്രത്യേകം പ്രത്യേകം സ്മരിക്കുകയാണ്, ഈ അവസരത്തില്.

പിന്നെ നമ്മുടെ ഡയറക്ടേർസ് ആയിരുന്ന  വിഷ്ണു പ്രസാദ് സാറും, വിനു കൃഷ്ണൻ സാറും, സാങ്കേതിക കാരണങ്ങളാൽ , അവർ വേറെ പല കമ്പനികളിലും  ഡയറക്ടേർസ് ആണ്, അത് കൊണ്ട് അവർക്കു ഡയറക്ടേർസ് ആയി നമ്മുടെ കമ്പനിയിൽ തുടരാൻ പറ്റില്ല. വിനു കൃഷ്ണൻ സാർ എന്ന് പറഞ്ഞാൽ, ടെക്നിക്കൽ, നമ്മുടെ ഒരു സോഫ്ടെ്വയറിന്റെ കാര്യത്തില്, ഇപ്പൊ എൽ കോഡ് -ന്റെ കാര്യത്തില്, ഞങ്ങളെല്ലാം ബാങ്കേഴ്‌സ് ആണ്, ഞങ്ങൾക്ക് ബാങ്കിങ് എക്സ്പീരിയൻസ് മാത്രേ ഉള്ളു, പക്ഷെ ഒരു സോഫ്റ്റ്‌വെയർ എങ്ങനെ തിരഞ്ഞെടുക്കണം, അവർക്ക് എത്ര ഫീസ് കൊടുക്കണം, ഇങ്ങനെയുള്ള കാര്യങ്ങളൊന്നും നമുക്കറിയില്ല. അതിനു, നമുക്കൊരു ടെക്നിക്കൽ അഡ്വൈസർ, ആയിട്ട്,അതും ഫ്രീ സർവീസ് ആണ് ട്ടോ. നോ ഫീസ്,വിനു കൃഷ്ണൻ സാർ, പിന്നെ ഇരുപത്തി അഞ്ചു വർഷത്തിൽ കൂടുതൽ സർവീസ് ഉള്ള      വിഷ്ണു പ്രസാദ് സാർ, ചാർട്ടേർഡ് അക്കൗണ്ടന്റ് ആയിട്ട്, മേനോൻ സാറിന്റെ മകനാണ്. ഇവരുടെ രണ്ടു പേരുടെയും സേവനങ്ങൾ നമുക്ക് എപ്പോഴും, എനി ടൈം, നമുക്ക് അറ്റ് കോൾ ആണ് കിട്ടുന്നത്. ഉടനെ തന്നെ അവരുടെ അഡ്വൈസും ഗൈഡൻസും നമുക്ക് കിട്ടുന്നുണ്ട്. അവരെയും ഈ യോഗത്തിലേക്ക് പ്രത്യേകം പ്രത്യേകം സ്വാഗതം ചെയ്തു കൊള്ളുന്നു.

പിന്നെ നമ്മുടെ ഓഡിറ്റേഴ്‌സ് ആണ്. ഓഡിറ്റർ സജീവ് സാർ.

കഴിഞ്ഞ ജനറൽ ബോഡി മീറ്റിങ്ങിൽ ആണ് ഓഡിറ്റർ ആയി സജീവ് സാറിനെ വെച്ചത്. അതിനു മുൻപ് ദാമോദരൻ സാറായിരുന്നു. സജീവ്സാർ വന്നതിനു ശേഷം, കമ്പനിയുടെ ഫസ്റ്റ് മീറ്റിംഗിൽ തന്നെ എനിക്കദ്ദേഹത്തിന്റെ നേച്ചർ മനസ്സിലായി. കാര്യത്തിൽ യാതൊരു വിട്ടു വീഴ്ചയില്ല, കമ്പനിയുടെ നിയമമനുസരിച്ച് എല്ലാ കാര്യങ്ങളും ചെയ്തിരിക്കണം. അത്, ആ ഫസ്റ്റ്മീറ്റിങ്ങിൽ, അത് കിട്ടിയത് കൊണ്ട് തന്നെ, നമ്മുടെ അക്കൗണ്ട്സ് ഡിപ്പാർട്മെന്റിന് ആയാലും, ഷെയർ ഡിപ്പാർട്ട്മെന്റിന് ആയാലും നമ്മൾ ആ ഒരു ഇൻഫർമേഷൻ പാസ് ഓൺ ചെയ്തു അതു പോലെ ഐ ടി ഡിപ്പാർട്ട്മെന്റ്. കഴിഞ്ഞ ജനുവരിയിൽ നമ്മൾ **L code** എന്ന പുതിയ സോഫ്റ്റ് വെയർ സിസ്റ്റം ഇമ്പ്ലിമെന്റ് ചെയ്തു അതിനെന്തെങ്കിലും പ്രശ്നങ്ങളുണ്ടോ. അതെല്ലാം ഇവരുടെ ടീമാണ് നോക്കുന്നത്. അവരെ സംബന്ധിച്ച് അത് വലിയൊരു ടാസ്ക് ആയിരുന്നു. 82, 83 ബ്രാഞ്ചസിന്റെ, ഇൻഡിവിജ്വൽ ഓഡിറ്റർസിന്റെ coordination. 83 ബ്രാഞ്ചുകളും, നമ്മുടെ ഡിഫറെന്റ് ചാർട്ടേർഡ് അക്കൗണ്ടൻസ്, ഓഡിറ്റ് ചെയ്യുന്നു. അതിന്റെ റിപ്പോർട്ട് എല്ലാം സെൻട്രൽ ഓഡിറ്റേഴ്‌സിനു പാസ് ഓൺ ചെയ്യുന്നു. പ്ലസ് ഈ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം, കൃത്യം തന്നെയാണോ, കഴിഞ്ഞ ഡാറ്റാ എല്ലാം കൃത്യം തന്നെയാണോ ഇവിടെ വന്നിരിക്കുന്നത്, വലിയൊരു ടാസ്ക് ആയിരുന്നു അവരുടെ കൂടെ സീനിയർ ആയിട്ടുള്ള രണ്ടു, മുന്ന് Chartered Accountants, മൂന്നു മാസത്തോളം, നമ്മുടെ ഹെഡ് ഓഫീസിൽ തമ്പടിച്ചിരിക്കുക തന്നെ ആയിരുന്നു. വളരെ വലിയൊരു ടാസ്ക് ആണ് അവർ നടത്തി തന്നിരിക്കുന്നത്. പക്ഷേ വളരെ പക്ക ആയിട്ട് ചെയ്തു. സമയത്തു തന്നെ നമുക്ക് ഓഡിറ്റ് നടത്തി തന്നു. അദ്ദേഹത്തോടുള്ള കൃതജ്ഞത അറിയിക്കുന്നതിനോടൊപ്പം അദ്ദേഹത്തെ ഈ യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

പിന്നെ നമ്മുടെ കമ്പനി സെക്രട്ടറീസ്. നമ്മുടെ വാസുദേവൻ സാറാണ് നമ്മുടെ സീനിയർ കമ്പനി സെക്രട്ടറി, കുട്ടി മാഷ് എന്നാണ് അറിയപ്പെടുക. അദ്ദേഹം ഓൺലൈനായി പങ്കെടുക്കാം എന്ന് പറഞ്ഞിട്ടുണ്ട്. പിന്നെ മിഥുൻ അസോസിയേറ്റ്സ് ആണ് നമ്മുടെ പ്രാക്ടീസിംഗ് കമ്പനി സെക്രട്ടറിസ്. അദ്ദേഹവും ഓൺലൈൻ ആയിട്ട് പങ്കെടുക്കാം എന്ന് പറഞ്ഞിട്ടുണ്ട്. പിന്നെ നമ്മുടെ കമ്പനിക്കു തന്നെ ഫുൾ ടൈം ആയിട്ടുള്ള കമ്പനി സെക്രട്ടറി ഉണ്ട്, സന്ധ്യ. പുതിയതായിട്ട് വരുന്ന കമ്പനി സെക്രട്ടറി, വിദ്യ. ഇവരെയും പ്രത്യേകം യോഗത്തിലേക്ക് സ്വാഗതം ചെയ്തു കൊള്ളുന്നു.

പിന്നെ നമ്മുടെ ജനറൽ മാനേജർ, ജയലക്ഷ്മി മാഡം. ഈ പരിപാടിയുടെ നടത്തിപ്പിന്, കഴിഞ്ഞ ഒരു മാസമായി, എല്ലാത്തരത്തിലും എല്ലാ ഏരിയസിലും, എല്ലാ ഡിപ്പാർട്ട്മെന്റിലും ഓടി നടന്ന് ഇന്നത്തെ ഈ മീറ്റിങ്ങിനുള്ള എല്ലാ സൗകര്യങ്ങളും

ചെയ്തു തന്ന ജയലക്ഷ്മി മാഡത്തിന് ഔദ്യോഗികമായി നന്ദി രേഖപ്പെടുത്തുന്നു, പ്രത്യേകം ഈ യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

പിന്നെ നിങ്ങൾ ഓരോരുത്തരുമാണ് ഈ കമ്പനിയുടെ നട്ടെല്ല് എന്നു തന്നെ പറയാം. കാരണം ഷെയർഹോൾഡേഴ്സ് ആണ് ഒരു കമ്പനിയുടെ നട്ടെല്ല്. ഷെയർ ഹോൾഡേഴ്സിന്റെ അഭിപ്രായമാണ് ജനറൽ ആയിട്ട് നാട്ടിൽ അറിയപ്പെടുന്നത്, കമ്പനിയെ ക്കുറിച്ച്. നമുക്ക് ഏറ്റവും സന്തോഷകരമായ കാര്യം പല കമ്പനികളും, നിധി കമ്പനികളും 20 ലക്ഷവും 10 ലക്ഷവും ക്യാപിറ്റൽ ഒക്കെയുള്ള പല പുതിയ കമ്പനികൾ വന്ന സമയത്ത്, നമ്മുടെ കമ്പനി 89ഇൽ വന്ന് 33 വർഷം കമ്പ്ലീറ്റ് ചെയ്തു. ഇത് അറിയുന്നതും അറിയിക്കുന്നതും നമ്മൾ ഒരു അഡ്വർടൈസ്മെന്റ് ഉം കൊടുക്കാൻ പാടില്ല, നിധി റൂൾസ് അനുസരിച്ച്. ഇത് നമ്മുടെ ഷെയർഹോൾഡേഴ്സ് ആണ് എല്ലാവരോടും one to one ആയി പറഞ്ഞു പോകുന്നത്. ഇന്ന്നിങ്ങൾക്ക് അത്ഭുതം ഉണ്ടായിരിക്കാം കാരണം നമ്മുടെ ഷെയർഹോൾഡേഴ്സ് ഒരു ലക്ഷത്തിലേക്ക് എത്താൻ പോവുകയാണ്. 95000 ആയിരുന്നു ഞാൻ കഴിഞ്ഞ ദിവസം എടുത്ത ഫിഗർ. എല്ലാ മാസവും ആയിരത്തിലധികം ഇൻവെസ്റ്റേഴ്സ് നമ്മുടെ കമ്പനിയിലേക്ക് വന്നു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ജനറൽ ബോഡിക്കും ഈ ജനറൽ ബോഡിക്കും ഇടയിൽ, ഏതാണ്ട് പന്തീരായിരത്തോളം, to be exact, 11656 അത്രയും പുതിയ ഷെയർ ഹോൾഡേഴ്സ് നമ്മുടെ കമ്പനിയിലേക്ക് വന്നു, നമ്മുടെ കസ്റ്റമേഴ്സ് ആയിട്ട്. ഇതെല്ലാം നമ്മുടെ ഷെയർ ഹോൾഡേഴ്സ്, existing ഷെയർ ഹോൾഡേഴ്സ്, നെറ്റ്‌വർക്ക് ആയി പറഞ്ഞ് വന്നൊരു കാര്യമാണ്. പ്ലസ് പുതിയ കമ്പനികൾ എല്ലാം പ്രശ്നങ്ങളായ സമയത്താണ് എങ്കിലും , നമ്മുടെ കമ്പനിയിൽ നിന്ന് ഒരാളും ഒരു രൂപ പോലും വിശ്വാസ ക്കുറവിൽ നിക്ഷേപം പിൻവലിച്ചിട്ടില്ല. വീണ്ടും വീണ്ടും തന്നു കൊണ്ടിരിക്കുകയാണ്. അതു കൊണ്ടാണ്ഞാൻ പറഞ്ഞത്, നിങ്ങൾ ഓരോരുത്തരും ആണ് ഇതിന്റെ നട്ടെല്ല്. അപ്പോ ഈ ഒരു വിശ്വാസം, ഇത് നമ്മുടെ കമ്പനിയാണ്, ഇവിടെ ഒന്നും സംഭവിക്കില്ല, ആ ഒരു ധൈര്യം, ആ ഒരു കോൺഫിഡൻസ്, ആ ഒരു പിന്തുണയും തീർച്ചയായും നമ്മുടെ കമ്പനിക്ക് ഇനിയുള്ള കാലങ്ങളിലും ആവശ്യമാണ്. കൂടുതൽ കൂടുതൽ ഷെയർ ഹോൾഡേഴ്സ്, ഇതിപ്പോ ഒരു ലക്ഷം എന്ന്പറയുന്നത് അടുത്തവർഷം ഒന്നര ലക്ഷം ആകാം. അത്രയും വികസന പദ്ധതികളുമായിട്ടാണ്നമ്മുടെ കമ്പനി മുന്നോട്ടു പോകുന്നത്. അപ്പോൾതീർച്ചയായിട്ടും നിങ്ങൾ ഓരോരുത്തർക്കും ഈ അവസരത്തിൽ നന്ദി രേഖപെടുത്തുന്നു. നിങ്ങളെ എല്ലാവരെയും ഈ യോഗത്തിലേക്ക് ഔദ്യോഗികമായി invite ചെയ്യുന്നു. പിന്നെ നമ്മുടെ ബ്രാഞ്ചിലെ മാനേജേഴ്സും സ്റ്റാഫും, ഹെഡ് ഓഫീസിലെ സ്റ്റാഫ്. എല്ലാവരും ലോഗിൻ ചെയ്ത് ഇരിക്കുന്നുണ്ട്, നിങ്ങളുടെ പ്രവർത്തനമാണ് ഇന്ന് ഇവിടെ വിലയിരുത്തപ്പെടുന്നത്. നിങ്ങളുടെ പ്രവർത്തനമാണ് എല്ലാ അംഗങ്ങൾക്കും എല്ലാ ജനറൽ ബോഡി അംഗങ്ങൾക്കും നമ്മൾ വിവരിച്ചു കൊടുക്കുന്നത്. നിങ്ങൾ ഓരോരുത്തരെയും നിങ്ങളുടെ മികവുറ്റ പ്രവർത്തനത്തെ അഭിനന്ദിച്ചു കൊണ്ട്നിങ്ങൾ ഓരോരുത്തരെയും ഈ യോഗത്തിലേക്ക്, ഈ ജനറൽ ബോഡി മീറ്റിംഗിലേക്കു സ്വാഗതം ചെയ്യുന്നു. ഞാൻ എല്ലാവരെയും കവർ ചെയ്തു എന്ന് വിചാരിക്കുന്നു. പഴയ ആൾക്കാരുടെ പേരുകൾ, എല്ലാവരും എന്റെ മനസ്സിൽ ഉണ്ട്, പക്ഷെ ഇപ്പോൾ തത്കാലം വരുന്നില്ല. പഴയ ആൾക്കാർ ആരെയെങ്കിലും വിട്ടു പോയിട്ടുണ്ടെങ്കിൽ, അവരെ എല്ലാം സ്മരിച്ചു കൊണ്ട് അവരെ എല്ലാവരേയും സ്വാഗതം ചെയ്തു കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

**ചെയർമാൻ:**

ദേവദുർലഭർ ആയിട്ടുള്ള, ദേവന്മാർക്കു പോലും സഹകാരികൾ ആയിട്ട് ഇത്ര യോഗ്യരായിട്ടുള്ള ആൾക്കാർ, ഓരോ രംഗത്തും വ്യക്തി പ്രഭാവം, അനുഭവ സമ്പത്തുള്ള ഇങ്ങനെയുള്ള ഒരു ഡയറക്ടർ ബോർഡ്, സഹപ്രവർത്തകർ, ഉപദേഷ്ടാക്കൾ, അവരെ കിട്ടാൻ പ്രയാസമാണ്. അങ്ങനെയുള്ള, ദേവദുർലഭർ ആയിട്ടുള്ള സഹപ്രവർത്തകരുടെ

ചെയർമാൻ എന്ന രീതിയിൽ, വളരെയധികം സന്തോഷമുണ്ട് ഈ വാർഷിക പൊതുയോഗത്തിൽ നിങ്ങളുടെ മുൻപിൽ നില്ക്കാൻ.

കഴിഞ്ഞ ഒരു വര്ഷം, അതിന്റെ സാമ്പത്തികമായ കാര്യങ്ങളെ കുറിച്ചുള്ള വിശദാംശങ്ങൾ, പിന്നീട് എംഡി പറയുന്നുണ്ട്. ലോകം മുഴുവൻ കൊറോണ മഹാമാരിയുടെ പിടിയിൽ നിന്നും, ഇപ്പോഴും പൂർണമായി മാറിയെന്നൊന്നും പറയാൻ വയ്യെങ്കിലും, അതിന്റെ വലിയ ആഘാതങ്ങൾ, ലോക്ഡൗണുകളും അത്പോലെയുള്ള പ്രാരാബ്ധങ്ങളും, ഒക്കെ ഇല്ലാതെ, കുറെയൊക്കെ സുഗമമായി പ്രവർത്തിക്കാൻ പറ്റുന്ന ഒരു സാഹചര്യത്തിലേക്ക് ലോകം ഇന്ന്മാറിയിട്ടുണ്ട്, നമ്മുടെ നാടും ഇന്ന്മാറിയിട്ടുണ്ട് അതോടൊപ്പം തന്നെ നമ്മുടെ നാടിനെ സംബന്ധിച്ച്, ഈ പോയ വര്ഷം, ഈ നടന്നു കൊണ്ടിരിക്കുന്ന വര്ഷം, വളരെ പ്രധാനപ്പെട്ട ഒരു വര്ഷമാണ്. സ്വാതന്ത്ര്യത്തിന്റെ അമൃത വര്ഷം, സ്വാതന്ത്ര്യം കിട്ടി എഴുപത്തിയഞ്ച് വര്ഷം പൂർത്തിയാക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മുടെ ഈ വാർഷിക പൊതു യോഗം നടക്കുന്നത്. ഒരു പുതിയ ഭാരതത്തിന്റെ സങ്കല്പവുമായിട്ടാണ് നമ്മുടെ രാഷ്ട്രം ഇന്ന് മുന്നേറി കൊണ്ടിരിക്കുന്നത്, ലോകരാജ്യങ്ങളുടെ മുന്നിൽ, ഏതര്ഥത്തിലും തലയെടുപ്പുള്ള രാഷ്ട്രം എന്ന രീതിയിൽ, ഭാരതം ഇന്ന് ലോകത്തിന്റെ നേതൃത്വത്തിലേക്ക് മുന്നേറി കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് നമുക്കിന്നു കാണാൻ കഴിയുന്നത്, കൊറോണ, അത്പോലെ തന്നെ റഷ്യൻയുദ്ധം, ഇതെല്ലാം ലോകത്തെ സാമ്പത്തിക വ്യവസ്ഥയെ വളരെയധികം ബാധിച്ചിട്ടുണ്ട്. പല രാജ്യങ്ങളും നെഗറ്റീവ് ഗ്രോത്തിൽ ആണ്. ആ ഒരു കാലഘട്ടത്തിലും, ലോകത്തേറ്റവും വേഗത്തിൽ വികസിക്കുന്ന, സമ്പത് മേഖലയുള്ള രാഷ്ട്രം, ഭാരതമാണ് എന്ന് പറയുന്നതിൽ നമുക്കൊക്കെ അഭിമാനമുണ്ട്, ഏറ്റവും വളർച്ച കൈ വരിച്ചു കൊണ്ടിരിക്കുന്ന രാഷ്ട്രം എന്ന രീതിയിൽ, എല്ലാ മേഖലയിലും, ഭാരതം മുന്നേറി കൊണ്ടിരിക്കുന്ന ഒരു ചിത്രം നമുക്ക് കാണാൻ കഴിയും. സ്വാത്രൃത്തിന്റെ ഈ എഴുപത്തിയഞ്ചാം വര്ഷം, ഇനിയുള്ള ഇരുപത്തിയഞ്ചു വര്ഷം ഭാരതത്തിന്റെ സ്വാത്രൃത്തിന്റെ നൂറാം വര്ഷം ആകുമ്പോഴത്തേക്കും, ജീവിതത്തിന്റെ സമസ്ത മേഖലയിലും വൈഭവ പൂർണമായിട്ടുള്ള ഒരു രാഷ്ട്രം ആയി ഭാരതം മാറാനും, ലോകത്തിനു ശാന്തിയും സമാധാനവും നൽകുന്ന വിശ്വ ഗുരുവായ ഒരു ഭാരതം രൂപപെടുവാനുള്ള പരിശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ലോകം പ്രതീക്ഷയോടു കൂടി തന്നെയാണ് ഭാരതത്തിന്റെ നേരെ നോക്കുന്നത്, ഈ ഒരു സാഹചര്യത്തിലാണ് നമ്മുടെ വാർഷിക പൊതു യോഗം നടക്കുന്നത്. മഹാമാരിയുടെ പ്രാരാബ്ധങ്ങൾ കഴിഞ്ഞ വര്ഷങ്ങളിൽ ഉണ്ടായിരുന്നതു കൊണ്ട് വിചാരിച്ച, അല്ലെങ്കിൽ മുൻ വര്ഷങ്ങളിൽ കൈ വരിച്ചിരുന്ന, അത്രയും നേട്ടങ്ങൾ നമുക്ക് കൈ വരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ഉണ്ടെങ്കിലും കഴിഞ്ഞ മുൻപിലത്തെ വര്ഷത്തേക്കാൾ മെച്ചപ്പെട്ട ഒരു സ്ഥിതിയാണ് നമുക്ക് കഴിഞ്ഞ വര്ഷം ഉണ്ടാക്കാൻ കഴിഞ്ഞത്. കഴിഞ്ഞ ആറു മാസത്തെ കാര്യങ്ങൾ നോക്കുകയാണെങ്കിൽ അതിലും മെച്ചപ്പെട്ട ഒരു സ്ഥിതിയാണ് നമുക്ക് ഈ വര്ഷം കാണാൻ കഴിയുന്നത്. വളരെ വിഷമത്തോടു കൂടിയാണ് കഴിഞ്ഞ വര്ഷം നിങ്ങളുടെ മുന്നിൽ നിന്ന് അഞ്ചു ശതമാനം ആണ് ഡിവിഡന്റ് എന്ന് പറയേണ്ടി വന്നത്. സന്തോഷമായിട്ടു പറഞ്ഞതൊന്നും അല്ല, നിവൃത്തി ഇല്ലാത്തതു കൊണ്ട് പറഞ്ഞതാണ്. ആ അഞ്ചു ശതമാനത്തിൽ നിന്ന് നമുക്ക് അത് ഏഴു ശതമാനത്തിലേക്കു വർധിപ്പിക്കുവാൻ കഴിഞ്ഞു. ഇപ്പോൾ നമ്മൾ മുന്നേറി കൊണ്ടിരിക്കുന്ന ഒരു ചിത്രവും വച്ച് നോക്കിയാൽ അടുത്ത വര്ഷം ഇതിലും മെച്ചപ്പെട്ട ഒരു സാഹചര്യം നമുക്കുണ്ടാകും, ദൈവം മറിച്ചു വിചാരിച്ചില്ലെങ്കിൽ. കുറേ കൂടി മെച്ചപ്പെട്ട ഒരു സാഹചര്യം നമുക്കുണ്ടാകും. നമ്മുടെ ഇൻവെസ്റ്റേഴ്സിനെ നമുക്ക് വിഹിതം നൽകാൻ കഴിയും എന്ന ശുഭ പ്രതീക്ഷയാണ് എന്റെ മനസ്സിൽ ഉള്ളത്. ഏതായാലും നമ്മുടെ മൊത്തം ജീവനക്കാരുടെ അത് പോലെ നേരത്തെ സൂചിപ്പിച്ചതു പോലെ ഷെയർ ഹോൾഡർമാരുടെയും എല്ലാവരുടെയും പരിശ്രമത്തിന്റെ ഫലമായി നമുക്ക് ക്രമേണ നല്ല ഉയർച്ച കൈ വരിച്ചു മുന്നോട്ട് പോകുവാൻ സാധിക്കുന്നുണ്ട്. നമ്മുടെ വികാസത്തിനു തടസമായി നിന്ന ഒരു വിഷയം കേന്ദ്ര സര്ക്കാര് നിധി

കമ്പനികൾക്കൊക്കെ വേണ്ടി ഉണ്ടാക്കിയിരുന്ന NDH-4 എന്ന്പറയുന്ന ഒരു അംഗീകാരം. ഏതാണ്ട് ഒരു ഒന്നര ഒന്നേ മുക്കാൽ വർഷത്തിന് മുമ്പ് തന്നെ നമ്മൾ അതിനു വേണ്ട എല്ലാ കാര്യങ്ങളും രേഖകളും നമ്മൾ കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് കോർപറേറ്റ് അഫയേഴ്സിന് submit ചെയ്തിരുന്നു, അതിന്റെ സ്ക്രൂട്ടിനി നടക്കുന്നുണ്ടായിരുന്നു. പക്ഷെ അതിന്റെ ഫൈനൽ ആയിട്ടുള്ള കാര്യങ്ങൾ പുറത്തു വരുന്നതിൽ വളരെ കാല താമസം ഉണ്ടായിരുന്നു. ഇതിന്റിടയിൽ അവർ ഒരു പാട് നിധി കമ്പനികളുടെ പ്രവർത്തനത്തെ സ്ക്രൂട്ടിനി ചെയ്തു നിരോധിക്കയുണ്ടായി, അവർ പലരും കോടതിയിലൊക്കെ പോയി സ്റ്റേ ഒക്കെ മേടിച്ചു നിൽക്കുന്ന ഒരു സാഹചര്യം. ഏതാണ്ട് ഒന്നര മാസം മുൻപ് ഒരു നോട്ടിഫിക്കേഷൻ വന്നു. അതിൽ കുറെ നിധി കമ്പനികളെ അവരതിൽ മെൻഷൻ ചെയ്തിട്ടുണ്ട്. NDH-4ന് അംഗീകാരം കിട്ടുന്ന രീതിയിൽ. അതിന്റെ ഫൈനൽ ഓർഡർ, നമ്മുടെ കയ്യിൽ കിട്ടിയിട്ടില്ലെങ്കിലും, Ministry of Corporate Affairs പബ്ലിഷ് ചെയ്ത ലിസ്റ്റിൽ KPB നിധിയും NDH-4നു അർഹതപ്പെട്ട ഒരു അവസ്ഥ കൈ വരിച്ചിട്ടുണ്ട്. അത് കൊണ്ട് തന്നെ നമ്മുടെ ബ്രാഞ്ച് expansion മുതലായിട്ടുള്ള കാര്യങ്ങൾക്കു ഉണ്ടായിരുന്ന തടസം, നമ്മൾ പുതിയ ബ്രാഞ്ചുകൾക്കു വേണ്ടി R.O.C യെ സമീപിക്കുമ്പോൾ, NDH-4 ഇല്ലാത്തതു കൊണ്ട് പുതിയ ബ്രാഞ്ചുകൾക്കു അനുവാദം തന്നിരുന്നില്ല, ആ സാഹചര്യം മാറി വരുന്നു. പുതിയ ബ്രാഞ്ചും വികസനവും നമുക്ക് സാധ്യമാവും, നമ്മുടെ എല്ലാരുടെയും പ്രവർത്തനം കൊണ്ട് ഇപ്പൊ 84 അല്ല 83 ബ്രാഞ്ച് അവിടുന്ന് നമ്മൾ ഒരു വർഷം കൊണ്ടൊക്കെ നമുക്ക് ഒരു നൂറു ബ്രാഞ്ച് എന്നതു സാധിക്കും എന്ന്പറയുന്നതിൽ വളരെയധികം സന്തോഷം ഉണ്ട്. സ്വാഭാവികമായി അതിന്റെ ഫലമായി നമ്മുടെ ബിസിനസ്സും മറ്റു കാര്യങ്ങളും ഒക്കെ വർധിക്കുകയും നമ്മൾ ഇപ്പോൾ തന്നെ ഭാരതത്തിലെ നിധി കമ്പനികളിൽ നല്ലൊരു സ്ഥാനം നമുക്ക് ഉണ്ട്. കുറെ കൂടി മെച്ചപ്പെട്ട സ്ഥിതിയിലേക്ക് ഭാവിയിൽ വളരും എന്ന കാര്യത്തിൽ എനിക്ക് നല്ല ആത്മ വിശ്വാസം ഉണ്ട്. ഈ വർഷം നേരത്തെ സൂചിപ്പിച്ചതു പോലെ നമ്മുടെ ബിസിനെസ്സിൽ കാര്യമായ വളർച്ച ഉണ്ടായി കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് നമ്മുടെ ലോൺ ഡിപ്പാർട്മെന്റിൽ കുറെയധികം നല്ല അനുകൂലമായ സാഹചര്യങ്ങളാണ് കാണുന്നത്, ഈശ്വരാനുഗ്രഹം കൊണ്ട് ഈ വർഷം നമുക്ക് കുറെ കൂടി നല്ല വർഷമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം, കൂട്ടത്തിൽ ഒരു സന്തോഷമായിട്ടുള്ള കാര്യം കൂടി അറിയിക്കുവാനുള്ളത്. ഏതാണ്ട് ഒരു രണ്ടു വർഷം മുൻപ് നമ്മൾ നമ്മുടെ സ്വന്തം ഹെഡ് ഓഫീസ്, കുറച്ചു കൂടി സൗകര്യങ്ങൾ ഉള്ള ഹെഡ് ഓഫീസ് വേണം നമ്മളുടെ വളർച്ചയുടെ ആവശ്യം പരിഗണിച്ചു കൊണ്ടും വിവിധ ഡിപ്പാർട്മെന്റുകൾ പ്രവർത്തിക്കുവാൻ ഇപ്പോഴുള്ള സ്ഥലത്തു പരിമിതമായ സ്ഥലത്തു സാധിക്കാതെ വരുന്നത് കൊണ്ടും പുതിയ ഹെഡ് ഓഫീസ് വേണം എന്ന് ആഗ്രഹിക്കുകയും അതിനു വേണ്ടി നമ്മുടെ ഇപ്പോഴത്തെ ഹെഡ് ഓഫീസിനു തൊട്ടടുത്ത് തന്നെ കുറച്ചു സ്ഥലം വാങ്ങിക്കുകയും ഒരു പന്ത്രണ്ടു സെൻറ് സ്ഥലം വില കൊടുത്തു മേടിച്ചിരുന്നു. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ നമ്മൾ അതിന്റെ ഭൂമി പൂജ നടത്തി. പക്ഷെ മുനിസിപ്പൽ sanction കിട്ടുന്നതിന് വേണ്ടി നമ്മൾ അപേക്ഷയൊക്കെ ആ സമയത്തു കൊടുത്തിരുന്നെങ്കിലും, പല കാരണങ്ങൾ കൊണ്ട്, ഒരു വർഷം അത്നീണ്ടു പോയി. ഇപ്പൊ കഴിഞ്ഞ രണ്ടാഴ്ചക്കു മുൻപ് നമുക്ക് അതിന്റെ പൂർണമായ sanction, കിട്ടി. അതിന്റെ ഇടയിൽ കുറെ മാറ്റങ്ങൾ വേണ്ടി വന്നെങ്കിലും, പൂർണമായ sanction കിട്ടി. പതിനേഴായിരത്തിനു മേലെ sq.feet വരുന്ന 5 നിലകൾ വരുന്ന office കെട്ടിടം, cellar + 5, അടക്കം വരുന്ന office കെട്ടിടം, വളരുന്ന KPB യുടെ ആവശ്യങ്ങൾക്ക് പൂർണമായും നീതി പുലർത്താൻ പറ്റുന്ന ഒരു കെട്ടിടം, അതിന്റെ പണിയിലേക്ക് നമ്മൾ നീങ്ങുകയാണ്. അതിന്റെ ടെൻഡർ നമ്മൾ ഇഷ്യൂ ചെയ്തു കഴിഞ്ഞു, അതിന്റെ ഫോംസ് ഒക്കെ ആൾക്കാർ കൊണ്ടു പോയിട്ടുണ്ട്.അത് അവർ മുപ്പതാം തീയതിയോടു കൂടി തന്നാൽ ആറാം തീയതി tender പൊട്ടിച്ചു ഈ ഒക്ടോബർ മാസത്തിൽ തന്നെ നല്ലൊരു ദിവസം നോക്കി നമ്മടെ പണി ആരംഭിക്കാൻ സാധിക്കുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഏതാണ്ടൊരു പന്ത്രണ്ടു മാസം കൊണ്ട് ഈ പതിനേഴായിരം sq.feet കെട്ടിടം പണിയണമെന്നാണ് നമ്മുടെ ആർക്കിടെക്റ്റ് നിർദേശിച്ചിരിക്കുന്നത്. സമയബന്ധിതമായി എല്ലാ കാര്യങ്ങളും ചെയ്തു കൊണ്ട് നമുക്ക് ഈ കാര്യങ്ങൾ പൂർത്തിയാക്കിയാൽ വരുന്ന വര്ഷം നമ്മുടെ ഇതു പോലെയുള്ള യോഗങ്ങളും മറ്റു പല സൗകര്യങ്ങളും ഉള്ള ഒരു പുതിയ ഓഫീസ് K.P.Bയുടെ ചരിത്രത്തിൽ ഒരു പുതിയ അധ്യായം എന്ന നിലയിൽ നമുക്ക് മുന്നോട്ടു പോകുവാൻ സാധിക്കും അതിനും ഉള്ള കാര്യങ്ങൾ നമ്മൾ മുന്നോട്ട് പോയി കൊണ്ടിരിക്കുകയാണ്. കെ പി ബി നിധി എന്ന് പറയുന്ന നമ്മുടെ ഈ സ്ഥാപനം വളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് മുന്നേറി കൊണ്ടിരിക്കുകയാണ് എന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിഞ്ഞിരിക്കുന്നത്. നിശ്ചയമായിട്ടും ഏതൊരു ബിസിനസ്സ് സ്ഥാപ നത്തിനുള്ള പോലെയുള്ള പ്രശ്നങ്ങളൊക്കെയും ഉണ്ട് നമുക്കും. അതു ബിസിനസ് റിലേറ്റഡ് പ്രശ്നങ്ങളാണ്. ജഗദീശൻ സർ ഒക്കെ ചോദിക്കാറുണ്ട്, സ്വർണത്തിന്റെ വില കാണുമ്പോൾ എനിക്ക് രണ്ടു ദിവസത്തേക്ക് ഉറക്കം വരില്ല, കാരണം നമ്മുടെ കമ്പനിയുടെ ബിസിനസിനെ എങ്ങനെ ബാധിക്കും എന്ന്. ഉണ്ട്, ഇത്തരം പ്രശ്നങ്ങൾ ഉണ്ട്, ഇല്ല എന്നല്ല. ധാരാളം പ്രശ്നങ്ങൾ ഉണ്ടാവും. പക്ഷെ ആ പ്രശ്നങ്ങൾ ഒക്കെ നേരിട്ട് മുന്നോട്ട് പോകാൻ കഴിയുമെന്നുള്ള ആത്മ വിശ്വാസം, അനുഭവ സമ്പത്തുള്ള ഡയറക്ടർ ബോർഡ്മാരുടെ പിന്തുണയോടെ, മാനേജിങ് ഡയറക്ടറുടെ നേതൃത്വത്തിൽ, ജീവനക്കാരുടെ സഹകരണത്തോടു കൂടി നമുക്ക് ചെയ്യാൻ കഴിയും എന്ന ആത്മ വിശ്വാസം ഉണ്ട്, വലിയ പ്രതിസന്ധികൾ ഇതിനു മുൻപും നമ്മൾ നേരിട്ടിട്ടുണ്ട്. ആ അനുഭവങ്ങൾ നമുക്ക് കരുത്താണ്. അതൊക്കെ വച്ച് നിശ്ചയമായും കെ പി ബി ക്ക് ഒരു നല്ല ഭാവി ഉണ്ട്, അത് എല്ലാവരുടെയും പൂർണമായ സഹകരണത്തോടു കൂടിയാണ് കൈ വരിക്കുവാൻ കഴിയുക. അതിനായി എല്ലാവരുടെയും സഹകരണം നമുക്ക് ഉണ്ടാവണം എന്ന പ്രാർഥനയോടു കൂടി ഞാൻ എന്റെ വാക്കുകൾ ഇവിടെ സമർപ്പിക്കുന്നു. എല്ലാവര്ക്കും ഒരിക്കൽ കൂടി നമസ്കാരം.

മാനേജിങ് ഡയറക്ടർ ശ്രീ മുരളി സാർ നമ്മുടെ മുന്നിൽ സംസാരിക്കും. അത്കഴിഞ്ഞു അക്കൗണ്ട്സും മറ്റു കാര്യങ്ങളും അദ്ദേഹം തന്നെ അവതരിപ്പിക്കുന്നുണ്ടാവും. ഇ-വോട്ടിംഗ് ആരംഭിച്ച കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ആർക്കെങ്കിലും അത് തുടങ്ങിയോ എന്ന സംശയം ഉണ്ടെങ്കിൽ, അത് തുടങ്ങി. ബാക്കി ആൾക്കാരോടും എത്രയും പെട്ടെന്ന്, ലേറ്റ് ആയി login ചെയ്തവരുണ്ടാവാം, അവരോടും എത്രയും പെട്ടന്ന് vote ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**മാനേജിങ് ഡയറക്ടർ:**

എല്ലാവര്ക്കും വീണ്ടും നമസ്കാരം.

നമ്മുടെ കമ്പനിയുടെ ജനറൽ ആയിട്ടുള്ള കാര്യങ്ങൾ സാർ ഒരു മാക്രോ ലെവലിൽ സൂചിപ്പിച്ചു. പുതിയ കെട്ടിടം വരുന്നു, പുതിയ സ്ഥലത്തു നമ്മുടെ കോർപ്പറേറ്റ് ഓഫീസ് ബിൽഡിംഗ് വരുന്നു. അത്പോലെ നമ്മുടെ business growth, എല്ലാ രംഗങ്ങളിലും, ഞാൻ നേരത്തെ സൂചിപ്പിച്ചതു പോലെ, കമ്പനിക്ക് എല്ലാ ഷോക്സും മാനേജ് ചെയ്യാൻ പറ്റിയിട്ടുണ്ട്. Thanks to our Board of Directors. Thanks to you, all. കഴിഞ്ഞ രണ്ടു വര്ഷം macro economic level നോക്കുകയാണെങ്കിലും, ഇന്ത്യയുടെ സമ്പത് വ്യവസ്ഥ നോക്കുകയാണെങ്കിലും, കഴിഞ്ഞ രണ്ടു വര്ഷം മാനേജ് ചെയ്യുക എന്നുള്ളത്, ഏതൊരു കമ്പനിയെ സംബന്ധിച്ചും വളരെ വലിയൊരു ടാസ്ക് ആയിരുന്നു. നമ്മുടെ കമ്പനി ഗോൾഡും പ്രോപ്പർട്ടി ലോൺസും കൊടുത്ത സാഹചര്യത്തിൽ അതിന്റെ തിരിച്ചടവ് അതുണ്ടാകേണ്ടത് ഇക്കണോമിക് ആക്ടിവിറ്റിയിൽ നിന്നുള്ള വരുമാനം കൊണ്ടാണ്.

അത് കഴിഞ്ഞ രണ്ടു വർഷമായിട്ട് സാധാരണക്കാരുടെ വരുമാനം ഏതാണ്ട് ഒരു thirty percent മാത്രേ വന്നിട്ടുള്ളൂ. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആണെങ്കിലും, ഗവണ്മെന്റ് ലെവലിൽ ആണെങ്കിലും തിരിച്ചടവിനു നമുക്ക് ഇഫക്ടീവ് ആയിട്ടുള്ള steps എടുക്കാനോ അത് ഇമ്പ്ലിമെൻറ് ചെയ്യാനോ സാധിച്ചിട്ടില്ല. പലപ്പോഴും, ഞങ്ങൾ സൂയിസൈഡ് ചെയ്യും, അല്ലെങ്കിൽ വീട് കത്തിക്കും, അല്ലെങ്കിൽ ഞങ്ങൾക്ക് വേറെ വഴിയില്ല എന്ന്പറയുന്ന ബോറാവറോടു, നിധി കമ്പനി എന്ന നിലക്ക് നമുക്ക് റിക്കവറി ഒന്നും ചോദിയ്ക്കാൻ പറ്റുന്നില്ല, അങ്ങനെയുള്ള രണ്ടു വർഷമാണ് കടന്നു പോയത്.പക്ഷെ ആ രണ്ടു വർഷവും, നമ്മൾ നമ്മുടെ entire സ്റ്റാഫിന് സാലറിയിൽ ഒരു രൂപ പോലും മുടക്കം വരുത്തിയിട്ടില്ല. സാലറിയിൽ മുടക്കം വരുത്തിയിട്ടില്ല എന്ന് മാത്രമല്ല, ഇൻക്രെമെന്റും, statutory ബോണസും, പുറമെ, മിനിമം വേജസ് ആക്ട്പ്രകാരം ഉള്ള റെമ്യൂണറേഷനും, എല്ലാം കൊടുക്കാൻ സാധിച്ചു, കൊടുക്കാൻ സാധിച്ചു എന്നതിലുപരി, മാനേജ് ചെയ്തു പോയിരുന്നു, നമ്മൾ എല്ലാം ട്രെഡ് ചെയ്തു കൊണ്ട് പോയിരുന്നു. തിരിച്ചടക്കാൻ സാധിക്കാത്തവർ ഉണ്ടായിരിക്കും, റിസർവ് ബാങ്ക് തന്നെ ബാങ്കെരോട് ഉപദേശിച്ചിരിക്കുന്നത്, അവർക്കു മോറട്ടോറിയം കൊടുക്കണം. ആദ്യം മൂന്ന് മാസമായി, പിന്നെ ആറു മാസമായി, ഒരു കൊല്ലമായി, രണ്ടു കൊല്ലമായി, ഇത്, റിസേർവ്ബാങ്ക് ഓഫ് ഇന്ത്യയുടെ instruction വരുമ്പോൾ, വീണ്ടും, അതിന്റെ ക്ലാസ്സിഫിക്കേഷൻ, അവർ പഴയതിലേക്കു പോവും. എല്ലാം ടെക്നിക്കൽ ആയി, കുറെ ഇഷുസ് ഉള്ള കാര്യങ്ങളാണ്. എങ്കിൽ കൂടി നമ്മുടെ കമ്പനിക്ക്, achievement എന്ന് പറയാൻ കഴിയുന്നത്, നമുക്ക പല കേസുകളിലും ലീഗൽ എക്സ്പെൻസെസ്കൂടാതെ, നമ്മുടെ ബോറാവർസിനെ കോമ്പ്രോമൈസിലേക്ക് കൊണ്ട് വരാൻ സാധിച്ചു. ഈ ലാഭം ഉണ്ടാക്കുന്നത്, കിട്ടുന്ന ഫൻഡ്സ് കുറവാണെങ്കിൽ കൂടി, അത് ഡിപ്ലോയ് ചെയ്യുമ്പോൾ, average yield on advance ഫിഫ്റ്റീൻ പെർസെന്റ് ആണ് നമ്മുടെ എൻടയർ പോർട്ട്ഫോളിയോ നോക്കുമ്പോ, അപ്പോൾ ഇപ്പൊ അവരിൽ നിന്ന് കിട്ടുന്ന ഫൻഡ്സ്, നമ്മൾ പിന്നീട് നമുക്ക് ആവറേജ് yield ആയ ഫിഫ്റ്റീൻ പെർസെന്റ് കിട്ടുമല്ലോ എന്ന് കരുതി, നമ്മൾ, പിന്നെ, ലീഗൽ എക്സ്പെൻസസും കോർട്ട്ഫീയും, കോർട്ട്ഫീയെന്നു പറയുന്നത് ഇപ്പൊ പത്തു കോടി ലോണിനു ടെൻ പെർസെന്റ് എന്ന്പറയുമ്പോൾ ഒരു കോടി കോർട്ട്ഫീയായിട്ടു തന്നെ പോവും, അപ്പൊ റിക്കവറി വളരെ വിഷമം പിടിച്ച ഒരു കാര്യമാണ്. അപ്പോൾ കോംപ്രമൈസിൽ, നാം ലോൺ കൊടുത്തതെല്ലാം നമ്മുടെ ഷെയർ ഹോൾഡേഴ്സിനാണ്. നമ്മുടെ ഷെയർ ഹോൾഡേഴ്സിനെല്ലാം നമ്മുടെ മാനേജ്മെന്റിനെ വ്യക്തമായി one to one അറിയുന്നതാണ്. പല കേസുകളിലും അവർ തന്നെ കയ്യീന്ന് കാശെടുത്തു നമ്മളുടെ പേരിൽ അസറ്റ് എഴുതി തരുന്ന രീതിയിൽ വരെ, കേസ് ഒഴിവാക്കി കോമ്പ്രോമൈസ് ആയി തീർന്നിട്ടുണ്ട്. അങ്ങനെയാണ് കഴിഞ്ഞ വര്ഷം നമ്മൾ മാനേജ്ചെയ്തു പോയിരുന്നത്.

ആദ്യമായി ക്യാപിറ്റൽ ബേസ്നെ കുറിച്ച് പറയാം. നമ്മുടെ ഒരു ബാലൻസ്ഷീറ്റ് അസ്സെസ്സ്മെന്റ്. എഴുപത്തി ഏഴു പേജുള്ള ഒരു ഡയറക്ടർസ് റിപ്പോർട്ടും ബാലൻസ് ഷീറ്റുമാണ് നമ്മൾ ഇവിടെ present ചെയ്തിരിക്കുന്നത്. ഒരു മാസമായിട്ട് അത് നമ്മുടെ വെബ്സൈറ്റിൽ ഉണ്ട്, എല്ലാവരും വായിച്ചു കാണുമെന്ന് വിശ്വസിക്കുന്നു. ഈ എഴുപത്തി ഏഴു പേജും വായിച്ചാൽ ഇന്ന് ഈ മീറ്റിംഗ് തരില്ല. അപ്പൊ ഹൈലൈറ് ആയിട്ട് കുറച്ചു പോയ്ന്റ്സ് ഞാൻ നോട്ടു ചെയ്തു വച്ചിട്ടുണ്ട്. അത് മാത്രം ഞാൻ ഇവിടെ ഡിസ്കസ് ചെയ്യാം.

ആദ്യമായിട്ട് നമ്മുടെ networth. Networth 36.17 crores നിന്നും 39.60 crores ആയിട്ടാണ് കഴിഞ്ഞ വര്ഷം ഉയർന്നത്, ഞാൻ നേരത്തെ സൂചിപ്പിച്ചു. ഒരു മാസത്തിൽ നമ്മൾക്ക് ആയിരത്തിലധികം പുതിയ ഇൻവെസ്റ്റർസ് ആണ് വരുന്നത്. ഇൻവെസ്റ്റർസ് എന്ന് പ റഞ്ഞാൽ അത് കസ്റ്റമേഴ്സ് ആണ്. നമ്മുടെ കമ്പനി ലിസ്റ്റഡ് ഒന്നും അല്ല. ഷെയറിൽ ലാഭം ഉണ്ടാക്കാനല്ലാ അവർ ചേരുന്നത്. നമ്മളായിട്ട് റിലേഷന്ഷിപ്പിന്റെ പേരിലും നെറ്റ്വർക്ക് മാർകെറ്റിംഗിന്റെ പേരിലും, നെറ്റ്വർക്ക് ആയിട്ട് അവർ പരിചയം ഉള്ള ആൾക്കാരോട് പറയുന്നു, അവർ നമ്മുടെ കമ്പനിയിലേക്ക് വരുന്നു. അങ്ങനെ ഏതാണ്ട്

ഇപ്പോഴത്തെ ലേറ്റസ്റ്റ് ആയിട്ട് 95000 + ഇൻവെസ്റ്റർസ്, shareholders നമുക്കുള്ള സമയമാണ്, അത് latest figure ഒക്കെ എടുക്കുകയാണെങ്കിൽ അത് ഒരു ലക്ഷത്തിനോട് വളരെ അടുത്ത് നിൽക്കുന്ന ഒരു സമയമാണ്. അത് വളരെ സന്തോഷം തരുന്ന ഒരു കാര്യമാണ്. നമ്മളുടെ കമ്പനിയിൽ, മുപ്പത്തി മൂന്നു വർഷമായ, നമ്മുടെ കമ്പനിയിൽ, നമ്മുടെ ഇൻവെസ്റ്ററിനു വളരെയധികം വിശ്വാസം ഉണ്ട്, വിശ്വാസം അർപ്പിച്ചിട്ടുണ്ട്. അത് തുടർന്ന് കൊണ്ടേയിരിക്കുന്നു. കഴിഞ്ഞ മാസം വരെയും ഞാൻ ഈ പറഞ്ഞ ആയിരത്തിലധികം പുതിയ customers ഓരോ മാസവും വന്നിട്ടുണ്ട് എന്ന് പറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. Paid up capital 29.42 crores നിന്നും 31.58 crores ആയി ഉയർന്നു, മുപ്പത്തി രണ്ടു കോടിയോളം Paid up മൂല ധനവും ഏതാണ്ട് എട്ടു കോടിയോളം റിസേർവും അങ്ങനെ around 40 ക്രോർസിൽ ആണ് നമ്മുടെ networth നിൽക്കുന്നത്. Audited balance sheet- ൽ വ്യക്തമായി ഇതിന്റെ bifurcations ഉണ്ട്, notes ഉണ്ട്. എല്ലാവരും പ്രത്യേകം ശ്രദ്ധിക്കുമെന്ന് വിചാരിക്കുന്നു..

രണ്ടാമത്തെ ഐറ്റം deposits ആണ്. Deposits 558 ക്രോർസിൽ നിന്നും 585 crores ആയിട്ടാണ് ഉയർന്നിട്ടുള്ളത്. ഡെപ്പോസിറ് സംബന്ധിച്ചു ഞാൻ നേരത്തെ പറഞ്ഞു, നമ്മുടെ മുപ്പതു വർഷത്തെ ഇൻവെസ്റ്റർസ് തന്നെയാണ്. അവർ വീണ്ടും വീണ്ടും, അവരുടെ ഇൻകം, അവരുടെ സേവിങ്സ് നമ്മുടെ കമ്പനിയിൽ തന്നെ കൊണ്ട് വരുന്നു. ഡെപോസിറ്റേഴ്സിനെ സംബന്ധിച്ചു കഴിഞ്ഞ 33 വർഷത്തിലേറെയായി ഒരു വിഷമവും ഉണ്ടായിട്ടില്ല. ബാലൻസ് ഷീറ്റിലെ നോട്ട് 17 ഒന്ന് ശ്രദ്ധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും, നമ്മടെ കമ്പനിയുടെ fixed deposits അതായത് unencumbered ആയിട്ട് മറ്റുള്ള ബാങ്കുകളിൽ സൂക്ഷിക്കുന്ന ഡെപ്പോസിറ്സ് ഏതാണ്ട് 50 കോടിയോളം വർധനവാണ് വന്നിരിക്കുന്നത്. 78 കോടിയിൽ നിന്ന് ഏതാണ്ട് 123 കോടിയായോ മറ്റോ ഉയർന്നിട്ടുണ്ട്, ഡെപ്പോസിറ്സ് ഫ്രണ്ടിൽ നമ്മൾ അഗ്ഗ്രസിവ് ആയിട്ടുള്ള മാർക്കറ്റിംഗ് ഒന്നും നടത്തിയിട്ടില്ല. അത് നമുക്ക്, 30 വർഷമായിട്ടുള്ള customers, അവരുടെ ഇൻകം, അവരുടെ സേവിങ്സ്, പുതിയതായിട്ടു വന്ന കസ്റ്റമേഴ്സിന്റെ സേവിങ്സ് ഇതെല്ലാമാണ് നമുക്കാവശ്യമുള്ള raw material, നമുക്കാവശ്യമുള്ള ഡെപ്പോസിറ്സ്, കടം കൊടുക്കേണ്ട ഡെപ്പോസിറ്സ്, അത് വളരെ സുഗമമായി തന്നെ നമുക്ക് എത്തി, അതിനു ഓരോ ഇൻവെസ്റ്റേഴ്സിനോടും ഓരോ ഡെപോസിറ്റേഴ്സിനോടും പ്രത്യേകം നന്ദി പറയാൻ കൂടി ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ഡെപ്പോസിറ് സൈഡിൽ നമ്മുടെ കമ്പനി വളരെ നന്നായി പെർഫോം ചെയ്തു. ഇനിയും ആളുകൾ ഡെപ്പോസിറ്സ് ചെയ്യാൻ തയ്യാറാണ്. നമ്മുടെ asset liability management എന്ന ഒരു ക്രൈറ്റീരിയൻ ഉണ്ടല്ലോ, വെറുതെ ഡെപ്പോസിറ്സ് ബാങ്കിൽ ഇട്ടാൽ rate of interest, നമ്മൾക്ക് കിട്ടുന്നത് വെറും 6 ശതമാനം മാത്രമായിരിക്കും, അല്ലെങ്കിൽ മാക്സിമം 7 ശതമാനം ആയിരിക്കും, പക്ഷെ നമ്മുടെ deposit rate അതിലും ഹയർ റേറ്റ് ആയിരിക്കും നമ്മൾ കൊടുക്കുന്നുണ്ടായിരിക്കുക, അപ്പൊ ഒരു prudent asset liability മാനേജ്മെന്റിന്റെ ഭാഗമായിട്ട് നമുക്ക് എത്ര ലോൺ കൊടുക്കാൻ പറ്റുമോ, ഈ വർഷത്തെ നമ്മുടെ ടാർഗറ്റ് എത്രയാണ്, ആ ടാർഗറ്റ് അനുസരിച്ചു deposit സമാഹരണം മാത്രമേ നമ്മൾ നടത്തുന്നുള്ളു. അത് കൊണ്ട് ഒരു aggressive thrust അതിനു കൊടുത്തിട്ടില്ല പക്ഷെ ഈ അവസരം, നമ്മളിൽ കാണിച്ച വിശ്വാസം, എല്ലാ depositors നമ്മളിൽ കാണിച്ച വിശ്വാസം, അതിനു നന്ദി പറയാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുന്നു,

അടുത്തതായി advances. ഒരു കമ്പനിയുടെ earning point, revenue മറ്റുള്ള കമ്പനികൾ വിറ്റു വരവ് എന്നു പറയുന്നത് പോലെ നമുക്ക് ഏർണിങ് വരുന്നത്, അഡ്വാൻസസിൽ നിന്നാണ്. കടം കൊടുക്കാമെന്നു പറഞ്ഞാൽ ക്ലീൻ ലോൺ ആയും, പ്രോപ്പർട്ടി ലോൺ ആയും വാങ്ങാൻ എത്രയോ ആളുകൾ ഉണ്ടായിരിക്കും. പക്ഷെ നമ്മുടെ കമ്പനിയിൽ, ചാർട്ടേർഡ് അക്കൗണ്ടന്റസും സീനിയർ ലെവൽ ബാങ്കേഴ്‌സും ആണ് ലോൺ പാസ് ആക്കാൻ ഇരിക്കുന്നത്, അവരുടെ മുൻപിൽ ഒരു ഫയൽ വന്നാൽ അതിന്റെ എല്ലാ വശങ്ങളും പഠിച്ചതിനു ശേഷം, പ്രൊഫഷണൽ ആയിട്ട് അത് economically viable ആണെങ്കിൽ മാത്രമേ ഒരു ലോൺ പാസ് ആയി പോവുള്ളു, ഫണ്ട് ഉണ്ടെന്നുള്ള ഒറ്റ

കാരണം കൊണ്ട് ഒരു ലോണും പാസ്സാകില്ല. നിയമ പരമായി, ക്രെഡിറ്റ് norms അനുസരിച്ചു viable ആയ loans and advances മാത്രമാണ് നമ്മുടെ കമ്പനി കൊടുക്കുന്നത്. അത് കൊണ്ട് ഇപ്പോൾ കഴിഞ്ഞ രണ്ടു വർഷത്തോളമായി, പ്രോപ്പർട്ടി ലോണിനു നമ്മൾ thrust കൊടുക്കുന്നെ ഇല്ല, ഗോൾഡ് ലോണിൽ മാത്രമാണ് നമ്മൾ thrust കൊടുക്കുന്നത്, ഗോൾഡ് loanൽ നമുക്ക് റിസ്ക് ഇല്ലാതില്ല, പക്ഷെ ആ റിസ്ക് എടുക്കാനുള്ള കപ്പാസിറ്റിയിലേക്ക് കമ്പനി എത്തി ചേർന്നിട്ടുണ്ട്. ഗോൾഡ് ലോണിനെ സംബന്ധിച്ച് നമുക്ക് വരുന്ന റിസ്ക്, ഇൻഡസ്ടറി സ്റ്റാൻഡേർഡ്സ് അനുസരിച്ചല്ല, നമ്മുടെ കമ്പനിയെ സംബന്ധിച്ച നമുക്ക് ഒരു ടു ഓർ ത്രീ പെർസെന്റ് വരുന്നുള്ളു. ആ റിസ്ക് പ്രൊവിഷൻസിൽ കൂടെ അല്ലെങ്കിൽ ഓവർ എ പീരീഡ് ഓഫ് ടൈമിൽ കൂടെ നമുക്ക് കവർ ചെയ്തു പോകാൻ പറ്റുന്നുണ്ട്. അത് കൊണ്ട് കഴിഞ്ഞ വർഷവും നമ്മൾ ഗോൾഡ് ലോണിൽ ആണ് thrust കൊടുത്തു കൊണ്ടിരുന്നത്. ഓവർ ഡ്യൂ ആയ ഗോൾഡ് ലോൺസ് covid പീരിയഡിൽ വന്ന ഓവർ ഡ്യൂ ആയിട്ടുള്ള ഗോൾഡ് ലോൺസ് ഉണ്ടല്ലോ, അത് നമ്മൾ നിയമപ്രകാരം വിറ്റു കൊണ്ടും, ഓക്ഷൻ ചെയ്തു കൊണ്ടും, ചെറിയ ചെറിയ തരത്തിലുള്ള compromise ചെയ്തു കൊണ്ടും, ആ പോർട്ട് ഫോളിയോ, വളരെ ഭംഗിയാക്കി, വളരെ കൃത്യമാക്കി, വളരെ പെർഫോമിംഗ് ആക്കി, മാറ്റി കൊണ്ടിരിക്കുകയാണ്.അതാണ് നമ്മുടെ അഡ്വാൻസസ് ഫ്രണ്ടിൽ നമുക്ക് പറയാനുള്ളത്. Real estate loans അല്ലെങ്കിൽ Property loans കൊടുക്കുന്നില്ല. Thrust മെയിൻ ഇതിലാണ്. പിന്നെ അഡ്വാൻസിൽ പറയാനുള്ളത് റിക്കവറിയുടെ കാര്യത്തിലും നമ്മൾ നല്ല thrust ആണ് കൊടുക്കുന്നത്. എല്ലാ രംഗങ്ങളിലും ചെലവ് കുറച്ചു റിക്കവറി കോമ്പറൊമൈസിൽ കൂടി നടത്തുന്ന ഒരു നയമാണ് നമ്മുടെ കമ്പനി കൊണ്ട് പോകുന്നത്, ഇനി ത്തുടർന്നും കൊണ്ട് പോകാൻ ഉദ്ദേശിക്കുന്നത്.

അഡ്വാന്സ്സ് കഴിഞ്ഞു അടുത്തത് പ്രോഫിറ്റസ് ആണ്. നമ്മുടെ net profit 315.02 ലക്ഷത്തിൽ നിന്നും 358.43 ലക്ഷമായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. നമുക്ക് ഇൻകം വല്ലാതെ കൂടിയിട്ടല്ല, മറിച്ചു ചിലവുകൾ കുറച്ചും, നേരത്തെ പറഞ്ഞ പോലെ, റിക്കവറിയിൽ വരുന്ന N.P.A ആയിട്ട്, നോൺ-പെർഫോമിംഗ് ആയിട്ടുള്ള അസ്സെറ്റിൽ ഒരു ഫിഫ്റ്റി പെർസെന്റോ സെവെൻറ്റി പെർസെന്റോ കിട്ടിയാൽ അത് വീണ്ടും ഡിപ്ലോയ് ചെയ്തു ഒരു ഫിഫ്റ്റീൻ പെർസെന്റ് yield നമുക്ക്എടുക്കാൻ കഴിഞ്ഞത് കൊണ്ടും, അങ്ങനെയാണ് നമ്മൾ ഈ പ്രൊഫിറ്റിൽ, ഈ പ്രോബ്ലെംസ് ഒക്കെ ഉള്ള പീരിയഡിൽ തന്നെയും, ഈ പ്രോഫിറ്, കാണിക്കാൻ കഴിഞ്ഞതും, അതിൽ നിങ്ങൾ ഓരോരുത്തരുടെയും കടപ്പാടുണ്ട്. കാരണം ഗോൾഡ് ലോണിനു നമുക്ക് വലിയൊരു ശൃംഖല തന്നെയാണ്. ഒരു ലക്ഷത്തിൽ, ഏതാണ്ട് ഒരു പെർസെന്റജ് കണക്ക് എടുത്തപ്പോൾ, eighty thousand ഷെയർ ഹോൾഡേഴ്സും ഗോൾഡ് ലോൺ കസ്റ്റമേഴ്സ് തന്നെയാണ്. അപ്പൊ ഇത്രയും ആളുകളുടെ ഗോൾഡ് ലോൺ വാങ്ങുന്നു, ക്രയവിക്രയം ചെയ്യുന്നു, ബ്രാഞ്ചുകളിൽ അത് അപ്പ്രൈസ് ചെയ്യുന്നു, അങ്ങനെ എല്ലാ തരത്തിലും നമ്മുടെ കമ്പനിയെ അനുഗ്രഹിക്കുന്നു എന്ന് തന്നെ പറയാം, ഗോൾഡ് ലോൺ കസ്റ്റമേഴ്സ് ആണ്. ഡെപ്പോസിറ്റർസ്നോട്, നന്ദി പറഞ്ഞ അതെ രീതിയിൽ തന്നെ, അതെ ഡിഗ്രിയിൽ തന്നെ, ഗോൾഡ് ലോൺ കസ്റ്റമേഴ്സിനോടും നന്ദി പറയുകയാണ്. ഗോൾഡ് ലോൺ കസ്റ്റമേഴ്സിന് നമ്മുടെ പ്രൊഡക്റ്റിന്റെ പ്രത്യേകത എന്താണെന്നു വച്ചാൽ, നമ്മുടെ പ്രൊമോട്ടേഴ്സ്, ഇവിടെ പലരും, ഇരിക്കുന്നുണ്ട് ഒരിക്കലും ഇരുപത്തി നാല് ശതമാനവും മുപ്പതു ശതമാനവും വാങ്ങിച്ചു കുറച്ചു ലാഭം കൂടുതൽ കാണിക്കണമെന്ന് പറഞ്ഞിട്ടില്ല. മേനോൻ സാർ വിളക്ക് കൊളുത്തിയത് കണ്ടില്ലേ, സാർ പറഞ്ഞിരിക്കുന്നത്, സാമ്പത്തിക സേവനം എന്നാണ്. നമ്മുടെ ചെയർമാൻ സാറും ഏതു മീറ്റിംഗിന് പോകുമ്പോഴും, സ്റ്റാഫ് ആയാലും, ഷിഫ്റ്റിംഗ് ആയാലും, പോവുകയാണെങ്കിൽ, ആദ്യം പറയുന്നത്, നമ്മുടെ കമ്പനി സാമ്പത്തിക സേവനം ആണ്, സാമ്പത്തിക സേവനം എന്ന് വച്ചാൽ, cut throat ആയിട്ട് നമ്മൾ ഒരു കാര്യവും ചെയ്യുന്നില്ല. നമ്മൾക്ക് ഒൻപത് ശതമാനം മുതൽ അല്ലെങ്കിൽ പതിനെട്ടു ശതമാനം വരെ, ഇത് ബാങ്കിൽ ഉള്ള പലിശ തന്നെയാണ്, ഒരു ബാങ്ക് വർക്ക് ചെയ്യുന്നത് പോലെയാണ് നമ്മുടെ കമ്പനി വർക്ക് ചെയ്യുന്നത്. അത്

കൊണ്ട് തന്നെയാണ് ഇത്രയധികം കസ്റ്റമേഴ്സ് നമ്മുടെ കമ്പനിയിൽ വന്നു കൊണ്ടിരിക്കുന്നത്. നമ്മുടെ ഫീൽഡ് സ്റ്റാഫ് പോവുന്നു, സംസാരിക്കുന്നു, നമ്മുടെ കമ്പനിയുടെ പ്രോഡക്ട്സിനെ പറ്റി പറയുന്നു, ഇതെല്ലാം അവർ പെട്ടന്ന് ആക്സപ്റ്റ് ചെയ്തു, നമ്മുടെ കമ്പനിയിലേക്ക് വരാനുള്ള കാരണം, ഇതിന്റെ പ്രൊമോട്ടേഴ്സ് തുടങ്ങി വച്ച, നമ്മൾ ഒരു ബാങ്ക് ആണ്, നമ്മൾ സാമ്പത്തിക സേവനമാണ്, അതെപ്പോഴും ഓർമ്മ വേണം, അങ്ങനെ വേണം നമ്മൾ പ്രവർത്തിക്കാൻ. അതിപ്പോഴും, ഇപ്പോഴത്തെ മാനേജ്മെന്റും, ഇപ്പോഴത്തെ സ്റ്റാഫും, അത് പോലെ തന്നെ continue ചെയ്തു പോകുന്നുണ്ട്. ഒരു വഴക്കോ, ഞാൻ കഴിഞ്ഞ ഒരു വർഷമായി, ഹെഡ് ഓഫീസ് അക്കൗണ്ട്സ്, നോക്കി കൊണ്ടിരിക്കുകയാണ്, പക്ഷെ ഒരു കംപ്ലൈന്റ് ലെറ്ററും വന്നിട്ടില്ല. ചെറിയ കംപ്ലൈന്റ് എല്ലാം ഞാൻ ഏതു മീറ്റിംഗിന് പോവുമ്പോഴും, സ്റ്റാഫ് മീറ്റിംഗ്, നമ്മൾ എല്ലാ റീജിയണിലും നടത്താറുണ്ട്. ആ മീറ്റിംഗിലൊക്കെ ചെന്നു പറയുന്നത്, കസ്റ്റമേഴ്സിന്റെ ചെറിയൊരു ഇഷ്യൂ ഒരിക്കലും നമ്മൾ വലുതാക്കരുത്, അതവിടെ തീർത്തു കൊടുത്തേക്കണം. അപ്പൊ ആ ഒരു നയം, ഇതിന്റെ പ്രൊമോട്ടേഴ്സ് തുടങ്ങി വച്ച അതെ നയം തന്നെയാണ് ഇപ്പോഴും continue ചെയ്യുന്നത് എന്ന് നിങ്ങളെ അറിയിക്കുന്നതിൽ, എനിക്ക് വളരെ സന്തോഷമുണ്ട്. അത് continue ചെയ്യാൻ നമ്മുടെ ബോർഡ് ഓഫ് ഡയറക്ടർസ്, അവരും എന്നോട് ചോദിക്കുന്നില്ല, മറ്റുള്ള കമ്പനികൾ നൂറു കോടിയും ഇരുനൂറു കോടിയും ലാഭം കാണിക്കുമ്പോൾ നിങ്ങളെന്താ ലാഭം കുറച്ച കാണിക്കുന്നേ, എന്നല്ല അവർ ചോദിക്കുന്നത്, ഇത് ഒരു, ഇത് നമ്മുടെ സ്വന്തം K.P.B.Nidhi കമ്പനി തന്നെയാണ്. ചെറിയ ചെറിയ ആൾക്കാരെ കേറ്റർ ചെയ്യേണ്ട കമ്പനി ആണ്. ഒരു മീഡിയം ലെവെലിലുള്ള പലിശകളൊക്കെ ചാർജ് ചെയ്യാൻ പാടുള്ളു. അത് കൊണ്ടാണ് നമ്മൾ വലിയ ഗ്രോത്തോ അല്ലെങ്കിൽ ഫിഗർ കൊണ്ടുള്ള ഗിമ്മിക്സോ കാണിക്കാതിരിക്കുന്നത്. പിന്നെ നമ്മുടെ കമ്പനി ഒരു രൂപ പോലും കടം ഇല്ല. ഗിമ്മിക്സ് കാണിക്കാനാണെങ്കിൽ കുറെ അധികം കടം എടുത്തു അത് ലെൻഡ് ചെയ്തു അതിൽ കുറെ ലാഭം നഷ്ടം അങ്ങനെ ഗിമ്മിക്സ് കാണിക്കാം, പക്ഷെ നമ്മുടെ കമ്പനി ഒരു ബാങ്കിൽ നിന്നോ ഒരു NBFC ഇൽ നിന്നോ ലോൺ എടുത്തിട്ടില്ല. പിന്നെ നിധി കമ്പനിയ്ക്കു എടുക്കാൻ പാടില്ല എന്ന നിയമം ഉണ്ട്. പക്ഷെ നമ്മൾ ആ നിയമം കൃത്യമായി പാലിച്ചു കൊണ്ട് തന്നെ ഒരു രൂപ പോലും വേറെ ആരുടെയെങ്കിലും കയ്യിൽ നിന്ന് ലോണോ ഒന്നും എടുക്കാതെയാണ് ബിസിനസ് ചെയ്തു കൊണ്ടിരിക്കുന്നത്. ഡെപോസിറ്റേഴ്സിനു ബാങ്ക് ഇന്ററസ്റ്റിനേക്കാളും ഏതാണ്ട് രണ്ടു ശതമാനത്തോളം കൂടുതലും അത് പോലെ തന്നെ അഡ്വാൻസിസിനു നമ്മൾ nine പെർസെന്റ് മുതൽ eighteen പെർസെന്റ് ആയിട്ടു, പല സ്കീംസ് ആയിട്ട്, വളരെ മാർക്കറ്റ് ഫ്രണ്ട്ലി ആയിട്ടും കസ്റ്റമർ ഫ്രണ്ട്ലി ആയിട്ടും ചെറിയ റീറ്റെയ്ൽ കസ്റ്റമേഴ്സിന് വളരെ ഉപയോഗ പ്രദമായ രീതിയിലുമാണ് നമ്മുടെ ലാഭം നമ്മൾ ഉണ്ടാക്കുന്നത് എന്ന് പറയുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ക്യാപിറ്റൽ പറഞ്ഞു, ഡെപ്പോസിറ്റ്സ് പറഞ്ഞു, അഡ്വാൻസസ് പറഞ്ഞു, പ്രോഫിറ്റ് പറഞ്ഞു, അടുത്ത പോയിന്റ് business per employee, അത് 2.69 കോടിയായിരുന്നു. അതായത് നമുക്ക് നാനൂറു എംപ്ലോയീസ് ഉണ്ട്. നമ്മുടെ ടോട്ടൽ ബിസിനസിനെ divide ചെയ്തു കിട്ടുന്ന ഫിഗർ ആണ്. അവരുടെ പ്രൊഡക്ടിവിറ്റി ആണ് അത് സൂചിപ്പിക്കുന്നത്. 2.69 കോടിയിൽ നിന്നും 3.02 കോടിയായി ഉയർന്നു. തീർച്ചയായിട്ടും അതിന്റെ ക്രെഡിറ്റ് നമ്മുടെ സ്റ്റാഫിന് തന്നെയാണ്.നമ്മുടെ സ്റ്റാഫ് ഫീൽഡിൽ ഉള്ള സ്റ്റാഫ് ആണ് ഹെഡ് ഓഫീസിൽ നിർദ്ദേശിക്കുന്ന സ്കീമുകൾ പുറത്തു കൊണ്ട് പോയി ആളുകൾക്ക് വിൽക്കുന്നതും അത് ബിസിനസ് ആക്കി convert ചെയ്യുന്നതും അതിന്റെ ലാഭം നമുക്കെല്ലാവർക്കും തരുന്നതും. അപ്പോൾ തീർച്ചയായിട്ടും business per employee യുടെ ഫുൾ ക്രെഡിറ്റ് നമ്മുടെ സ്റ്റാഫിന്റെ entire സ്റ്റാഫിന്റെ, ഹെഡ് ഓഫീസും ബ്രാഞ്ചെസും, ഉൾകൊള്ളുന്ന സ്റ്റാഫിന്റെ മികവുറ്റ പ്രവർത്തനം ഒന്ന് കൊണ്ട് മാത്രമാണ് ഈ per employee business മൂന്ന് കോടിയിലേക്ക് ഏതാണ് കഴിഞ്ഞത്. നമ്മുടെ ടാർജെറ് അഞ്ചു കോടിയാണ്. നമ്മുടെ ടാർജെറ്റിലോട്ട് പതുക്കെ പതുക്കെ കേറി കൊണ്ടിരിക്കുന്നു. per employee ബിസിനസിന്, ഇപ്പൊ, ബാങ്ക്സിൽ ഒക്കെ, നമ്മൾ, അഞ്ഞൂറ് കോടിയെന്നൊക്കെ പറയും. കാരണം അവരുടെ

അഡ്വാൻസ് റേറ്റ് ഒരു പാർട്ടിക്ക് തന്നെ, അഞ്ഞൂറ് കോടി, ആയിരം കോടി, രണ്ടായിരം കോടി ഒക്കെ കൊടുക്കും. പക്ഷെ നമുക്ക് കൊടുക്കാൻ പറ്റിയ മാക്സിമം റേറ്റ് പതിനഞ്ചു ലക്ഷം ആണ്. അത് കൊണ്ടാണ് നമ്മുടെ business per employee അധികം ജമ്പ് കാണിക്കാതിരിക്കുന്നത്. അപ്പൊ, even then, നമ്മൾ eighty five lakhs-ൽ നിന്നാണ്, over a period of time, ഈ മൂന്ന് കോടിയിലേക്ക് എത്തിയിരിക്കുന്നത്. അന്ന് eighty five lakhs ഉള്ളപ്പോൾ, at least, ഒരു കോടി എങ്കിലും എത്തട്ടെ, എന്നായിരുന്നു, നമ്മുടെ ടാർഗറ്റ്. ഇന്നിപ്പോ അതെല്ലാം ക്രോസ്സ് ചെയ്തു, ഇപ്പോൾ അത് അഞ്ചു കോടിയിലേക്ക് എത്തിക്കണം എന്നാണ് പറയുന്നത്. പക്ഷെ ഓവർ എ പീരീഡ് അത് നടക്കുമെന്ന് തന്നെയാണ് നമ്മുടെ വിശ്വാസം. ഇപ്പോഴത്തെ നമ്മുടെ കസ്റ്റമേഴ്സിന്റെ inflow, നമ്മുടെ മാർക്കറ്റിംഗ് സ്റ്റാഫിന്റേയും ഫീൽഡ് സ്റ്റാഫിന്റേയും മികവുറ്റ പ്രവർത്തനം, പല സ്ഥലങ്ങളിലും, അവര് പോയി ക്യാമ്പ് നടത്തിയിട്ടും, individual കസ്റ്റമേഴ്സിനെ അഡ്വൈസ് ചെയ്തിട്ടും, വളരെയധികം പുതിയ ആളുകളെ നമ്മുടെ കമ്പനിയിലേക്ക് കൊണ്ട് വന്നിട്ടുണ്ട്. അതിനെല്ലാം, ഈ ഒരു അവസരത്തിൽ, അവർക്ക് പ്രത്യേകം നന്ദി പറയുന്നു. ഇത്രയുമാണ് നമ്മുടെ കമ്പനിയുടെ ബിസിനസ് പാർട്ട്. ഞാൻ ഡെപ്പോസിറ്സ് ടച്ച് ചെയ്തു, business ടച്ച് ചെയ്തു, ക്യാപിറ്റൽ, പ്രോഫിറ്, advances, എല്ലാം ടച്ച് ചെയ്തു, നമ്മുടെ ജനറൽ ആയിട്ടുള്ള വ്യൂവും പറഞ്ഞു. ഇനി ഈ പുതിയ കസ്റ്റമേഴ്സ്, പുതിയ shareholders, പത്തു പന്ത്രണ്ടായിരം പേർ വന്നിട്ടുണ്ട്. അവർക്ക് ജസ്റ്റ് ഒരു നോട്ട് ആയിട്ട് പറയുകയാണ്. നിങ്ങളുടെ കമ്പനി കഴിഞ്ഞ മുപ്പത്തി മൂന്ന് വർഷമായിട്ട് വളരെ stable ആയിട്ട് പോകുന്ന കമ്പനിയാണ്. ഈ കമ്പനിക്ക് എൺപത്തി മൂന്ന് ബ്രാഞ്ചെസ് ഉണ്ട്. എൺപത്തി മൂന്ന് ബ്രാഞ്ചെസ് ഓൾ ഓവർ Kerala ആണ് ഉള്ളത്. ഈ ബ്രാഞ്ചെസ് എല്ലാം ആറു regional ഹെഡ്സിന്റെ കീഴിലാണ് വർക്ക് ചെയ്യുന്നത്. Regional heads, എന്ന് പറയുമ്പോ, Regional heads എല്ലാം നമ്മൾ സെലക്ട് ചെയ്തിരിക്കുന്നത് സീനിയർ ലെവൽ experienced ബാങ്കേഴ്സ് ആണ്. നമുക്ക് തിരുവനന്തപുരം മുതൽ കണ്ണൂര് വരെ ആറു റീജിയൻസ് ഉണ്ട്. തിരുവനന്തപുരം റീജിയൻ ഹെഡ് ചെയ്യുന്നത് Pradeep എന്ന ഫെഡറൽ ബാങ്കിൽ നിന്ന് റിട്ടയർ ചെയ്ത, ചീഫ് മാനേജർ ലെവലിൽ റിട്ടയർ ചെയ്ത, ഒരു ഓഫീസർ ആണ്. നമ്മുടെ തിരുവനന്തപുരം റീജിയൻ ഹെഡ് ചെയ്യുന്നത്, ഒരു സീനിയർ ബാങ്കർ റീജിയൻ ഹെഡ് ചെയ്യുമ്പോ കമ്പനിയുടെ compliance, കമ്പനിയുടെ പോളിസീസ്, അതെല്ലാം നോക്കി കൊണ്ടുള്ള ഗ്രോത്തും ബിസിനസ് ഡെവലപ്മെന്റും ആണ് ensure ചെയ്യുന്നത്. അക്കാരണം കൊണ്ട് തന്നെയാണ് റീജിയണൽ ഹെഡ് ലെവലിൽ ആളെ എടുക്കുമ്പോൾ സീനിയർ ലെവലിൽ ഇരുന്നു exposure ഉള്ള ബാങ്കേഴ്സിനെ, അവരെയാണ് വക്കുന്നത്. കാരണം ബിസിനസ് ചാടുമ്പോൾ, ബിസിനസ്സിന്റെ ചാട്ടത്തിൽ, നമ്മുടെ കംപ്ലയൻസോ, നമ്മുടെ നിയമമോ ഒന്നും തെറ്റിക്കാൻ പാടില്ല. അത് കൊണ്ടാണ്, ബാങ്കേഴ്സ് ആവുമ്പൊ അവർ ആദ്യം നോക്കുന്നത്, അക്കൗണ്ടബിലിറ്റി, നിയമങ്ങൾ, റിസേർവ് ബാങ്ക് ഓഫ് ഇന്ത്യ നിയമം, അപ്പൊ അത് കൊണ്ടാണ് കമ്പനി, നമ്മുടെ ബോർഡ് ഓഫ് ഡയറക്ടർസ് അങ്ങനെ ഒരു പോളിസി എടുക്കാൻ തന്നെ കാരണം അതാണ്. നമ്മൾ, റീജിയണൽ ഹെഡിന്റെ ഒരാളുടെ പേര് റെഫർ ചെയ്യുമ്പോൾ ചെയർമാൻ സാർ ആദ്യം ചോദിക്കും, ബാങ്കർ ആണോ, എത്ര വർഷം, ഏതെല്ലാം ലെവലിൽ വർക്ക് ചെയ്തിട്ടുണ്ട്, അങ്ങനെയാണ് തുടങ്ങുന്നത്. തിരുവനന്തപുരം കഴിഞ്ഞു കോട്ടയം, കോട്ടയത്ത് നമുക്ക് സുബ്രമണ്യൻ സാർ ഉണ്ട്. സാർ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്ന് റിട്ടയർ ചെയ്തതാണ്. ഡോക്ടർ സുബ്രമണ്യൻ ആണ്. ഡോക്ടറേറ്റ് ഒക്കെ നേടിയിട്ടുള്ള, highly qualified ആയിട്ടുള്ള ആളാണ് കോട്ടയത്ത് നമുക്കുള്ളത്, അദ്ദേഹവും വളരെ matured ആയിട്ട്, അദ്ദേഹത്തിന്റെ റീജിയൻ വളരെ ഭംഗിയായി കൊണ്ട് നടക്കുന്നു.അത് കഴിഞ്ഞു വരുമ്പോ നമുക്ക് എറണാകുളം. എറണാകുളത്തു വിജയകുമാർ സാർ. സാർ Indusind ബാങ്കിൽ നിന്ന് റിട്ടയർ ചെയ്തു, നമ്മുടെ കമ്പനിയിൽ ജോയിൻ ചെയ്തതാണ്. ഇവർക്കെല്ലാം പല ബാങ്കുകളിലെ experienceസും ഇത്ര വർഷത്തെ expertise സും എല്ലാം, ഈ ചെറിയ കമ്പനിയുടെ പത്തോ പതിനഞ്ചോ ബ്രാഞ്ചുകളുടെ റീജിയൻ ഇവർക്ക് കൊടുക്കുകയാണ്, അത് വളരെ ഇഫക്റ്റീവ് ആയിട്ട് അവർ ചെയ്തു കൊണ്ടിരിക്കുകയാണ്. എറണാകുളം റീജിയനും

വളരെയധികം നന്നായി മുന്നോട്ട് പോയ് കൊണ്ടിരിക്കുന്നു. എറണാകുളം കഴിഞ്ഞാൽ തൃശൂർ റീജിയൻ. തൃശൂർ റീജിയനിൽ നമുക്ക് വേണുഗോപാൽ സാർ ആണ്. സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്കിൽ, സീനിയർ പൊസിഷനിൽ, നിന്ന് റിട്ടയർ ചെയ്ത ആളാണ്. അദ്ദേഹവും തൃശൂർ ഏരിയയിലെ, എല്ലാ ബ്രാഞ്ചെസിനെയും കൺട്രോൾ ചെയ്തു പോകുന്നു. പാലക്കാട് റീജിയൻ സേതുമാധവൻ സാർ ആണ്. സാർ, ഫെഡറൽ ബാങ്കിലെ, സീനിയർ ലെവൽ,AGM ലെവലിൽ, ഓൾ ഇന്ത്യ EXPOSURE, ഒക്കെ കഴിഞ്ഞു നമ്മുടെ കമ്പനിയിൽ ജോയിൻ ചെയ്ത ആളാണ്. പാലക്കാട് റീജിയനും വളരെ നന്നായിട്ടു മുന്നോട്ട് പോയി കൊണ്ടിരിക്കുന്നു. അദ്ദേഹവും നിയമങ്ങൾ വിട്ട് ഒന്നും ചെയ്യാത്ത ഒരു ആളാണ്. പക്ഷെ growth ensure ചെയ്യുന്ന ഒരാളാണ്. എന്നത് പോലെ തന്നെ കണ്ണൂർ റീജിയൻ. കണ്ണൂർ റീജിയൻ നമുക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് വിരമിച്ച സതീഷ് സാർ ആണ് നോക്കി കൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന് അവിടെ നമ്പർ ഓഫ് ബ്രാഞ്ചെസ് ആ ഏരിയയിൽ കുറവാണ്. അപ്പൊ അദ്ദേഹത്തിന് ലെഫ്റ് ഹാൻഡ് കൊണ്ട് ചെയ്യാവുന്ന ബിസിനെസ്സ് ഉള്ളു അവിടെ. പക്ഷെ എങ്കിലും വളരെ ഇഫക്റ്റീവ് ആയിട്ട്, ഏറ്റവും കൂടുതൽ നമുക്ക് ബാങ്കേഴ്സ് എടുക്കുമ്പോ ഉള്ള ഗുണം, ഒരു mentor എന്നുള്ള കൺസെപ്റ്, അവർ ഈ സ്റ്റാഫിനെ ഒക്കെ അടുത്ത ലെവെലിലേക്ക് ഉയർത്തുകയാണ്. നമ്മൾ BSRB ടെസ്റ്റ് നടത്തിയിട്ടോ, പുതിയ ഒരു ടെസ്റ്റ് ഉണ്ടല്ലോ ബാങ്കേഴ്സിന്റെ, അതൊന്നും നടത്തിയിട്ടല്ല, ഇവരെ എടുക്കുന്നത്. ഇവരുടെ എക്സ്പീരിയൻസ് വച്ച് നോക്കുമ്പോ, അല്ലാതെ ഹൈലി ക്വാളിഫൈഡ് ആയിട്ടുള്ള ആൾക്കാരെയല്ല നമ്മൾ എടുക്കുന്നത്. അപ്പൊ ഇവരെയെല്ലാം ഇവരുടെ എക്സ്പീരിയൻസിൽ കൂടിയും നമ്മുടെ കൗൺസിലിങ്ങിൽ കൂടിയും ഉയർത്തി അടുത്ത ലെവെലിലേക്ക് കൊണ്ട് വരേണ്ട ഒരു ചുമതല നമ്മുടെ കമ്പനിക്കുണ്ട്. ആ ചുമതലയാണ് പലപ്പോഴും, നമ്മുടെ സീനിയർ ലെവൽ ബാങ്കേഴ്സ് ആയിട്ട് വച്ചിട്ടുള്ള, റീജിയണൽ ഹെഡ്സ് ചെയ്യുന്നത്. അപ്പൊ അങ്ങനെയാണ് നമ്മുടെ റീജിയണൽ സെറ്റപ്പ്. ആറു റീജിയൻസ് ഉണ്ട്. അത് കഴിഞ്ഞു നമ്മൾ നേരെ ഹെഡ് ഓഫീസിലേക്ക് വരുന്നു. ഹെഡ് ഓഫീസിലും ഇത് പോലെ തന്നെ ഓരോ ഡിപ്പാർട്മെന്റും ഹെഡ് ചെയ്യുന്നത് സീനിയർ ലെവൽ ബാങ്കേഴ്സ് ആണ്. ഇപ്പൊ, ജി.എം, നമ്മൾ നേരത്തെ ഇവിടെ കണ്ടു, ജി.എം. ഫെഡറൽ ബാങ്കിലെ AGM ആയിരുന്നു. നമ്മുടെ ഹെഡ് ഓഫീസിലെ I.T, H.R. Operations, ഇതിന്റെയെല്ലാം ഡയറക്റ്റ് ചാർജ് ജി.എം.ന് ആണ്. ജി.എം.ഇന്റെ എക്സ്പോഷറും groom ചെയ്യാനുള്ള കഴിവും കൊണ്ട് ഈ ഡിപ്പാർട്മെന്റുകൾ വളരെ effective ആയി work ചെയ്യുന്നു. ഇവരെല്ലാം ഇത്രയും ബ്രാഞ്ചെസ് ആയിട്ടുള്ള കോ-ഓർഡിനേഷൻ, HR ലെവലിൽ ആയാലും, സോഫ്റ്റ്വെയർ ലെവലിൽ ആയാലും, IT ലെവലിൽ ആയാലും, ഇതെല്ലാം ചെയ്യുന്ന ഒരു കോർഡിനേഷനും കാര്യങ്ങളും എല്ലാം ജി.എംഇന്റെ ഡയറക്റ്റ് കൺട്രോളിൽ ആണ് അവിടെ ഉള്ളത്. പിന്നെ business development. Business Development എന്ന് പറയുമ്പോൾ, നമുക്കറിയാം, അവിടെ ബാങ്കറെ വച്ചാൽ, ചിലപ്പോ നമ്മൾ ഉദ്ദേശിച്ച, എല്ലാം ബാങ്കേഴ്സ് ആയി കഴിയുമ്പോൾ, നമുക്കവിടെ ബിസിനസ് അക്യൂമെൻ, അല്ലെങ്കിൽ ബിസിനസ് അഗ്രെസ്സിവെൻസ് ചിലപ്പോ, നഷ്ടപ്പെടും. അവിടെ നമ്മൾ ചെയ്തിരിക്കുന്നത്, prudent ആയിട്ട് കമ്പനി ചെയ്തിരിക്കുന്നത്, ഇതൊക്കെ വളരെ നേരത്തെ കഴിഞ്ഞ കാര്യങ്ങളാണ്, ഞാനതു പുതിയ ആൾക്കാർക്ക് പറഞ്ഞു തരികയാണ്. How our Company is functioning, how we are making profits, how we are transparent, ഇതെല്ലാം നമ്മുടെ എല്ലാ shareholders അറിഞ്ഞിരിക്കേണ്ട കാര്യമാണ്. ഈ ഒരു അവസരത്തിൽ മാത്രമാണ് നിങ്ങളോടു interact ചെയ്യാൻ പറ്റുന്നത്, ഇത്രയും കമ്പനിയുടെ കാര്യങ്ങൾ പറഞ്ഞു തരാനും സാധിക്കുന്നത്. അത് കൊണ്ടാണ് ഞാൻ ഈ പോയിന്റ് പറയുന്നത്. അപ്പോൾ ഹെഡ് ഓഫീസ് ലെവലിൽ, business development head ചെയ്യുന്നത് ഏറ്റവും വലിയ പ്രൈവറ്റ് N,.B.F.Csസിൽ ഒക്കെ വർക്കെയ്തു വളരെ അധികം എക്സ്പീരിയൻസ് ഉള്ള മധു.ജി.നായർ ആണ്. Business expansion വേണ്ടീട്ടും business development വേണ്ടീട്ടും marketing വേണ്ടീട്ടും ഒരു ടീമിനെ നയിക്കാനും ടീം വർക്ക് ആയിട്ട്കാര്യങ്ങൾ കൊണ്ട് വരാനും കഴിവുള്ള ആളുകൾ ആണ് ആ department head ചെയ്യുന്നത്. അത് അറിഞ്ഞു കൊണ്ട്തന്നെ, ജഗദീശൻ സാർ ഒക്കെ ഉള്ള

സമയത്താണെന്നു തോന്നുന്നു, മധു,ജി,നായരെ ആ ടീമിലേക്ക് എടുത്തു. അദ്ദേഹത്തിന്റെ എക്സ്പോഷറും അദ്ദേഹത്തിന്റെ മാർകെറ്റിംഗിൽ ഉള്ള കഴിവുകളും വളരെയധികം പ്രശംസനീയമാണ്. അത് കൊണ്ട് തന്നെയാണ് figures എല്ലാം ഈ പ്രശ്നങ്ങളിൽ കൂടെ കടന്നു പോകുമ്പോഴും, നമ്മുടെ ഡെപ്പോസിറ്റും, അഡ്വാൻസും, ഗോൾഡ് ലോണും എല്ലാം, ഉയർന്നു തന്നെ, ഗ്രാഫ് താഴാതെ പോകുന്നതും, ഇത് പോലെയുള്ള പ്രൈവറ്റ് സ്ഥലങ്ങളിൽ നിന്ന് experienced ആയിട്ടുള്ള ആൾക്കാരെ മാർകെറ്റിംഗിലും അത് പോലെ തന്നെ ഡെവലപ്മെന്റിലും ഇട്ടതു കൊണ്ട് തന്നെയാണ്. പിന്നെ നമുക്ക് വേണ്ടതെന്താ ഹെഡ് ഓഫീസിൽ? ഇത്രയും ബ്രാഞ്ചെസിൽ കൂടെയാണ് നമ്മൾ സ്വർണവും പണവും വിപണനം ചെയ്യുന്നത്. ഇതിനൊരു സെക്യൂരിറ്റി വേണ്ടേ? അതും നിങ്ങളുടെ കമ്പനി ചെയ്തിട്ടുണ്ട്. ഒരു റിട്ടയേർഡ് D.Y.S.P യുടെ കീഴിൽ ചീഫ് സെക്യൂരിറ്റി ഓഫീസർ ആയി ഒരു നാലഞ്ച് senior ലെവലിൽ പോലീസ് ഓഫീസർസ് നമ്മുടെ entire ബ്രാഞ്ചെസ്, ബ്രാഞ്ചെസ് സദാസമയവും, visit ചെയ്തു കൊണ്ടിരിക്കുന്നു, ക്യാമെറയിൽ view ചെയ്തു കൊണ്ടിരിക്കുന്നു. ഇതാണ് സെക്യൂരിറ്റി. ഈ കാര്യങ്ങളിൽ എല്ലാം നമുക്ക് പോലീസുകാരാവുമ്പോൾ, ഇതെല്ലാം അവരുടെ കണ്ണിൽ പെടും, സെക്യൂരിറ്റി എന്ന് വച്ചാൽ വേറെ ഒരാളുടെ threat മാത്രമല്ല, internally എങ്ങനെയുണ്ട്, ഒരാൾ സ്ഥിരമായിട്ട് ഹെഡ് ഓഫീസിൽ ലെവലിൽ മാത്രമൊരു S.I ലെവലിൽ, ഈ സിസ്റ്റമായിട്ട്, കഴിഞ്ഞ വർഷങ്ങളിൽ കഴിഞ്ഞ പത്തോ ഇരുപതോ വർഷമായി ആ ഡിപ്പാർട്മെന്റിൽ മാത്രം ജോലി ചെയ്ത ഒരാളാണ് നമ്മുടെ ഹെഡ് ഓഫീസിൽ ഇരിക്കുന്നത്. പുള്ളിക്ക് നമ്മുടെ 83 ബ്രാഞ്ചെസിനെ കാണാൻ കഴിയും. സംശയം തോന്നിയ, ബ്രാഞ്ചെസിനെ, അപ്പോൾ കണക്ക് ചെയ്തു കഴിഞ്ഞാൽ, അദ്ദേഹത്തി നു കാണാൻ കഴിയും, business development കഴിഞ്ഞു, CS കഴിഞ്ഞു, ഇനി credit and recovery. Credit and recovery നമുക്ക് ഹെഡ് ചെയ്യുന്നത് കാനറാ ബാങ്കിൽ നിന്നും ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും വിരമിച്ച സീനിയർ ലെവൽ, AGM ലെവലിൽ നിന്ന് വിരമിച്ച ഓഫീസർസ് ആണ്. എല്ലാം മാനേജ് ചെയ്തു പോയി കൊണ്ടിരിക്കുന്നത്. അവരുടെ ഉപദേശ പ്രകാരമാണ് അല്ലെങ്കിൽ അവരുടെ ഐഡിയയിൽ ആണ് നമ്മൾ ഇപ്പോൾ പലപ്പോഴും പല compromise-ൽ എത്തുന്നതും അവരെല്ലാം ഡയറക്റ്റ് കസ്റ്റമേഴ്സിനെ visit ചെയ്യുന്നു, അവരെല്ലാം ഡയറക്റ്റ് കസ്റ്റമേഴ്സിനെ interact ചെയ്യുന്നു. പല കസ്റ്റമേഴ്സ് ഇവിടെ വരുന്നു, സംസാരിക്കുന്നു. ഇവരുടെ 38 കൊല്ലത്തെയും 35 കൊല്ലത്തെയും ബാങ്കിങ് എക്സ്പീരിയൻസ് നമുക്ക് ലഭ്യമാവുകയാണ്. സാധാരണ ഒരു കമ്പനിക്ക് ഇല്ലാത്ത ഒരു പ്രിവിലേജ് ആണ് അത്. ഓരോ കേസുകളും എന്റെ മുന്നിലെത്തുമ്പോൾ ഞാൻ അല്ല അത് ഡയറക്റ്റ് ഇൻവോൾവ് ചെയ്യുന്നത്. ഇവർ ബ്രാഞ്ചെസിനെ വിളിക്കുന്നു. ബ്രാഞ്ചെസിലെ ആളുടെ നമ്പർ കൊടുക്കുന്നു, അവർ നമ്മുടെ ബാങ്കേഴ്സുമായി interact ചെയ്യുന്നു, ബാങ്കിൽ 35 വർഷം ആയി വർക്ക് ചെയ്ത ആളാണ് സംസാരിക്കുന്നെ എന്ന് പറയുമ്പോൾ borrowers പിന്നെ കൂടുതൽ നിയമം ഒന്നും നമ്മളോട് പറയില്ല. മറ്റേത്, ഒരു പ്രൈവറ്റ് കമ്പനിയോട് ചെന്നിട്ട്, അവരെടുക്കുന്ന ഒരു നയം ആയിരിക്കില്ല സീനിയർ ലെവൽ ബാങ്കേഴ്സിനോട് നമ്മുടെയൊരു റിക്കവറി clients എടുക്കുന്നത്. അത് കൊണ്ട് മാത്രമാണ് നമുക്ക് ഇത്രയധികം compromise settlement നടത്താൻ പറ്റിയത്. കഴിഞ്ഞ വർഷം നമ്മൾ പത്തു കോടി റിക്കവർ ചെയ്തു, നിങ്ങളുടെ ബാലൻസ് ഷീറ്റ് നോക്കിയാൽ കാണാം, പത്തു കോടിയിലധികം റിക്കവറി വന്നിട്ടുണ്ട്. ഈ വർഷം ഇത് വരെയാണെങ്കിലും മൂന്നു മൂന്നര കോടിയോളം നമുക്ക് റിക്കവറി വന്നിട്ടുണ്ട്, ഇതെല്ലാം സാധ്യമാവുന്നത്, ഇത്പോലുള്ള പ്രവർത്തനം ഹെഡ്ഓഫീസിൽ സീനിയർ ലെവൽ ബാങ്കേഴ്സിനെ ഉപയോഗിച്ചിട്ടാണ് നിങ്ങളുടെ കമ്പനി ചെയ്തു കൊണ്ടിരിക്കുന്നത്.പിന്നെ ഷെയർ ഡിപ്പാർട്മെന്റ്. ഷെയർ ഡിപ്പാർട്ടമെന്റ് മാനേജ് ചെയ്യാന്നു വച്ചാൽ വളരെയധികം വിഷമമാണ്. .ഒരു ഭാഗത്തു ട്രാൻസ്ഫെറിനുള്ള അപേക്ഷകൾ, ഒരു വശത്തു പുതിയ പുതിയ കസ്റ്റമേഴ്സിന്റെ റിക്വസ്റ്റുകൾ. Share department ഇതെല്ലാം മാനേജ്ചെയ്യാൻ നമുക്ക് ഉണ്ട്, അവിടെ കമ്പനി സെക്രട്ടറി ഉണ്ട്. അത് ഹെഡ് ചെയ്യാൻ ഇന്ത്യൻ ബാങ്കിൽ നിന്ന് വിരമിച്ച ഷാജു സാർ ഉണ്ട്, വളരെ effective ആയിട്ട് ആ department, ഷെയർ department അവിടെ നടന്നു പോവുന്നു. പിന്നെ

അക്കൗണ്ട്സ് ഓഡിറ്റ് department. അത് ഫെഡറൽ ബാങ്കിലെ experienced ആയിട്ടുള്ള പ്രസാദ് സാർ ആണ് ആ department head ചെയ്യുന്നത്, അതിന്റെ കീഴിലുള്ള മൂന്നോ നാലോ സ്റ്റാഫുകൾ, അവരെല്ലാം ഇപ്പോൾ ആ സെക്ഷനിൽ adept ആയി കഴിഞ്ഞു. ആ സെക്ഷനിൽ കോർ ബാങ്കിങ്, എല്ലാരും ബാങ്കേഴ്സ് ആയതിന്റെ ഒരു ഗുണം എന്താണെന്നു വച്ചാൽ നമ്മുടെ ബാങ്ക് അക്കൗണ്ട് കീപ് ചെയ്യുമ്പോൾ ഏറ്റവും ബേസ്റ്റ് പാക്കേജ് നമുക്ക് തിരഞ്ഞെടുക്കാൻ കഴിയും. ഇപ്പൊ നമുക്ക് കിട്ടിയ ഒരു പാക്കേജ് അങ്ങനെയാണെങ്കിൽ നമ്മുടെ ഫൻഡ്സ്, ചെറിയ ഫൻഡ്സ് മാത്രം കറൻറ് അക്കൗണ്ടിൽ കീപ്ചെയ്തു, കൂടുതൽ ഫൻഡ്സ്ബാക്കി വരുന്ന ഫൻഡ്സ് എല്ലാം ഒരു FD അക്കൗണ്ടിലേക്കു മാറ്റും, ഫണ്ട് ആവശ്യം വരുമ്പോൾ തിരിച്ചു കറന്റ് അക്കൗണ്ടിലേക്ക് വരും, മാത്രമല്ല net ബാങ്കിങ്സൗകര്യവും, നമ്മുടെ ഓഫീസിലെ സെക്യൂരിറ്റി സിസ്റ്റംസ് പാലിച്ചു കൊണ്ട് ഓഫീസിലെ, ഹെഡ് ഓഫീസിലെ, സീനിയർ ലെവൽ ഉദ്യോഗസ്ഥർക്കു ഹെഡ് ഓഫീസിൽ ഇരുന്നു ഏതു ബ്രാഞ്ചിലെ ട്രാൻസ്ഫെഴ്സും, ഏതു ബ്രാഞ്ചിലെ നെഫ്റ്റും, RTGS. ഒക്കെ ചെയ്തു കൊടുക്കാൻ കഴിയും. ഇന്നത്തെ കാലം നിങ്ങൾക്കറിയാം. സാധാരണ ഒരു ബാങ്കിൽ കേറി പോയാൽ ഒരു സർവീസും നിങ്ങൾക്ക് കിട്ടില്ല, പക്ഷെ പഴ്സണലൈസ്ഡ് സർവീസും, അവർ പല കസ്റ്റമേഴ്സ്, സീനിയർ ലെവൽ കസ്റ്റമേഴ്സ്, നെഫ്റ്റും RTGS ചെയ്യുന്നത്, നമ്മളിൽ കൂടെയാണ്ചെയ്യുന്നത്, അവരുടെ അക്കൗണ്ട് നമ്മുടെ അടുത്തുണ്ട്, അവരുടെ റിക്വസ്റ്റ് അനുസരിച്ചു നമ്മൾ അവരുടെ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്തു കൊടുക്കുന്നു. അത് വളരെ ഫലപ്രദമായി ചെയ്യാൻ കഴിയുന്നത്, നമ്മടെ head office ടീം ബാങ്കേഴ്സ് ആയതു കൊണ്ടും, നമ്മുടെ ബാങ്കേഴ്സ് നമ്മുടെ കമ്പനിക്ക് എല്ലാ സൗകര്യങ്ങളും ചെയ്തു തരുന്നതു കൊണ്ടാണ്. അങ്ങനെയാണ് അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ്ടീം. പിന്നെ നമ്മുടെ വിജിലൻസ് department. Vigilance department, ഹെഡ്ചെയ്യുന്നത് മോഹൻ കുമാർ എന്ന പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് retire ചെയ്ത ഒരു ഓഫീസർ ആണ്, സീനിയർ ഓഫീസർ ആണ്, വിജിലൻസ് department മിക്കവാറും എല്ലാ ബ്രാഞ്ചുകളിലും രണ്ടു മാസത്തിലൊരിക്കൽ ഒരു visit നിർബന്ധമായി നടത്തിയിരിക്കും, നമ്മൾ ഡീൽ ചെയ്യുന്നത്, business figure മാത്രം നോക്കിയാ പോരല്ലോ, നമ്മൾ ഡീൽ ചെയ്യുന്ന സ്വർണവും പണവുമാണ്. സർപ്രൈസ് ഇൻസ്പെക്ഷൻ ഓഫ് ക്യാഷ്, സർപ്രൈസ് ഇൻസ്പെക്ഷൻ ഓഫ് ഗോൾഡ് പാക്കറ്റ്സ്, റാൻഡം ഇൻസ്പെക്ഷൻ ഓഫ് പ്യൂരിറ്റി, ഇതിനെല്ലാം നമുക്ക് സംവിധാനങ്ങളുണ്ട്. നമ്മുടെ സ്റ്റാഫിനെ head ഓഫീസിൽ വിളിച്ചു വരുത്തിയിട്ടും ഓരോ റീജിയണൽ ലെവലിൽ ആയാലും നമുക്ക് experts ആയിട്ടുള്ള അപ്പ്റൈസേഴ്സ്, സെർട്ടിഫൈഡ് ആയിട്ടുള്ള അപ്പ്റൈസേഴ്സ് നമ്മുടെ head office ലെവലിൽ ഉണ്ട്, അവർക്കു ട്രെയിനിങ് കൊടുക്കും ഹൌ റ്റു അപ്രൈസ്? അപ്പൊ നമ്മുടെ സ്റ്റാഫ് എല്ലാം അറ്റ്ലീസ്റ് അവർ one notch മീതെ, ഓരോ ട്രെയിനിങ് കഴിയുമ്പോൾ one notch മീതെ വന്നു കൊണ്ടിരിക്കും, ഇത്രയും കാര്യങ്ങളാണ് നമ്മൾ ഹെഡ് ഓഫീസിലൂടെ ഡിപ്പാർട്മെന്റ്സിലൂടെ ചെയ്തു കൊണ്ടിരിക്കുന്നത്, പിന്നെ IT ഡിപ്പാർട്മെന്റിനെ കുറിച്ച നേരത്തെ പറഞ്ഞു, IT ഡിപ്പാർട്മെന്റിൽ ക്വാളിഫൈഡ് ആയിട്ടുള്ള professionals തന്നെയാണ് ഡീൽ ചെയ്തു കൊണ്ടിരിക്കുന്നത്. ജി.എം അതിന്റെ ചാർജ് ആയിട്ട് ഇരിക്കുന്നു, അത് കൊണ്ട് മാത്രമാണ് നമുക്ക് പുതിയ software implementation, കഴിഞ്ഞ മീറ്റിംഗിൽ ചെയർമാൻ സാറിന്റെ ഒരു പ്രസ്താവന ഉണ്ടായിരുന്നു, നമ്മൾ ജനുവരി ഒന്നിന് പുതിയ സോഫ്റ്റ്വെയർ ഇമ്പ്ലിമെൻറ്ചെയ്യുന്നു എന്ന്, ആ സോഫ്റ്റ്വെയർ implementation വളരെ ഇഫക്ടീവ് ആയിട്ട് ചെയ്യാൻ സാധിച്ചു. എല്ലാ ബ്രാഞ്ചെസിലും എല്ലാ സ്റ്റാഫിനെയും, നമ്മൾ ആലുവയിൽ വിളിച്ചു training നടത്തി കൊടുത്തു, ഹാൻഡ്സ് ഓൺ ട്രെയിനിങ് കൊടുത്തു, നമ്മൾ പത്തോ ഇരുപത്തിയഞ്ചോ ലാപ്ടോപ് വാടകക്കെടുത്തു, ഹാൻഡ്സ് ഓൺ ട്രെയിനിങ് കൊടുത്തു. ഒരു പുതിയ പാക്കേജിലേക്ക് നമ്മുടെ entire വർക്ക്ഫോഴ്സിനെ within 2 weeks, ട്രെയിനിങ് കൊടുത്തു ചാലു ആക്കി എന്ന്പറയാം, within 3 days, നമ്മൾ ഉദ്ദേശിച്ചത് ഒരു one week നമുക്ക് ഒരു ബ്ലോക്ക് ഉണ്ടാവുമെന്നാണ്, പക്ഷെ ഒരു ബ്ലോക്കും ഇല്ലാതെ just like that, ജനുവരിയിൽ നമ്മൾ പുതിയ software package ലേക്ക് മാറി. അതിന്റെ ഗുണം എന്താന്നെന്നു വച്ചാൽ, കുറെ കൂടി സെക്യൂരിറ്റി, നമ്മുടെ ബിസിനസ്

കൂടുന്നതിനനുസരിച്ചു, നമ്മൾ ആയിരം കോടി ക്കു മീതെയാവുമ്പോൾ, സെക്യൂരിറ്റി സിസ്റ്റം കൂടി സെക്യൂർഡ് ആയിരിക്കണമല്ലോ, അത് കൊണ്ട് പുതിയ സിസ്റ്റം, അത്കൊണ്ടാണ്, ആ സിസ്റ്റം opt ചെയ്യത്. ഇനി ഒരു, സാർ നേരത്തെ പറഞ്ഞ പോലെ, ഒരു നൂറു ബ്രാഞ്ച് ഓപ്പൺ ചെയ്താലും, ഈ സിസ്റ്റം നമ്മളെ സപ്പോർട്ട്ചെയ്യും, നമുക്ക് affordable cost വന്നിട്ടുള്ളൂ, അതിനു നമ്മുടെ ടെക്നിക്കൽ ഡയറക്ടർസ് എല്ലാം വളരെ helpful ആയിരുന്നു, negotiation ആയാലും, implementation ആയാലും, എല്ലാ സ്റ്റേജും, അപ്പൊ തീർച്ചയായിട്ടും സോഫ്റ്റ് വെയറും IT ഡിപ്പാർട്മെന്റും ഒരു പ്രശംസ അർഹിക്കുന്നു, ഈ അവസരം ഞാൻ അതിനു വിനിയോഗിക്കുന്നു, അപ്പൊ ഹെഡ് ഓഫീസിലെ എല്ലാ ഡിപ്പാർട്മെന്റ്സും ഞാൻ ടച്ച്ചെയ്യു എന്നാണ് ഉദ്ദേശിക്കുന്നത്, പിന്നെ വലിയൊരു കാര്യം compliance angle ആണ്. സാർ നേരത്തെ പറഞ്ഞു NDH-4, പല കമ്പനികൾക്കും ഇത് വലിയൊരു തലവേദനയായിരിക്കുകയാണ്. Thanks to our predecessors, ജഗദീശൻ സാറിന്റെയൊക്കെ അഡ്വൈസ് കാരണമാണ്, നമ്മുടെ ഷെയർ ഡിപ്പാർട്മെന്റും, minutes കീപ്ചെയ്യുന്നതും, അതിന്റെ ഫോംസ് അയക്കുന്നതും, എല്ലാം വളരെ സിസ്റ്റമാറ്റിക് ആയിട്ടാണ് നമ്മുടെ കമ്പനിയിൽ നടക്കുന്നത്, അത് കൊണ്ടാണ് നമുക്കൊരു rejection വരാതിരുന്നത്. നമ്മടെ എല്ലാ ഫൈലിങ്ങും വളരെ കൃത്യമായിട്ടാണ്പോയി കൊണ്ടിരിക്കുന്നത്, അപ്പൊ compliance ലെവലിൽ നമ്മുടെ കമ്പനി എല്ലാ നിയമവും പാലിച്ചു കൊണ്ടാണ് മുന്നോട്ട്പോയി കൊണ്ടിരിക്കുന്നത്, അതിനു നമുക്ക് ഒരു പ്രാക്ടിസിങ് കമ്പനി സെക്രട്ടറിയുടെ സേവനം ഉണ്ട്, ഒരു സീനിയർ കമ്പനി സെക്രട്ടറി അഡ്വൈസർ ആയിട്ടുണ്ട്.പിന്നെ ഫുൾ ടൈം ആയിട്ടുള്ള കമ്പനി സെക്രട്ടറി നമ്മുടെ സ്ഥാപനത്തിൽ തന്നെയുണ്ട്, അപ്പോൾ compliance angle, അവർ വളരെ ഇൻഡിപെൻഡന്റ് ആയിട്ട് ആ കാര്യങ്ങളെല്ലാം കൃത്യമായിട്ട്നോക്കി കൊണ്ടിരിക്കും, ഡയറക്റ്റ് ആയിട്ട് Ministry of Corporate Affairsൽ അയക്കേണ്ട papers എല്ലാം അതാതു സമയങ്ങളിൽ അവർ അയച്ചു കൊണ്ടിരിക്കുന്നു, ഇതാണ് നമ്മുടെ കമ്പനിയുടെ സെറ്റ് അപ്പ്. compliance angle പറഞ്ഞു. ഇനി ഇതിന്റെ എല്ലാം മീതെ ബോർഡ് എന്ത്ചെയ്യുന്നു? ഇത്രയും കാര്യങ്ങൾ താഴെ ലെവെലിലും ഹെഡ് ഓഫീസിൽ ലെവെലിലും നടക്കുമ്പോൾ ഈ ബോർഡ് എന്താ ചെയ്യുന്നത്? ബോർഡിൽ നമുക്ക് ഓഡിറ്റ് കമ്മിറ്റി ഉണ്ട്, ഓഡിറ്റ് കമ്മിറ്റിയിൽ എന്ത് പറയണം, ഓഡിറ്റ്ക്കാർ എന്തെല്ലാം നടത്തി, വിജിലൻസ് എന്തെല്ലാം നടത്തി, അതവർ once in two months , ശരിക്കും ഒരു ക്വാർട്ടറിൽ ഒരു മീറ്റിംഗ് നടത്തിയാൽ മതി, പക്ഷെ നമ്മുടെ കമ്പനിയിൽ രണ്ടു രണ്ടര മാസത്തിനുള്ളിൽ,അപ്പൊ കമ്പനി സെക്രട്ടറി ഡിപ്പാർട്മെന്റ് എപ്പോഴും ബിസി ആയിരിക്കും, ഒന്ന് അജണ്ട ഫിക്സ് ചെയ്യു, മീറ്റിംഗ് കഴിഞ്ഞു, അതിന്റെ minutes എഴുതി, അപ്പൊ അടുത്ത അജണ്ടയുടെ സമയമായി, അതിന്റെ returns ഫയൽ ചെയ്യു, അങ്ങനെ വെരി ബിസി ആണ് അവരുടെ ഡിപ്പാർട്മെന്റ്. ഓഡിറ്റ് കമ്മിറ്റി മീറ്റിംഗ് നടത്തുന്നു. ഓഡിറ്റ് കമ്മിറ്റി മീറ്റിംഗിന് അവർ വെറുതെ വന്നിരുന്നു പോകുന്ന ആൾക്കാരല്ല. ഞാൻ നേരത്തെ പറഞ്ഞു, Valiathan സാർ വന്നിരുന്നു. ഇപ്പൊ നമുക്ക് സീനിയർ ലെവൽ ആയിട്ടുള്ള മോഹൻദാസ് സാർ ആണ്, ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ആണ്. പിന്നെ രാജിമോൾ ആണ്. ഇവയെല്ലാമാണ് ഓഡിറ്റ് കമ്മിറ്റിയിൽ വരുന്നത്. അവർക്ക് കാര്യം കണ്ടാൽ മനസ്സിലാകും.അവരുടെ അഡ്വൈസ് നമുക്ക് ഓരോ പോയിന്റിലും കിട്ടും. എങ്ങനെ കറക്റ്റ് ചെയ്യണം, എവിടെ കറക്റ്റ് ചെയ്യണം, അപ്പൊ അതാണ് ഓഡിറ്റ് കമ്മിറ്റി. പിന്നെ എല്ലാ സാങ്ക്ഷൻസും ക്രെഡിറ്റ് കമ്മിറ്റി ആണ് നടത്തുന്നത്. ക്രെഡിറ്റ് കമ്മിറ്റിയിലും ഇത് പോലെ ഡയറക്ടർസിന്റെ റെപ്രെസെന്റഷന് ഉണ്ട്. അവർ ഓരോ ലോൺസും ഓരോ മീറ്റിംഗിലും ഏതു ലോൺ എങ്ങനെ പാസാക്കണം, എന്ന് നോക്കിയിട്ടാണ് അവർ ചെയ്യുന്നത്. അത് കൊണ്ട് ബോർഡ് ലെവലിൽ ആയാലും എല്ലാ കമ്മിറ്റികളും വളരെ ഇഫക്റ്റീവ് ആയിട്ടാണ് പോയി കൊണ്ടിരിക്കുന്നത്. വളരെ ഇഫക്റ്റീവ് ആയിട്ടാണ് നമ്മളെ ഗൈഡ് ചെയ്യു കൊണ്ടിരിക്കുന്നത്. ഇതാണ് നമ്മുടെ കമ്പനിയുടെ ജനറൽ സെറ്റ് അപ്പ്.ഇനി നിങ്ങൾ ഓരോരുത്തരെയും പ്രത്യേകം പ്രത്യേകം നന്ദി പറഞ്ഞു കൊണ്ടും, God 's blessings always , എല്ലാവർക്കും ആശംസിച്ചു കൊണ്ടും

peace ,prosperity ,health ആൻഡ് happiness always ആശംസിച്ചു കൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.
നന്ദി, നമസ്കാരം.

**ചെയർമാൻ:**

സാമാന്യം സവിസ്തരം K.P.B.നിധിയുടെ പ്രവർത്തനങ്ങളെ കുറിച്ച് എം.ഡി നമ്മുടെ മുന്നിൽ അവതരിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. നമ്മുടെ കഴിഞ്ഞ വർഷത്തെ സാമ്പത്തിക കാര്യങ്ങളെ കുറിച്ചും അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. ഓഡിറ്റഡ് ബാലൻസ് ഷീറ്റ് നമ്മുടെ എല്ലാ ഷെയർ ഹോൾഡേഴ്സിനും നമ്മൾ അയച്ചു കൊടുത്തിട്ടുമുണ്ട്. അപ്പോൾ അതിനെ കുറിച്ചിട്ടുള്ള ഒരു ചർച്ചയാണ് നമ്മൾ ഇപ്പൊ ഉദ്ദേശിക്കുന്നത്.അപ്പോൾ നമ്മുടെ ഷെയർ ഹോൾഡേഴ്സ് ആയിട്ടുള്ള ആൾക്കാർക്ക് ,അവർക്ക് അവരുടെ അഭിപ്രായങ്ങൾ പറയാനുള്ള സമയമുണ്ട്.പക്ഷെ ചുരുങ്ങിയ വാക്കുകളിൽ , to the പോയിന്റ്, കാര്യങ്ങൾ പറയണം എന്ന് തുടക്കത്തിലേ അഭ്യർത്ഥിക്കുകയാണ്.നീണ്ട പ്രഭാഷണങ്ങൾ അല്ല നമ്മൾ ഉദ്ദേശിക്കുന്നത്.ആവശ്യത്തിന് വളരെ പ്രധാനപ്പെട്ടിട്ടുള്ള എല്ലാവരുടെയും ശ്രദ്ധയിൽ വരേണ്ട കാര്യങ്ങൾ സൂചിപ്പിച്ചു കഴിഞ്ഞാൽ നിശ്ചയമായിട്ടും അതിനുള്ള മറുപടി എം.ഡി പറയുന്നുണ്ടാവും. അത് കൊണ്ട് ചർച്ചക്ക് ക്ഷണിക്കുന്നു. സംസാരിക്കണം എന്ന് വിചാരിക്കുന്ന ആൾക്കാർ ചാറ്റ് ബോക്സിൽ മെസ്സേജ് ഇട്ടാൽ ഇവിടുന്നു അത് കണക്ട് ചെയ്യുന്നതാണ്.

നമ്മുടെ വോട്ടിംഗ് ഒരു അഞ്ചു മിനിറ്റ് കൂടിയേ ഉണ്ടാവുള്ളു. അത് കൊണ്ട് വോട്ട് ചെയ്യാത്ത ആൾക്കാർ അവർക്ക് അവർ എത്രയും പെട്ടന്ന് വോട്ട് ചെയ്തു സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.ഒരു അഞ്ചു മിനിറ്റിനു ശേഷം വോട്ടിംഗ് ക്ലോസ് ചെയ്യുന്നതാണ്.

Request ചെയ്ത ആൾക്കാരെ ഇവിടെ കണക്ട് ചെയ്തിട്ടുണ്ട്. അവർ അവിടന്ന് accept ചെയ്താൽ മാത്രമേ അവർക്ക് അതിൽ കേറി സംസാരിക്കാൻ പറ്റൂ.

Hello, അനിൽ പ്രണവം സംസാരിച്ചോളൂ.

എല്ലാവർക്കും നമസ്കാരം. ഞാൻ ജോയിൻ ചെയ്യാൻ കുറച്ചു ലേറ്റ് ആയി പോയിരുന്നു. എനിക്ക് ഷെയർ ഹോൾഡേഴ്സിന്റെ Annual Report ഒന്നും കിട്ടിയിട്ടില്ല. ഞാൻ ഇപ്പോൾ സംസാരിക്കുന്നതു കുവൈറ്റിൽ നിന്നാണ്. ഞാൻ പലപ്പോഴും ഷാജു സാറിനെ contact ചെയ്യാൻ ശ്രമിച്ചിട്ട് കിട്ടിയിട്ടില്ല. സാർ call എടുക്കാറില്ല, എന്താണെന്നറിയില്ല. ഞാൻ പല പ്രാവശ്യമായിട്ടു എന്നെ ചേർത്ത ആൾക്കാരോട് സൂചിപ്പിച്ചിട്ടുണ്ട്. പക്ഷെ അതിനൊന്നും ഒരു മറുപടി കിട്ടിയിട്ടില്ല. പിന്നെ എന്റെ ഒരഭിപ്രായത്തിൽ ഷെയർ ഹോൾഡർ എന്ന നിലയിൽ കമ്പനി നല്ല രീതിയിൽ പോകണം എന്നാണ്. അത് പോലെ ഷെയർ ഹോൾഡേഴ്സിന് അവകാശപ്പെട്ട ഡിവിഡന്റ് ഒക്കെ കൃത്യ സമയത്തു കിട്ടണം എന്നൊക്കെയാണ് നമ്മുടെ ആഗ്രഹം. കഴിഞ്ഞതിന്റെ മുൻപത്തെ വർഷമാണ് ഞാൻ ഇതിൽ ചേർന്നത്. പത്തു ലക്ഷം രൂപ ഷെയറിൽ ഇട്ടിട്ടുണ്ട്. കഴിഞ്ഞ വർഷം ഫൈവ് പെർസെന്റജ് ഡിവിഡന്റ് ആണ് കൊടുത്തതും എന്ന് പറഞ്ഞു, ടെൻ പെർസെന്റ് ഡിവിഡന്റ് ആണ്കൊടുക്കാം എന്ന് പറഞ്ഞത്, പക്ഷെ അത് കിട്ടിയിട്ടില്ല. അതൊരു കാര്യം.സാർ കുറെ റീജിയണൽ ഹെഡിന്റെ കാര്യം ഒക്കെ സംസാരിക്കുന്ന കേട്ടു. എല്ലാവരും വളരെ എക്സ്പീരിയൻസ്ഡ് ആയിട്ടുള്ള ആൾക്കാരാണ്. പക്ഷെ ഇവരുടെ പ്രായം, ആധുനിക കാലഘട്ടത്തിൽ, എത്രത്തോളം ആണെന്ന് ആരും പറയുന്നില്ല. അവരുടെ കോൺട്രിബ്യൂഷൻ ഒക്കെ ഉണ്ടാവാം. പക്ഷെ ഒരു പാട് new generation കുട്ടികൾ, വളരെ ക്വാളിഫൈഡ് ആയിട്ടുള്ള കുട്ടികൾ നമ്മുടെ നാട്ടിലുണ്ട്.

അവരെയൊക്കെ പരിഗണിച്ചു കൂടെ ഈ പോസ്റ്റിലേക്ക്, എന്നാലല്ലേ ഈ കമ്പനി വളരെ ഉന്നതങ്ങളിലേക്ക് പോകാനുള്ള സാധ്യതയുള്ളൂ എന്നാണ് എന്റെ അഭിപ്രായം. വളരെ പ്രായമുള്ള ആൾക്കാരെയാണ് എല്ലാം റീജിയണൽ ഹെഡ് ആയിട്ട് വച്ചിരിക്കുന്നത്. അവരിൽ നിന്നുള്ള contribution എന്തായിരിക്കുമെന്ന് നമുക്ക് തന്നെ മനസ്സിലാക്കാവുന്നതാണ്. ഒരു കമ്പനി പുതിയ പുതിയ ലോകത്തിലേക്ക് പുതിയ generation ചാടുമ്പോൾ പഴയ ആൾക്കാർ തന്നെ ഇതിനെ വഹിച്ചു കൊണ്ട് പോകുന്നത് എന്ത് മാനദണ്ഡത്തിലാണെന്നു മനസ്സിലാവുന്നില്ല. ഒരു പാട് കുട്ടികൾ, വളരെ ക്വാളിഫൈഡ് ആയിട്ടുള്ളവരുണ്ട്. ലോകം മുഴുവൻ സഞ്ചരിക്കുന്ന IT കമ്പനികളിൽ, അവരുടെ ഹെഡ് ഒക്കെ, വളരെ ചെറുപ്പക്കാരാണ്. തീർച്ചയായിട്ടും, പ്രായമുള്ള ആൾക്കാരെയാണ് സാർ ഒക്കെ പറഞ്ഞത്, പ്രായമുള്ള ആൾക്കാരുടെ കോണ്ട്രിബ്യൂഷനെ നമ്മൾ കുറച്ചു കാട്ടുന്നില്ല. അവരെല്ലാം ജീവിതം റസ്റ്റ് ചെയ്യട്ടെ. അതാണ് എന്റെ ഒരഭിപ്രായം. അവരിനി ജീവിതത്തിൽ റസ്റ്റ് ചെയ്യേണ്ട സമയമാണ്. അവരിൽ നിന്ന് നമ്മൾ എന്താണ് പ്രതീക്ഷിക്കുന്നത്. ഇതൊരു കമ്പനിയാണ്. പുതിയ generation, നല്ല രീതിയിൽ പോകാൻ വേണ്ടി നമ്മൾ പ്രതീക്ഷിക്കുന്ന ഒരു കമ്പനി ചെയ്യേണ്ട പ്രവർത്തിയാണോ ഇത് എന്ന് നിങ്ങൾ rethink ചെയ്യേണ്ട ആവശ്യമുണ്ടെന്നു എനിക്ക് തോന്നുന്നു. അതാണ് എനിക്ക് പറയാനുള്ളത്. അവരുടെ പോസ്റ്റും കാര്യങ്ങളുമൊക്കെ പറയുന്നുണ്ട്. പക്ഷെ അവരുടെ എക്സ്പെൻസ്, എന്റെ കയ്യിൽ അതിന്റെ ബഡ്ജറ്റിന്റെ കോപ്പി ഒന്നും ഇല്ല. പക്ഷെ കമ്പനി ഓരോ വർഷവും, അവർക്കു കൊടുക്കുന്ന എക്സ്പെൻസ് എത്രയാണെന്ന് പറയുന്നില്ല. അവർ ചെയ്യുന്ന contribution എന്താണെന്നു എനിക്കറിയില്ല. അതിലും വലിയ contribution ഒക്കെ, പുതിയ ജനറേഷനിലെ, വളരെ ക്വാളിഫൈഡ് ആയിട്ടുള്ള, കുട്ടികൾക്കുണ്ട്. ഒരു പാട് ആൾക്കാർക്ക് ജോലി കിട്ടാനുള്ള സാധ്യതയുണ്ട്. കമ്പനി 83 ബ്രാഞ്ചുകളിൽ നിന്ന് ഇരുനൂറു, മുന്നൂറു ബ്രാഞ്ചുകളിൽ പോകാനുള്ള സാധ്യത കൊടുക്കേണ്ടത് ഈ പുതിയ ജനറേഷൻ ആണ് കൊടുക്കേണ്ടത്. അതിനെ പറ്റി ഒന്നാലോചിക്കു എന്നാണ് എനിക്ക് പറയാനുള്ളത്.

OK.THANK YOU.

ബാബു ജോർജ് സാർ റിക്വസ്റ്റ് accept ചെയ്താൽ സംസാരിക്കാവുന്നതാണ്.

## മാനേജിങ് ഡയറക്ടർ

ഉത്തരമെല്ലാം ഒരുമിച്ചു നൽകുന്നതാണ്. എല്ലാ ചോദ്യങ്ങളും ഇവിടെ നോട്ട് ചെയ്തിട്ടുണ്ട്. അവസാനം എല്ലാത്തിനും ഉത്തരം നല്കുന്നതാണ്.

## ബാബു ജോർജ്

Good Afternoon .

I am Babu George from North Paravoor. കഴിഞ്ഞ വർഷം നല്ല പ്രോഗ്രസ്സ് എല്ലാ രംഗത്തും കാഴ്ച വച്ച ബോർഡ് മെമ്പേഴ്‌സിനെയും സ്റ്റാഫിനെയും അഭിനന്ദിക്കുന്നു. കോവിടും മറ്റു പകർച്ചവ്യാധികളും കൊണ്ട് കഷ്ട്ടപ്പെടുന്ന ഈ അവസരത്തിൽ ഷെയർ ഹോൾഡേഴ്സ് ചുരുങ്ങിയത് പതിനഞ്ചു ശതമാനം ഡിവിഡന്റ് ലഭിക്കുമെന്നാണ് കരുതിയത്. കഴിഞ്ഞ വർഷം കേവലം അഞ്ചു ശതമാനമാണ് നൽകിയത്. അതിനാൽ ഈ വർഷം ഏഴു ശതമാനം ആക്കിയെങ്കിലും അടുത്ത് വരുന്ന ദീപാവലി കാലത്തു ഒരു interim dividend declare ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ അനുകൂലമായ നിലപാട് ഉണ്ടാകണം. അത് പോലെ തന്നെ ബ്രാഞ്ചുകളിൽ ഗോൾഡ് ലോൺ വർധിപ്പിക്കുന്നതിന് ഓരോ റീജിയൺ ഹെഡ് ആയിട്ട് പ്രവർത്തിക്കുന്ന എ.ജി.എം മാരെയും കൂടി

പ്രയോജനപ്പെടുത്തി സ്ഥിരമായി ഗോൾഡ് വെക്കുന്നവരെയൊക്കെ കണ്ടു അവരെ ഈ രംഗത്തേക്ക് നമ്മുടെ നിധി കമ്പനി നൽകുന്ന സേവനങ്ങളെ കുറിച്ച് വിശദമായി അവരെ ധരിപ്പിച്ചാൽ കൂടുതൽ ഗോൾഡ് ലോൺ ലഭിക്കുന്നതിന് കാരണമാവും. അല്ലാതെ ബ്രാഞ്ച് വിസിറ്റ് മാത്രം റീജിയണലി നടത്തി വലിയ പ്രയോജനം ഉണ്ടാകുമെന്നു ഞാൻ കരുതുന്നില്ല. എല്ലാ ബ്രാഞ്ചുകളിലും ഇടയ്ക്കിടയ്ക്ക് വിസിറ്റ് ചെയ്യുന്നുണ്ട് അത് നല്ല കാര്യം, ഈ ബിസിനസ് കാര്യത്തിലും ബ്രാഞ്ച് മാനേജർമാർക്കു സപ്പോർട്ട് ആയിട്ട് റീജിയണൽ ഹെഡ്സ് പോകണം എന്നാണ് എന്റെ അഭ്യർത്ഥന. Paid Up ക്യാപിറ്റലിലും ഡെപോസിറ്റിലുമൊക്കെ ഉണ്ടായ വർദ്ധനവ് വളരെ ശ്ലാഘനീയമാണ്. അത് പോലെ ഗോൾഡ് ലോണിന്റെ കാര്യത്തില് വര്ഷങ്ങള്ക്കു മുന്നേ ഉണ്ടായ അവസ്ഥ ഉണ്ടാകാതിരിക്കാൻ ഗോൾഡ് ലോണുകൾ frequently follow up ചെയ്തു ഓവർ ഡ്യൂ ആയി വരുന്നത് ഉടനെ തന്നെ ലേലം ചെയ്യുന്നതിനോ compromise ആയി പണം അടപ്പിച്ചു close ചെയ്യുന്ന കാര്യത്തിലും പ്രത്യേകം താത്പര്യം എടുക്കണം. NPAയിൽ എത്ര വർധനവുണ്ടായി എത്ര തുക write off ചെയ്യേണ്ട അവസ്ഥ ഉണ്ടായിട്ടുണ്ടോ എന്നറിയാൻ താത്പര്യപ്പെടുന്നു. പിന്നെ ഗോൾഡ് ലോൺ daily കളക്ഷൻ തുടങ്ങിയാൽ കൂടുതൽ ബിസിനെസ്സുക്കാരിൽ നിന്ന് ലോണുകൾ ലഭിക്കാൻ ഇടയാകും. ഏതെങ്കിലും ബ്രാഞ്ചിൽ spurious gold പ്ലെഡ്ജ് ചെയ്തതായി ഇട വന്നിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു, പിന്നെ വർഷങ്ങൾക്കു മുൻപ് ആലുവ ബ്രാഞ്ചിൽ ഉണ്ടായ ഒരു തെഫ്റ്റിൽ എല്ലാ തുകയും ലഭിച്ചോ ഉണ്ടെങ്കിൽ ആ അക്കൗണ്ട് close ചെയ്തോ എന്നറിയാൻ ആഗ്രഹമുണ്ട്. കഴിഞ്ഞ വർഷം ഷെയർ ഹോൾഡേഴ്സിന് സംസാരിക്കാൻ ഉള്ള അവസരം കൊടുത്തില്ല അതിൽ ഞാൻ ഖേദം പ്രകടിപ്പിക്കുന്നു. ഈ വർഷവും മറ്റു കമ്പനീസിൽ ചെയ്യുന്നത് പോലെ സ്പീക്കർ ആയിട്ട് രജിസ്റ്റർ ചെയ്യുന്നവർ ചാറ്റ് ബോക്സിൽ ഇടണം എന്ന് പറയുന്നത് തെറ്റായ ഒരു സമീപനമാണ്. പല ഷെയർ ഹോൾഡേഴ്‌സിനും നല്ല തുക ഷെയറിൽ ഇൻവെസ്റ്റ് ചെയ്തവർക്ക് പോലും annual report കൃത്യമായി ലഭിച്ചിട്ടില്ല എന്ന പരാതി എൻറെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. എനിക്കും ലഭിച്ചിരുന്നില്ല. ഞാൻ ഇമെയിൽ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് എനിക്ക് annual report ലഭിച്ചത്.

കഴിഞ്ഞ ഏകദേശം പതിനെട്ടു വർഷത്തിലധികമായി ഞാൻ ഈ സ്ഥാപനവുമായി ബന്ധപെട്ടു വരുന്നത്, ഈ സ്ഥാപനത്തിന്റെ ആത്മാവും ഇതിന്റെ എല്ലാമെല്ലാമായ ശ്രീ ബാലൻ മേനോൻ അവർകളുടെ എന്നോടുള്ള അഭ്യർത്ഥന കൊണ്ടാണ്. വന്നു നിലവിളക്കു കൊളുത്തി അദ്ദേഹം ഈ യോഗം ഉത്ഘാടനം ചെയ്തല്ലോ. അദ്ദേഹത്തിന് ദീർഘായുസ്സും ഈശ്വരാനുഗ്രഹങ്ങളും ഉണ്ടാവട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അത് പോലെ തന്നെ എം.ഡി., അദ്ദേഹം വിശദമായിട്ടു ഇങ്ങനെ സംസാരിച്ചു പോകുമ്പോൾ ഷെയർ ഹോൾഡേഴ്സിന് സമയം ലഭിക്കുമോ എന്നെനിക്കു സംശയമുണ്ട്. അതിനാൽ ബാലൻസ് ഷീറ്റിനെ കുറിച്ച് വിശദീകരിച്ചതിനു ശേഷം അതിനുള്ള അവസരം നൽകണം അദ്ദേഹം ഞങ്ങളുടെ മെയ്‌ലുകളൊക്കെ വായിച്ചു അതിനു കൃത്യമായ മറുപടി നൽകാൻ വേണ്ട നടപടി സ്വീകരിക്കണം എന്നും അഭ്യർത്ഥിച്ചു കൊണ്ട് അടുത്ത വർഷം നല്ല പ്രവർത്തനം കാഴ്ച വെക്കാൻ ഇട വരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അത് പോലെ തന്നെ പറവൂർ ബ്രാഞ്ചിനെ കുറിച്ചു ഒരു കാര്യം പറയാൻ ഉണ്ട്. വളരെ സമർത്ഥയായ ഒരു ബ്രാഞ്ച് മാനേജർ ശ്രീമതി ശ്രീരേഖയും അവരുടെ ടീമും ഡെപ്പോസിറ്റേഴ്സിനോടും അത് പോലെ ബോറാവേഴ്സിനോടും വളരെ നല്ല ഒരു സേവനമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. നിരവധി പേര് അവരുടെ സെർവീസിങ് കൊണ്ട് കൊടുങ്ങല്ലൂർ മുതൽ ഉള്ളവർ പോലും ഇവിടെ ഡിപ്പോസിറ് ചെയ്യുന്നുണ്ട്. ഞാൻ പലരെയും ഈ കമ്പനിയിലേക്ക് വിളിച്ചു കൊണ്ട് വന്നിട്ടുണ്ട്. പലർക്കും വേണ്ടി അവർക്കു അഡ്വൈസുകൾ നൽകാറുള്ള ഒരു വ്യക്തിയാണ്. അതിനാൽ പുതിയ ഹെഡ് ഓഫീസിന്റെ നിർമാണവും എത്രയും വേഗം ആരംഭിച്ചു ഉന്നതിയിലേക്കെത്താൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അതോടൊപ്പം മുൻകാലങ്ങളിൽ നമ്മൾ ഒരു ബാങ്ക് ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ

നടത്തിയിരുന്നു.മുൻ ധനകാര്യമന്ത്രിയുടെ കാലത്തു അക്കാര്യത്തില് നമ്മുടെ ഫെഡറൽ ബാങ്കിന്റെ ജനറൽ മാനേജരും മുൻ എം.ഡി.യും ആയിരുന്ന ജഗദീശൻ അവർകളും മറ്റും ഡൽഹിയിലേക്ക് പോയത് ഞാൻ സ്മരിക്കുകയാണ്. അക്കാര്യത്തിൽ വല്ല പുരോഗതിയുണ്ടോ ഇപ്പോഴും pending ആണോ എന്നറിയുവാനും താത്പര്യപ്പെടുന്നു. എല്ലാ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന ഡയറക്ടർ ബോര്ഡിനെയും ജീവനക്കാരെയും പ്രത്യേകിച്ച് ഈ യോഗത്തിൽ താത്പര്യമെടുത്തു സംബന്ധിക്കുന്ന മുൻ എം.ഡി. ശ്രീ ജഗദീശനെയും അഭിനന്ദിച്ചു കൊണ്ട് നമ്മുടെ ഉർജ്ജസ്വലനായ ചെയർമാന്റെ പ്രവർത്തന നേതൃത്വത്തിൽ കമ്പനി ഉത്തരോത്തരം പുരോഗതി പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് എൻറെ വാക്കുകൾ ചുരുക്കുന്നു.

നന്ദി നമസ്കാരം.

**അനൂപ്:**

സത്യൻ എന്ന മെമ്പർ സംസാരിക്കണമെന്ന് പറഞ്ഞിരുന്നു. അദ്ദേഹത്തെ unmute ചെയ്തിട്ടുണ്ട്. Request accept ചെയ്താൽ സംസാരിക്കാവുന്നതാണ്.

**ചെയർമാൻ:**

ഒന്നോ രണ്ടോ ആളുകൾക്ക് കൂടി ഇതിൽ പറയാൻ പറ്റും.ഒരു പരിമിതി ഉണ്ടല്ലോ, സമയത്തിന്റെ കൂടി വച്ചിട്ട് ഒരു, ഒരു മണി വരെ ഈ ചോദ്യോത്തരം കഴിഞ്ഞിട്ട് പിന്നെ നമുക്കിതിന്റെ ബാക്കി കാര്യങ്ങളും കൂടി തീർത്തു, ഒരു ഒന്ന് ഒന്നേ കാലിനെങ്കിലും ഈ യോഗം അവസാനിപ്പിക്കണമെന്ന് ആഗ്രഹിക്കുന്നു.

**മാനേജിങ് ഡയറക്ടർ:**

എല്ലാവർക്കും നമസ്കാരം.

ആദ്യമായി കുവൈറ്റിൽ നിന്ന് നമ്മളോട് സംസാരിച്ച നമ്മുടെ ഇൻവെസ്റ്റർക്കു പ്രത്യേകം അഭിനന്ദനങ്ങൾ. കാരണം ഞങ്ങളും വളരെ ഹാപ്പി ആണ്. കുവൈറ്റിൽ നിന്ന് ഒരു ശബ്ദം നമ്മുടെ കമ്പനി ജനറൽ ബോഡി മീറ്റിംഗ് അറ്റൻഡ് ചെയ്തു എന്നുള്ളത് തന്നെ ഞങ്ങൾക്ക് വളരെ സന്തോഷം തരുന്ന ഒരു കാര്യമാണ്. സാറിന്റെ suggestions ഒക്കെ ഞങ്ങൾ ഉൾകൊള്ളുന്നു. റീജിയണൽ ഹെഡിന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞു. നമ്മടെ സ്റ്റാഫ് സ്ട്രെങ്ത് ഏതാണ്ട് നാനൂറു പേരാണ്. ഈ നാനൂറു പേരിൽ റീജിയണൽ ഹെഡ്സ് ആകെ ആറ് പേരെ ഉള്ളു. ആറ് പേര് മാത്രം, ഒരു ബിസിനസ്സിന്റെ സക്സെസ്സിനു റിയൽ ബ്ലെൻഡ് വേണം നമുക്ക്. പുതിയ ജനറേഷന്റെ മികവും പഴയ ജനറേഷന്റെ ഉപദേശവും ഇത് രണ്ടും നമുക്കാവശ്യമാണ്. നാനൂറു പേരിൽ ആറ് പേര് മാത്രമാണ് റീജിയണൽ ഹെഡ്സ് ആയിട്ട് സീനിയർ ലെവലിൽ ബാങ്കേഴ്സ് ആയിട്ട് ഉള്ളു. നിങ്ങൾക്കൊരു പക്ഷെ അത്ഭുതം തോന്നുമായിരിക്കാം. ഈ കമ്പനിയിലും നമ്മുടെ average age, സ്റ്റാഫിന്റെ average age ഏതു കോർപ്പറേറ്റ് എടുക്കുവാണെങ്കിലും, അതിനേക്കാളും ഒക്കെ താഴെയാണ്. നമ്മുടെ average age മുപ്പത്തി അഞ്ച് ആണ്. നമ്മുടെ കമ്പനിയിൽ ഇപ്പോഴും youngsters വരുന്നു. നമുക്ക് വലിയ സാലറി ഒക്കെ കൊടുക്കാൻ പറ്റിയിട്ടില്ല. പിന്നെ ഐ.ഐ.എം.-ലെവെലിലെ ആൾക്കാരെ എടുത്തിട്ട് ഇവിടെ ചെയ്യാൻ അവർക്ക് ഒന്നും ഇല്ല. ഗോൾഡ് ലോൺ കൊടുക്കുക എന്നത് മാത്രേ ഉള്ളു. പിന്നെ നമ്മുടെ നിധി കമ്പനിക്ക് വളരെയധികം റെസ്ട്രിക്ഷൻസ് ഉണ്ട്. മാക്സിമം

കൊടുക്കാവുന്ന ലോൺ പതിനഞ്ചു ലക്ഷമാണ്. ദാറ്റ് ടൂ ഗോൾഡോ, സെക്യൂർഡ് ലോൺ. അപ്പൊ ഇതിനെ വളരെ ഹയർ ലെവലിൽ ക്വാളിഫൈഡ് ആയിട്ടുള്ള ആൾക്കാരുണ്ട്. നമ്മുടെ വെബ്സൈറ്റ് നമ്മൾ തുറന്നിട്ടിട്ടുണ്ട്. എന്നും നമ്മുടെ HR ഡിപ്പാർട്മെൻറ് പുതിയ applicants ഉണ്ടോ എന്ന് നോക്കുന്നുണ്ട്. വെബ്സൈറ്റിൽ നമ്മൾ റീജിയണൽ ഹെഡ്ഡിനെ invite ചെയ്തിട്ട് അഡ്വെർടൈസ് ചെയ്തിട്ടുണ്ട്.പക്ഷെ നമുക്ക് കിട്ടുന്നതിനനുസരിച്ചാണ് നമ്മൾ അത് ചെയ്യുന്നത്. പക്ഷെ സാറിന്റെ suggestion എനിക്ക് വളരെ ഇഷ്ടപ്പെട്ടു. നിങ്ങൾ ഒരു new gen തന്നെ ആണെന്ന് തോന്നുന്നു. നമ്മുടെ ന്യൂ genന് അവരുടെ എഡ്യൂക്കേഷനും ക്വാളിഫിക്കേഷനും അനുസരിച്ചു ഉള്ള ഒരു സാലറി നമ്മുടെ കമ്പനിയിൽ കൊടുക്കാൻ കഴിഞ്ഞെന്നു വരില്ല. ചെറിയ ഒരു ശമ്പളമാണ് കൊടുക്കുന്നത്. ആവറേജ് ഒക്കെ, നമ്മൾ ഇവിടത്തെ norms അനുസരിച്ചാണ് കൊടുക്കുന്നത്. അത് കൊണ്ടാണ് നമുക്ക് കൂടുതൽ ന്യൂ genനെ attract ചെയ്യാൻ പറ്റാതിരിക്കുന്നതു. റീജിയണൽ ഹെഡ്ഡ് ന്യൂ gen ചാടുമ്പോൾ അവരുടെ കൂട്ടത്തിൽ, ഞങ്ങൾ പിന്നിലുണ്ട്, എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ, ഞങ്ങൾ പിന്നിലുണ്ട് എന്ന് കാണിക്കാൻ വേണ്ടി, ഇല്ലെങ്കിൽ അവരുടെ എക്സ്പീരിയൻസ്, തീർച്ചയായിട്ടും, അത് ഉപയോഗപ്രദമായ രീതിയിൽ ആണ് വിനിയോഗിക്കുന്നത്. പിന്നെ സാർ ഒരു കാര്യം പറഞ്ഞത്, സാറിനു ഫോൺ ചെയ്തിട്ട് കിട്ടിയില്ലെന്നു പറയുന്നു, അതിനു സോറി പറയുന്നു, സാർ ഒരു ഇമെയിൽ ഇട്ടാൽ മതി. എം.ഡി ക്കോ, കമ്പനി സെക്രട്ടറിയ്ക്കോ, H.O ഓഫീസിലേക്കോ, മെയിൽ ഇട്ടാൽ സാറിനു ഉടനെ ഉത്തരം കിട്ടുന്നതാണ്. ഇ-മെയിലിനെല്ലാം ഉടനെ ഉത്തരം നല്കുന്നതാണ്. ഇത് രണ്ടുമാണ് സാറിന്റെ ചോദ്യങ്ങൾ ഉണ്ടായിരുന്നത്.

അടുത്തതായി ബാബു ജോർജ് സാറിന്റെ.

സാറിന്റെ ആദ്യത്തെ congratulations-നു വളരെയധികം താങ്ക്സ് പറയുന്നു. കമ്പനിയുടെ പ്രവർത്തനങ്ങളും കമ്പനിയുടെ സ്റ്റാഫുമെല്ലാം വളരെ നന്നായി പ്രവർത്തിക്കുന്നു. അതിനു താങ്ക്സ് പറയുന്നു. രണ്ടാമത്തെ കാര്യം ഡിവിഡന്റ് ആണ്. ഡിവിഡന്റ് നമ്മൾ കൂട്ടി കൊണ്ട് വരുന്നുണ്ട്. സാർ പറഞ്ഞ പതിനഞ്ചു ശതമാനത്തിലേക്കൊക്കെ നമ്മൾ ചിലപ്പോൾ ഒരുമിച്ചിരിക്കുമ്പോൾ തന്നെ ഒരു കാലത്തേക്ക് നമുക്ക് കൊടുക്കാൻ പറ്റുമെന്ന് വിചാരിക്കുന്നു. ഇപ്പോൾ ഏഴ് പെർസെന്റ് എന്ന് പറയുന്നത്, നിധി കമ്പനി ആവുമ്പൊ റിസേർവിലേക്ക് മാറ്റണ്ട ക്രൈറ്റീരിയാസ് ഉണ്ട് അത് പോലെ തന്നെ നമ്മൾ ചെയ്യേണ്ട റിസ്കിന്റെ പ്രൊവിഷൻ വെക്കേണ്ട ക്രൈറ്റീരിയാസ് ഉണ്ട് ഈ ക്രൈറ്റീരിയ എല്ലാം കഴിഞ്ഞു വരുമ്പോൾ നമുക്ക് കൂടുതൽ ഡിവിഡന്റ് കൊടുക്കാൻ പറ്റില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചു. Covid Situation എല്ലാവരെയും ബാധിച്ചതാണ്. നമ്മടെ കസ്റ്റമേഴ്സിനെയും ബാധിച്ചു. അവർക്ക് കൃത്യമായിട്ട് ലോൺ തിരിച്ചു അടക്കാൻ പറ്റാത്ത രീതിയിൽ അവരെയും ബാധിച്ചു, അവരുടെ ഇൻകം ലെവെൽസിനെയും ബാധിച്ചു. അത് കൊണ്ടാണ് ആ ഒരു അവസരം വന്നത്. എന്തായാലും സാറിന്റെ സജ്ജെസ്ഷൻസിനും സാറിന്റെ ഇൻവോൾവമെന്റിനും നന്ദി. പിന്നെ ബ്രാഞ്ച് ഗോൾഡ് ലോണിന്റെ ഇന്ക്രീസിന്റെ ഡെവലപ്മെന്റ്. അത് സാറിന്റെ, എല്ലാവരെയും ഇൻവോൾവ് ചെയ്തിട്ട് ഗോൾഡ് ലോൺ ഇന്ക്രീസ് ചെയ്യണം എന്നുള്ള സജ്ജെഷൻ well accepted ആണ്. അത് ആവുന്നത്ര നമ്മൾ ഇമ്പ്ലിമെന്റ് ചെയ്തു കൊണ്ടിരിക്കുന്നുണ്ട്. പിന്നെ Paid Up Capital, Deposits ഒക്കെ ഉയരുന്നതിനു congrats പറഞ്ഞിരുന്നു. അതിനു നന്ദി പറയുന്നു. അടുത്ത പോയിന്റ്, ജി എൽ overdues എല്ലാം കളക്ട് ചെയ്യണമെന്ന് പറഞ്ഞു. അത് ഞാൻ നേരത്തെ സൂചിപ്പിച്ചു, സാർ പറഞ്ഞ പോലെ ദീർഘമായ സംസാരത്തിലൂടെ, ദീർഘമായ സംസാരം കൊണ്ട് ഒരു വിധം ആൻസർ എല്ലാം അതിൽ ഞാൻ പറഞ്ഞു, നേരത്തെ പറഞ്ഞ റീജിയണൽ ഹെഡ്ഡിനെ എന്ത് കൊണ്ട് എടുത്തു എന്ന് പറഞ്ഞു, ജി.എല്ലിന്റെ overdue നടത്തുന്നുണ്ട്, follow up നടത്തുന്നുണ്ട്, റിക്കവറിക്ക് സ്പെഷ്യൽ വിങ് ഉണ്ട്, ഈ കാര്യങ്ങളെല്ലാം നേരത്തെ

സൂചിപ്പിച്ചു. അപ്പൊ തീർച്ചയായും സാറിന്റെ സജ്ജെസ്ഷൻസിനും ഇൻവോൾവമെന്റിനും നന്ദി പറഞ്ഞു, ഈ ഓവർ ഡ്യൂ എന്നുള്ള ഇഷ്യൂവിനെ കൊണ്ടും ഞങ്ങൾ കൃത്യമായിട്ട് തുടർന്നും follow up നടത്തുമെന്നും ഉറപ്പു നൽകുന്നു.അടുത്തത് എൻ.പി.എ യുടെ കാര്യം. എൻ.പി.എ നോട്ട് ടൻറി ഫൈവിൽ auditors പറഞ്ഞിട്ടുണ്ട്. അതനുസരിച്ചു പോകുന്നു. പിന്നെ spurious-ന്റെ കാര്യങ്ങൾ. അത് ഡിസ്ക്ലോസ് ചെയ്യേണ്ട വേദികളിൽ ഡിസ്ക്ലോസ് ചെയ്തിട്ടുണ്ട്. ഓഡിറ്റർ റിപ്പോർട്ട് ഫുൾ ആയിട്ട് ചെയ്തിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് കഴിഞ്ഞ ഏതാണ്ട് ഇരുപത്തിയഞ്ചു ഇരുപത്തി ആറ് ദിവസങ്ങളായി വെബ്സൈറ്റിൽ ഇട്ടിട്ടുണ്ട്. ദയവു ചെയ്തു നമ്മുടെ വെബ്സൈറ്റിൽ ചെല്ലുക. വെബ്സൈറ്റിൽ പോയി കഴിഞ്ഞാൽ, വെബ്സൈറ്റിൽ ഉണ്ടെന്നുള്ള വിവരം നമ്മൾ പേപ്പറിൽ ഒക്കെ അഡ്വെർടൈസ് ചെയ്തിരുന്നു. ഇപ്പോഴത്തെ സിസ്റ്റം മാറിയതനുസരിച്ചു, നമ്മൾ പഴയ ആൾക്കാരാണ്, നിങ്ങളുടെ ജനറേഷനിൽ വന്ന ആള് തന്നെയാണ്, അപ്പൊ പെട്ടന്ന് പണ്ട് കാലത്തൊക്കെ ബാലൻസ് ഷീറ്റും ഒക്കെ നമ്മുടെ കയ്യിൽ കിട്ടണമെന്നാണ്. പക്ഷെ മാറിയ സാഹചര്യത്തിൽ ഇതെല്ലാം വെബ്സൈറ്റിൽ കൂടെയും ഈമെയിലിൽ കൂടെയും ഒക്കെ മാത്രമേ നടക്കുന്നുള്ളൂ, ഇമെയിൽ നമ്മൾ എല്ലാവര്ക്കും അയച്ചിട്ടുണ്ട് പലർക്കും അത് ജങ്ക് ആയിട്ട് പോയി വീണു എന്നാണ് പറയുന്നത്. അത് നമുക്ക് വേറെ നിവർത്തിയില്ല, we have to tread with it . ഒരു വിധം എല്ലാ പോയിന്റ്സും ഞാൻ കവർ ചെയ്തിട്ടുണ്ട്. പിന്നെ ആലുവയിലത്തെ കാര്യം നേരത്തെ പറഞ്ഞിരുന്നു. കഴിഞ്ഞ വർഷം സാർ ഈ ചോദ്യം ഇത് ചോദിച്ചിരുന്നു. ആലുവയിൽ നമുക്ക് കിട്ടാനുള്ളതൊക്കെ കിട്ടി കഴിഞ്ഞു. വീണ്ടും സാർ ചോദിച്ചത് കൊണ്ട് വീണ്ടും പറയുന്നു. പറവൂർ ബ്രാഞ്ചിനെ കുറിച്ച് നമ്മുടെ ബ്രാഞ്ചെസിനെ കുറിച്ച് പറഞ്ഞത് വളരെ നല്ലതാണ്. സാറിനെ നന്ദി അറിയിക്കുന്നു. പിന്നെ ബാങ്കിങ് ലൈസൻസ്, അത് വളരെ കടമ്പകൾ ഉള്ള കാര്യമാണ്. ഇരുനൂറു കോടി ക്യാപിറ്റൽ ഒക്കെ വന്നു കൂടുന്ന ഒരു സിറ്റുവേഷനിലെ അത് നടക്കു, നമുക്കീ കമ്പനിയായിട്ട് നിന്ന് കൊണ്ട് തന്നെ ഒരു ബാങ്കിലെ പോലെ, ബാങ്ക് പോലെ തന്നെ, ബാങ്ക് ആയിട്ട് നിന്ന് കൊണ്ട് തന്നെ അത് നടത്തണം എന്നാണ് ആഗ്രഹം. അത് അങ്ങനെ തന്നെ നടക്കുമെന്ന് ഉദ്ദേശിക്കുന്നു. എല്ലാ ആശംസകൾക്കും നന്ദി പറഞ്ഞു കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

**ചെയർമാൻ:**

അപ്പൊ അടുത്ത കാര്യത്തിൽ കടക്കുന്നതിനു മുൻപേ ഒരു കാര്യം നമ്മുടെ എല്ലാ ഇൻവെസ്റ്റേഴ്സിനെയും അറിയിക്കാനുള്ളത്, എല്ലാ വർഷവും സെപ്റ്റംബർ അവസാനത്തെ ആഴ്ചയിലാണ് നമ്മുടെ എ.ജി.എം. നടക്കുന്നത്. വര്ഷങ്ങളായിട്ട് നമ്മുടെ ഒരു പോളിസി അതാ. സെപ്റ്റംബർ അവസാനത്തെ വാരത്തിൽ എ.ജി.എം. അതിനു മൂന്നാഴ്ച മുമ്പ് നമ്മൾ നമ്മുടെ ഓഡിറ്റഡ് ബാലൻസ് ഷീറ്റ് ഒക്കെ സൈറ്റിൽ ഇടുന്നുണ്ടാവും. അപ്പോൾ സെപ്റ്റംബർ മാസത്തിൽ ഇതുണ്ടാവും എന്ന് നമ്മുടെ എല്ലാ ഇൻവെസ്റ്റേഴ്സിനെയും ഞാൻ ഇപ്പോഴേ അറിയിക്കുന്നു. നമ്മടെ സൈറ്റ് സെപ്റ്റംബർ മാസത്തിൽ സന്ദർശിച്ചാൽ നമ്മടെ ബാലൻസ് ഷീറ്റ്, കാര്യങ്ങൾ ഒക്കെ അപ്പൊ തന്നെ അറിയാം, ഡീറ്റെയിൽസ് എല്ലാ കാര്യങ്ങളും അതിൽ കിട്ടും, അതിനു വേണ്ടിയിട്ടു കൂടി ഒന്ന് ശ്രമിക്കണം, സൈറ്റും ഒന്ന് സജീവമാകും, നിങ്ങളുടെ ഇൻവോൾവ്മെന്റും കൂടും, കാര്യങ്ങൾ അപ്പപ്പോ വേണ്ട പോലെ നമുക്ക് അറിയാനും പറ്റും, മെയിൽ അയക്കാനേ ഹെഡ് ഓഫീസിൽ നിന്ന് പറ്റുള്ളൂ, ആ മെയിൽ കൃത്യായിട്ട് അയച്ചു, ഏതാണ്ട്, എന്റെ അറിവനുസരിച്ചു നൂറ്റി ചിലാനം mails ബൗൺസ് ആയി, പോയില്ല, നൂറ്റി ചിലാനം മെയിൽ ഒഴിച്ച് ബാക്കി എല്ലാം പോയി, ചേർന്നു എന്നാണ് റിപ്പോർട്ട് നമ്മുടെ കയ്യിൽ ഉള്ളത്. നൂറ്റി ചിലാനം ബൗൺസ് ആയതു വീണ്ടും നമ്മൾ അയച്ചു. വീണ്ടും രണ്ടാമത് മെയിൽ അയച്ചു കഴിഞ്ഞപ്പോഴും ഭൂരിഭാഗം തിരിച്ചു വരാണു ചെയ്തത്. മിക്കവാറും അവരുടെ മെയിൽ ഐ.ഡി യിൽ അവർ വല്ല changes, അവർ വരുത്തിയോ, എന്ന് നമുക്കറിയില്ല. അത് കൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് നമ്മുടെ മെയിൽ ഐ.ഡി യിൽ വല്ല മാറ്റം ഒക്കെ വരുത്തിയിട്ടുണ്ടെങ്കിൽ കെ.പി.ബി.യിൽ അത് അതാതു സമയത്തു അറിയിച്ചാൽ, ഷെയർ ഹോൾഡേഴ്സ് അറിയിച്ചാൽ നമുക്ക് അത് നമ്മുടെ

രെജിസ്റ്ററിൽ കയറ്റാനും പിന്നീടുള്ള കമ്മ്യൂണിക്കേഷന് സഹായമായിരിക്കും. കാരണം നമ്മുടെ ഐ.ടി. ഡിപ്പാർട്ട്മെന്റിൽ നിന്നും ഷെയർ ഡിപ്പാർട്ട്മെന്റിൽ നിന്നും, അത് കഴിഞ്ഞ ദിവസം ഞാൻ ഓഫീസിൽ ചെന്നപ്പോൾ ഈ കാര്യം അന്വേഷിച്ചിരുന്നു. അപ്പോഴാണ് കൃത്യമായി അവർ പറഞ്ഞത് നൂറ്റി ഇരുപത്തെട്ടോ മറ്റോ ബൗൺസ് ആയി വന്നൂന്നും, അത് വീണ്ടും അയച്ചൂന്നും, പിന്നെയും അത് കുറെ മടങ്ങി വന്നൂന്നും. ആ തരത്തിലുള്ള കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. നമ്മൾ bulk ആയിട്ടാണല്ലോ എല്ലാവർക്കും മെയിൽ അയക്കാ. അപ്പൊ ചിലപ്പോൾ ചിലതൊക്കെ നമ്മൾ അയച്ചാലും കമ്പ്യൂട്ടർ അതിന്റെ വിവേചനം അനുസരിച്ചു, ചിലതു സ്പാമിൽ പോയി കിടക്കുന്നുണ്ടാവും, അപ്പൊ അതൊക്കെ ഇന്നത്തെ യുഗത്തിന്റെ ഒരു ഭാഗമാണ്. നമ്മളും അതൊക്കെയാണ് ബന്ധപ്പെടുകയും പൊരുത്തപ്പെടുകയും ചെയ്യുക എന്നുള്ളതാണ് ഇപ്പൊ വേണ്ടി വരുന്നത്. നമുക്ക് ആവശ്യമുള്ളത് പലതും സ്പാമിൽ ആണ്. അവിടെ പോയി തപ്പിയാൽ ആണ് പിന്നെ അത് കാണുക. അപ്പൊ ഇത്രയും കാര്യങ്ങളുണ്ട്. പക്ഷെ ഉറപ്പായിട്ടും ഞാൻ പറയുന്നു, സെപ്റ്റംബർ മാസം ആദ്യത്തോടു കൂടി നമ്മുടെ ഓഡിറ്റഡ് ബാലൻസ് ഷീറ്റ് നമ്മുടെ വെബ്സൈറ്റിൽ നമ്മൾ പ്രസിദ്ധീകരിക്കുന്നതാണ്. ആ കാര്യത്തില് കമ്പനി ഇത് വരെ വീഴ്ച വരുത്തിയിട്ടില്ല. നമ്മുടെ ബാലൻസ്ഷീറ്റും ഒക്കെ വെബ്സൈറ്റിൽ പോയി കാണാൻ ഉള്ള കൃപ കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മൾ പത്രങ്ങളിൽ കൊടുത്തിട്ടുണ്ട്. പത്രങ്ങളിൽ കാണണമെന്ന് നിർബന്ധമില്ലല്ലോ എല്ലാവരും. ഇതാണ് ഇന്നത്തെ കാലത്തു നമുക്ക് ചെയ്യാൻ കഴിയുന്നത്. റെസൊല്യൂഷൻസ് അതിനെ സംബന്ധിച്ചിടത്തോളം വായിക്കുന്നുണ്ടാവും, അതിന്റെ വോട്ടിംഗ് കഴിഞ്ഞു, അതിന്റെ റിസൾട്ട് കിട്ടിയിട്ടുണ്ട്, റെസൊല്യൂഷൻസ് വായിക്കുന്നതനുസരിച്ചു നമ്മൾ ഓരോന്നായും പാസ് ചെയ്യും.

## കമ്പനി സെക്രട്ടറി

എല്ലാവർക്കും നമസ്കാരം, അടുത്തതു റെസൊല്യൂഷൻസ് ആണ്.

ആദ്യമായിട്ട് **Ordinary Business**

1. To receive, consider and adopt the Audited Financial Statements of the company for the financial year ended 31st March 2022 together with the report of the Board of Directors and the Auditors thereon. For this purpose, to consider and if deemed fit to pass with or without modification the following resolution as an **Ordinary Resolution:**

   **"RESOLVED THAT,** the audited Balance Sheet, Statement of Profit & Loss and Cash Flow Statement along with the notes forming part of the audited financials for the financial year ended 31st March 2022 along with the Auditors' Report and the Directors' Report thereon for the financial year ended 31st March 2022, be and are hereby taken as read, approved and adopted by the members."

   അതിനു favourable ആയിട്ട് 12,33,014 votes കിട്ടി. Negative ആയിട്ട് ഒന്നും ഇല്ല. അത് കൊണ്ട് അത് approved ആയിട്ട് കണക്കാക്കുന്നു.

2. To appoint a Director in the place of Sri. Mohanan Ragavawarrier (DIN: 06817818), who retire by rotation at this Annual General Meeting and being eligible offers himself for re-appointment.

   For this purpose, to consider and if deemed fit to pass with or without modification, the following resolution as an **Ordinary Resolution:**

   **"RESOLVED THAT,** Sri Mohanan Ragavawarrier (DIN: 06817818), who retires by rotation at this Annual General Meeting be and is hereby re-appointed as a Director of the Company and that his period of office be liable to determination by retirement of Directors by rotation."

അപ്പൊ 12,33,014 വോട്ടിനു നിങ്ങൾ എല്ലാവരും കൂടി എന്നെ reappoint ചെയ്യതിനു ഒരു നന്ദിയും കൂടി ഞാൻ അറിയിക്കുന്നു.

2. To appoint a Director in the place of Sri. Viswaroopan Peedikaparambil (DIN: 00256061), who retire by rotation at this Annual General Meeting and being eligible offers himself for re-appointment. For this purpose, to consider and if deemed fit to pass with or without modification the following resolution as an **Ordinary Resolution:**

**"RESOLVED THAT,** Sri. Viswaroopan Peedikaparambil (DIN: 00256061), who retires by rotation at this Annual General Meeting be and is hereby re-appointed as a Director of the Company and that his period of office be liable to determination by retirement of Directors by rotation."

അതും 12,33,014 വോട്ട്. എഗൈൻസ്റ് ആയിട്ട് വോട്ട് ഇല്ല.അതും അത്രയും വോട്ടിനു പാസ് ആക്കിയിരിക്കുന്നു.

3. To declare Dividend @ 7% on Equity Share Capital for the year ended 31st March, 2022.
For this purpose, to consider and if deemed fit to pass with or without modification the following resolution as an **Ordinary Resolution:**

**"RESOLVED THAT,** in terms of the recommendation of the Board of Directors of the Company, the approval of the Members of the Company be and is hereby accorded for declaration and payment of final dividend @ 7% on equity shares of Rs. 10 each fully paid up for the year ended March 31, 2022 to the eligible members of the Company."

ഈ പ്രമേയത്തിന് അനുകൂലമായി 95.74 % ആൾക്കാർ വോട്ട് ചെയ്യിട്ടുണ്ട്. 11,78,787 vote അനുകൂലമായിട്ടും അതിനെതിരായിട്ട് 4.26% vote, അതായതു 52,427 vote, ബഹുഭൂരി പക്ഷം വോട്ടോടു കൂടി ഈ പ്രമേയവും പാസ് ആക്കിയതായി അംഗീകരിക്കുന്നു.

അടുത്തതായി **Special Business** ആണ്

4. **Appointment of Sri. Mohandas Parayath (DIN: 07377644) as an Independent Director.**

To consider and if thought fit, to pass with or without modification(s), the following resolution **as an Ordinary Resolution:**

**"RESOLVED THAT,** pursuant to the provisions of Sections 149, 150, 152 and other applicable provisions, if any, of the Companies Act, 2013 ("the Act") read with Schedule IV to the Act (including any statutory modification(s) or re-enactment(s) thereof, for the time being in force) and the Companies (Appointment and Qualification of Directors) Rules, 2014, as amended from time to time, and pursuant to the recommendation of the Nomination & Remuneration Committee and the Board of Directors, Sri. Mohandas Parayath (DIN: 07377644), who was appointed as Additional Director on 11.07.2022 and who has submitted a declaration that he meets the criteria for independence as provided under Section 149(6) of the Act and who is eligible for appointment, and in respect of whom the Company has received a notice in writing under Section 160(1) of the Act signifying the intention to propose Sri. Mohandas Parayath's candidature for the office of Director, be and is hereby appointed as an Independent Director of the Company, not liable to retire by rotation, for a term of five consecutive years commencing from 28.09.2022."

**"RESOLVED FURTHER THAT,** the Board of Directors of the Company (including its Committee thereof), be and are hereby authorized to do all such acts, deeds, matters and things as may be considered necessary, desirable or expedient to give effect to this resolution."

ഈ പ്രമേയവും 12,33,014 വോട്ട് ന്റെ അനുകൂലമായിട്ട്, എതിർ വോട്ട് ഇല്ല, അംഗീകരിച്ചിരിക്കുന്നു.

5. **Appointment of Smt. Rajimol P.R (DIN: 09695805) as an Independent Director.**

To consider and if thought fit, to pass with or without modification(s), the following resolution **as an Ordinary Resolution:**

**"RESOLVED THAT,** pursuant to the provisions of Sections 149, 150, 152 and other applicable provisions, if any, of the Companies Act, 2013 ("the Act") read with Schedule IV to the Act (including any statutory modification(s) or re-enactment(s) thereof, for the time being in force) and the Companies (Appointment and Qualification of Directors) Rules, 2014, as amended from time to time, and pursuant to the recommendation of the Nomination & Remuneration Committee and the Board of Directors, Smt. Rajimol P.R (DIN: 09695805), who was appointed as Additional Director, Non- Executive and Independent in the Board Meeting held on 24.08.2022 and who has submitted a declaration that she meets the criteria for independence as provided under Section 149(6) of the Act and who is eligible for appointment, and in respect of whom the Company has received a notice in writing under Section 160(1) of the Act signifying the intention to propose Smt. Rajimol P.R's candidature for the office of Director, be and is hereby appointed as an Independent Director of the Company, not liable to retire by rotation, for a term of five consecutive years commencing from 24.08.2022."

**"RESOLVED FURTHER THAT,** the Board of Directors of the Company (including its Committee thereof), be and are hereby authorized to do all such acts, deeds, matters and things as may be considered necessary, desirable or expedient to give effect to this resolution."

ഈ പ്രമേയവും തുടർന്നുള്ള മറ്റെല്ലാ പ്രമേയവും 12,33,014 വോട്ടിന്റെ അനുകൂലവും, എതിർ വോട്ടുകൾ ഇല്ലാതെ പാസ് ആയിട്ടുള്ളതാണ്.

6. **Appointment of Sri. Muraleedharan (DIN: 08607833) as Managing Director.**

To consider and, if thought fit, to pass with or without modification(s), the following resolution as **an Ordinary Resolution:**

**"RESOLVED THAT,** pursuant to the provisions of sections 152, 196, 197, 198, 203 and other applicable provisions, if any, of the Companies Act, 2013, (hereinafter referred to as the 'Act') read with schedule V to the Act (including any amendment(s), statutory modification(s), variation(s) and/or re-enactment(s) for the time being in force) and the Companies (Appointment and Remuneration of Managerial Personnel) Rules, 2014, as amended from time to time and the Articles of Association of the Company and based on the recommendation of Nomination and Remuneration Committee and the Board of Directors and subject to such other approvals as may be necessary, consent of the members be and is hereby accorded for appointment of Sri. Muraleedharan (DIN: 08607833) as Managing Director ('MD') of the Company for a term commencing from 1st January 2022 till 22nd October 2024, upon the terms and conditions of appointment including payment of remuneration as follows:

**(i)** Salary 65,000/- pm.
**(ii)** Reimbursement of monthly charges for phone bill.
**(iii)** Allowances for travel/on duty/leave as applicable to GM cadre as actual as applicable.
**(iv)** Variable pay to be paid as decided by the Board.
**(v)** All other terms and conditions of his employment be decided by the Board from time to time.

**"RESOLVED FURTHER THAT** the Board of Directors of the Company (including its Committee thereof), be and are hereby authorized to do all such acts, deeds, matters and things as may be considered necessary, desirable or expedient to give effect to this resolution."

ഈ പ്രമേയവും അംഗീകരിച്ചതായി പറയുന്നു.

7. **Appointment of Sri. Pazhanikutty Swaminathan (DIN: 0009704625) as Director.**

To consider and, if thought fit, to pass with or without modification(s), the following resolution as **an Ordinary Resolution:**

**"RESOLVED THAT,** pursuant to the recommendation of Nomination and Remuneration Committee, provisions of Sections 152, 161 and all other applicable provisions of the Companies Act, 2013 ("the Act") and the Companies (Appointment and Qualification of Directors) Rules, 2014 (including any statutory modification (s) or re-enactment thereof for the time being in force), and the Articles of Association of the Company, Sri. Pazhanikutty Swaminathan (DIN: 0009704625), who was appointed as an Additional Director of the Company by the Board of Directors on 24.08.2022 and who holds office only upto the date of this Annual General Meeting in terms of section 161 of the Companies Act, 2013 and who is eligible for appointment and who has consented to act as Director and in respect of whom the company has received notice in writing from a member under section 160 of the Act proposing the candidature of Sri. Pazhanikutty Swaminathan for the Office of Director, be and is hereby appointed as a Non- Executive (Non- Independent) Director of the Company, liable to retire by rotation."

**"RESOLVED FURTHER THAT,** the Board of Directors of the Company (including its Committee thereof), be and are hereby authorized to do all such acts, deeds, matters and things as may be considered necessary, desirable or expedient to give effect to this resolution."

ഈ പ്രമേയവും അംഗീകരിച്ചിരിക്കുന്നു. ഇനി അവസാനത്തെ പ്രമേയം.

8. **To authorize Board of Directors to appoint Branch Auditors and to fix their remuneration**

To consider and, if thought fit, to pass with or without modification(s), the following resolution as **an Ordinary Resolution:**

**"RESOLVED THAT,** pursuant to section 143(8) of the Companies Act, 2013, the accounts for the year ending 31st March, 2023 of the Company's branch offices be audited by such persons, other than the Company's Auditor, as are qualified for appointment as Auditors of the Company under section 139 of the Companies Act, 2013, and the Board of Directors be and is hereby authorized to appoint such Branch Auditors in consultation with the Company's Auditor on such terms and conditions and on such remuneration as may be fixed by the Board."

ഈ പ്രമേയവും അതെ വോട്ടിനു അംഗീകരിച്ചിരിക്കുന്നു.

Thank you.

## ചെയർമാൻ:

അപ്പോൾ വളരെ സന്തോഷം നമ്മുടെ annual general body , നമ്മുടെ ഇന്നത്തെ ഈ ദിവസം ഇവിടെ സമംഗളം പര്യവസാനിക്കുകയാണ്.ഈ യോഗത്തിൽ എല്ലാ സ്ഥലത്തും ഓൺലൈൻ ആയിട്ടും ഒക്കെ പങ്കെടുത്ത് എല്ലാവരും സഹകരിച്ചതിനു ബോർഡിൻറെ പേരിൽ എല്ലാവരോടും നന്ദി പറയുന്നു. എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നതിന് വേണ്ടി നമ്മളുടെ ബോർഡിൻറെ മെമ്പർ സീനിയർ ചാർട്ടേർഡ് അക്കൗണ്ടൻറ് ആയ മോഹൻദാസ് പറയത്തു അവർകളെ ക്ഷണിക്കുന്നു.

## മോഹൻദാസ് സാർ

പ്രിയപ്പെട്ട ചെയർമാൻ, മാനേജിങ് ഡയറക്ടർ, മറ്റു ഡയറക്ടർ ബോർഡ് അംഗങ്ങളെ, ബഹുമാനപ്പെട്ട ഓഹരി ഉടമകളെ, ഇവിടെ സന്നിഹിതരായിട്ടുള്ള സ്റ്റാഫ് അംഗങ്ങളെ, കെ.പി.ബി.യുടെ അഭ്യുദയകാംക്ഷികളെ എല്ലാവർക്കും എന്റെ

വിനീതമായ നമസ്കാരം. മുപ്പത്തിമൂന്നാമതു ഓഹരി ഉടമകളുടെ യോഗം ഇവിടെ ഭംഗിയായി പര്യവസാനിക്കുകയാണ്. ഈ ഓഹരി ഉടമകളുടെ യോഗത്തിൽ പങ്കെടുത്ത എല്ലാ ഓഹരി ഉടമകളെയും അഭിനന്ദിക്കുകയും അവർക്കു എല്ലാ വിധത്തിലുള്ള ആശംസകൾ നേർന്നും ഈ യോഗത്തിൽ സജീവമായി പങ്കെടുത്തതിന് എല്ലാ വിധത്തിലുള്ള നന്ദി രേഖപ്പെടുത്തുന്നു. ഈ ഓഹരി ഉടമകളുടെ യോഗത്തിൽ സന്നിഹിതരായി വേണ്ട നിർദേശങ്ങൾ നല്കുകയും ഓഹരി ഉടമകളെ അഭിസംബോധന ചെയ്ത നമ്മളുടെ പ്രിയപ്പെട്ട ചെയർമാൻ ശ്രീ എ.ർ. മോഹൻജിക്ക് ഔപചാരികതയുടെ പേരിലും ഡയറക്ടർ ബോർഡ് അംഗങ്ങളുടെ പേരിലും ഓഹരി ഉടമകളുടെ പേരിലും ഹാർദ്ദവമായ നന്ദി രേഖപ്പെടുത്തട്ടെ.

ഈ കമ്പനിയുടെ സാരഥ്യം വഹിച്ചു പ്രശസ്തമായ രീതിയിൽ ഇതിനെ നയിച്ച് കൊണ്ട് പോകുന്ന ഇപ്പോഴത്തെ മാനേജിങ് ഡയറക്ടർക്കു, ശ്രീ മുരളീധരൻ അവർകൾക്കു എല്ലാ വിധത്തിലുള്ള ആശംസകളും നേരുന്നു. നന്ദിയും രേഖപ്പെടുത്തട്ടെ. ഇവിടെ സന്നിഹിതരായിട്ടുള്ള മുൻ ചെയർമാന്മാരും മുൻ മാനേജിങ് ഡയറക്ടർമാരും എല്ലാ വിധത്തിലും പ്രശംസനീയമായ വിധത്തിൽ ഈ സ്ഥാപനത്തെ കൈ പിടിച്ചുയർത്തി ഈ നിലയിലേക്ക് കൊണ്ട് വന്നതിനും അവർക്കും നമുക്ക് വേണ്ട മാർഗനിർദേശങ്ങൾ ഇപ്പോഴും നമുക്ക് നൽകാൻ സന്നിഹിതരായിട്ടുള്ള അവരെ എല്ലാ വിധത്തിൽ ഓർത്തു കൊണ്ടും അവർക്ക് എല്ലാ വിധത്തിലും ആശംസകൾ നേർന്നു കൊണ്ടും അവർക്കുള്ള എൻറെ വിനീതമായ നന്ദി രേഖപ്പെടുത്തട്ടെ. ഇവിടെ സന്നിഹിതരായിട്ടുള്ള മറ്റു ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും എല്ലാ വിധത്തിലുള്ള ആശംസകളും നന്ദിയും നേർന്നു കൊണ്ടും, നമ്മുടെ ഓഡിറ്റേഴ്സും ഇവിടെ എത്തിയിട്ടുണ്ട്. കമ്പനി സെക്രട്ടറിക്കും, പിരിഞ്ഞു പോകുന്ന കമ്പനി സെക്രട്ടറിക്കും വരാൻ പോകുന്ന കമ്പനി സെക്രട്ടറിക്കും, എല്ലാ വിധത്തിലുള്ള ആശംസകളും നേർന്നു കൊണ്ടും പ്രത്യേകിച്ച് ജനറൽ മാനേജർ ജയക്കും എല്ലാം സ്റ്റാഫ് അംഗങ്ങൾക്കും ഒക്കെ എല്ലാ വിധത്തിലുള്ള ആശംസകൾ നേർന്നു കൊണ്ടും അവരുടെ പ്രെസെൻസും അവരുടെ വിലയേറിയ സാന്നിധ്യം എപ്പോഴും എപ്പോഴും ഈ കമ്പനിക്ക് ഉണ്ടാവും എന്ന പ്രതീക്ഷയോടെ എല്ലാ വിധത്തിലുള്ള നന്ദി ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തട്ടെ. ഇവിടെ വന്നു ചേരാൻ സാധിക്കാത്ത, എനിക്ക് തോന്നുന്നു, നമ്മുടെ എണ്പത്തിമൂന്നു ബ്രാഞ്ചിലെയും മിക്കവാറും എല്ലാവരും ഐ.ടി., ലിങ്ക് ആയിട്ടൊക്കെ ബന്ധപെട്ടു നമ്മുടെ ഈ യോഗം വീക്ഷിക്കുന്നുണ്ടാവും. അങ്ങനെ എല്ലാവർക്കും നമ്മുടെ എല്ലാ സ്റ്റാഫ് അംഗങ്ങൾക്കും എല്ലാ വിധത്തിലുള്ള അനുഗ്രഹവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നന്ദി, നമസ്കാരം.

യോഗം സമംഗളം പര്യവസാനിച്ചിരിക്കുന്നു.

..E voting

KPB Nidhi Ltd.

Approved by Govt. of India-ESTD 1989

KPB Mandir,Sangeetha Sabha Road,Aluva-683101. Phone:0484-2922000,2922060

CIN:U65991KL1989PLC005448 headoffice@kpbnidhi.com,www.kpbnidhi.com

**E- VOTE COUNTING**

| Sl No. | Category | Mode of Voting | Resolution No.1 | Resolution No.2 | Resolution No.3 | Resolution No.4 | Resolution No.5 | Resolution No.6 | Resolution No.7 | Resolution No.8 | Resolution No.9 |
|---|---|---|---|---|---|---|---|---|---|---|---|
| | | | Ordinary Resolution | Ordinary Resolution | Ordinary Resolution | Ordinary Resolution | Ordinary Resolution | Ordinary Resolution | Ordinary Resolution | Ordinary Resolution | Ordinary Resolution |
| I | Promoter and Promoter Group | E- Mail-Poll | NIL | NIL | NIL | NIL | NIL | NIL | NIL | NIL | NIL |
| II | Public-Non Institutions-Individuals-Nominal share capital upto Rs. 1 Lac | E- Mail-Poll | 2,74,133 | 2,74,133 | 2,74,133 | 2,58,602 | 2,74,133 | 2,74,133 | 2,74,133 | 2,74,133 | 2,74,133 |
| | | DISSENT | 0 | 0 | 0 | 13731 | | 0 | 0 | 0 | 0 |
| | | | | | | | | | | | |
| III | Public-Non -Institutions-Individuals-Nominal share capital exceeding Rs. 1 Lac | E- Mail-Poll | 9,58,881 | 9,58,881 | 9,58,881 | 9,20,185 | 9,58,881 | 9,58,881 | 9,58,881 | 9,58,881 | 9,58,881 |
| | | DISSENT | 0 | 0 | 0 | 38696 | 0 | 0 | 0 | 0 | 0 |
| | | | 12,33,014 | 12,33,014 | 12,33,014 | 11,78,787 | 12,33,014 | 1233014 | 12,33,014 | 12,33,014 | 12,33,014 |